# മലയാളരാജ്യം
ആഴ്ചപ്പതിപ്പ്




THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII — As. 2 — No. 249

27th March 1950

# അമേരിക്കയിൽ ഒരു മൂന്നാം രാഷ്ട്രീയ കക്ഷിക്കുള്ള സാദ്ധ്യതകൾ

എൻ. ബാലകൃഷ്ണൻനായർ, സെറക്യൂസ് യൂണിവേഴ്സിററി,
ന്യൂയാക്ക്, അമേരിക്ക

ഡമോക്രസിക്ക് ഒരു രാജ്യത്തു ശരിയായി അതിൻെറ പ്രവൎത്തനം നടത്തുന്നതിനു രണ്ടിൽകൂടുതൽ രാഷ്ട്രീയകക്ഷികൾ ഒരു അടസ്ഥാകുമോ എന്ന ചോദ്യം ഒരു വാദവിഷയമാണ്. സാധാരണ ഈ ലോകത്തു പ്രവൎത്തിക്കുന്ന ഡമോക്രസികളിൽ രണ്ടും അതിൽ കൂടുതലും കക്ഷികൾ രാഷ്ട്രീയാന്തരീക്ഷത്തിലുണ്ട്. എന്നാൽ ഇന്നത്തെലോകത്തു രാഷ്ട്രീയകക്ഷികളുടെ എണ്ണം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. ഇതു കൂടുതൽ പ്രകടമായിരിക്കുന്നതു കമ്യൂണിസ്ററ്രാജ്യങ്ങളിലാണ്. ഇതിനുള്ള കാരണം കമ്യൂണിസ്ററ്പാർട്ടി ഒന്നിൽ കൂടുതൽ കക്ഷികളിൽ വിശ്വസിക്കുന്നില്ല എന്നുള്ളതാണ്. അതുകൊണ്ടു കമ്യൂണിസ്ററ്പാർട്ടി അല്ലാതെ ഒരു രാഷ്ട്രീയകക്ഷി അവിടെ പ്രവൎത്തിക്കാൻ അനുവദിക്കുകയില്ല.

**ഡമോക്രാററിക്ക് കക്ഷി**

എന്നാൽ ഇപ്രകാരമുള്ള ഒരു ഗതി പാശ്ചാത്യഡമോക്രസികളിലും ഇന്നു നമുക്കു കാണുവാൻ കഴിയുന്നുണ്ട്. ഇംഗ്ലണ്ടിൻെറ കാൎയ്യംതന്നെ നോക്കുകയാണെങ്കിൽ, അവിടെ വളരെക്കാലങ്ങളായി ശക്തിയേറിയ ഒരു കക്ഷിയായിരുന്ന ലിബറൽപാർട്ടി ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പോടുകൂടി ഏകദേശം തിരോധാനം ചെയ്തു. നൂറ്റി സീററുകളുള്ള പാർലമെൻറിൽ അവൎക്കു ൯ സീററുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. അടുത്ത തെരഞ്ഞെടുപ്പിൽ ൧ ക്കവാറും ഇപ്പോഴുള്ള ഒൻപതു സീററുകളുംകൂടി അവൎക്കു നഷ്ടമാകുവാനാണിടയുള്ളതു്.

അമേരിക്കയിലാണെങ്കിൽ ആദ്യകാലംമുതല്ക്കുതന്നെ പ്രബലമായ രണ്ടു കക്ഷികൾ മാത്രമേ രാഷ്ട്രീയാന്തരീക്ഷത്തിൽ ശരിയായി പ്രവൎത്തിച്ചിട്ടുള്ളൂ. അവിടെ ഇപ്പോഴുള്ള രണ്ടു പ്രബലകക്ഷികൾ റിപ്പബ്ലിക്കൻപാർട്ടിയും, ഡമോക്രാററിക്ക്പാർട്ടിയുമാണ്. കൂടാതെ കമ്യൂണിസ്ററ്പാർട്ടി, സോഷ്യലിസ്ററ്പാർട്ടി എന്നിവയും ഇവിടെ പ്രവൎത്തനം നടത്തുന്നുണ്ട്. എന്നാൽ ൧൯൪൮-ലെ അദ്ധ്യക്ഷതിരഞ്ഞെടുപ്പോടുകൂടി ഒരു പുതിയ പാർട്ടി ആവിർഭവിച്ചു. അതിൻെറ പേരു് പ്രോഗ്രസീവ് പാർട്ടി എന്നാണ്. ഈ പാർട്ടികളുടെ കൂട്ടത്തിൽ ഏററവും പഴക്കമുള്ളതു് ഡമോക്രാററിക്ക്പാർട്ടിയാണ്. ഈ പാർട്ടിയുടെ സ്ഥാപകൻ അമേരിക്കൻ ഡമോക്രസിയുടെ പിതാവെന്നു അറിയപ്പെടുന്ന തോമസ് ജഫേഴ്സൻ ആണ്. അദ്ദേഹത്തെ തുടൎന്നു പ്രസിഡിസ്ഥാനം വഹിച്ച അനേകം പ്രസിഡണ്ടന്മാർ ഡമോക്രാററിക്ക് പാർട്ടിയിൽനിന്നുണ്ടായി. വളരെ അടുത്ത കാലത്തു്, അഖിലലോക പ്രശസ്തിസമ്പാദിച്ച ആളും ൧൯൩൨ മുതൽ ൧൯൪൫ വരെ നീണ്ടുനിന്ന ലോകവ്യാപ്തിയെ മാന്ദ്യത്തിൽനിന്നും അമേരിക്കയെ രക്ഷിച്ച ആളുമായ പ്രസിഡണ്ട് റൂസ്‌വെൽററും ഈ കക്ഷിയുടെ നേതാവായിരുന്നു. ഇപ്പോഴത്തെ പ്രസിഡണ്ടും, കോൺഗ്രസ്സിലെ ഭൂരിപക്ഷകക്ഷിയും ഡമോക്രാററിക്ക് കക്ഷിയുടേതുമാണ്. പ്രസിഡണ്ട് ട്രൂമൻ അദ്ദേഹത്തിൻെറ മുൻഗാമിയായ മി. റൂസ്‌വെൽററ് ഉന്നയിച്ച ന്യൂഡീൽ (New deal) എന്ന പുതിയ സമ്പ്രദായംതന്നെയാണ് തുടരുന്നതു്.

**റിപ്പബ്ലിക്കൻ കക്ഷി**

റിപ്പബ്ലിക്കൻ പാർട്ടിയുടെ കാൎയ്യമെടുത്താൽ അതു ഡമോക്രാററിക്ക് കക്ഷിയോടൊപ്പം പഴക്കംസിദ്ധിച്ചിട്ടുള്ള ഒരു കക്ഷിയല്ല. എങ്കിലും ഒരു നൂററാണ്ടോളത്തെ പഴക്കം ഇതിനുണ്ട്. ഈ പാർട്ടിയിൽനിന്നും പ്രസിഡിസ്ഥാനമേറ്റ ധാരാളം പ്രസിഡണ്ടന്മാർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി എബ്രഹാംലിങ്കൺ, ടെഡി റൂസ്‌വെൽററ് മുതലായവർ ഈ പാർട്ടിയുടെ നേതാക്കന്മാരായിരുന്നു. ഈ പാർട്ടിക്കു ആദ്യകാലം മുതൽതന്നെ, സാധാരണക്കാരിൽനിന്നും അല്ല അല്പം സമ്പാദ്യമുള്ള ആളുകളിൽനിന്നുമാണ് അധിക സഹായവും സഹകരണവും ലഭിച്ചിട്ടുള്ളതും ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നതും.

**കമ്മ്യൂണിസ്ററ് കക്ഷി**

കമ്യൂണിസ്ററ്പാർട്ടി ഇപ്പോഴും ഇവിടെ പ്രവൎത്തനം നടത്തിവരുന്നുണ്ട്. എന്നാൽ അടുത്ത കാലം മുതൽ ഈ പാർട്ടിയോടുള്ള ഗവണ്മെൻറ്മനോഭാവവും ധാരാളമായുള്ള ജനങ്ങളുടെ സഹകരണവും വളരെ കുറഞ്ഞുവരുന്നതായിട്ടാണ് കാണപ്പെടുന്നതു്. അതിനുള്ളപ്രധാനകാരണം ഈപാർട്ടിയോടുള്ള ഗവണ്മെൻറ്മനോഭാവവും അതിനെ ഉടച്ചുന്നതിനുള്ള ഗവണ്മെൻറിൻെറ ശ്രമങ്ങളും ആണ്. ഉദാഹരണമായി കാപ്പൂമാസത്തെ ക്കമെന്നു് ഈ പാർട്ടിയുടെ പ്രധാനനേതാക്കന്മാരിൽ ൧൧ പേരുടെ പേരിൽ "അക്രമം കൊണ്ടു് ഇപ്പോഴുള്ള ഗവണ്മെൻറിനെ തകിടം മറിക്കുന്നതിനു് ജനങ്ങളെ പ്രേരിപ്പിക്കുന്നവെന്നുള്ള കുററംചുമത്തി ശിക്ഷിച്ചു. കൂടാതെ ഈ പാർട്ടിയോടു അനുഭാവമുള്ള ഇതരപാർട്ടികളേയും ഉദ്യോഗസ്ഥന്മാരെയും ഗവണ്മെന്റ് പാർട്ടികളാണെന്നുള്ള കുററങ്ങൾചുമത്തി ഒഴിച്ചുവിടുകയും പാർട്ടികളിൽ ചേരുന്നവരേയും അവരുമായി അനുഭാവം പ്രകടിപ്പിക്കുന്നവരേയും ആയ ആളുകൾക്കു ഗവണ്മെൻറ് ഉദ്യോഗങ്ങൾ എന്നെന്നേക്കുമായി നിഷേധിക്കുകയുംചെയ്തു. കമ്യൂണിസ്ററുകാരനെന്നു ആരെങ്കിലും അറിയുന്നതു് വളരെ ആപല്ക്കരവും നിന്ദ്യവുമായ ഒരു കാൎയ്യമായിട്ടാണ് പരിഗണിക്കപ്പെടുന്നതു്.

**സോഷ്യലിസ്റ്റ് കക്ഷി**

സോഷ്യലിസ്റ്റ്പാർട്ടി എന്ന പേരിനാൽ അറിയപ്പെടുന്ന ഒരു പാർട്ടിയും ഇവിടെ പ്രവൎത്തിച്ചുവരുന്നുണ്ട്. എന്നാൽ ഇതിനു് വളരെ തുച്ഛമായ ഒരു സ്ഥാനം മാത്രമാണുള്ളതു്. എന്തെന്നാൽ ശരിയായ ഏതെങ്കിലും കാൎയ്യപരിപാടിയോ തീവ്രമായ പ്രവൎത്തനമോ അതിൻെറ പ്രവൎത്തകന്മാർ നടത്തുന്നതായി കാണപ്പെടുന്നില്ല. എന്നാൽ സോഷ്യലിസത്തിൽ വിശ്വസിക്കുന്നവരും അതിനു വളരെ സഹായങ്ങൾ നല്കുന്നവരുമായ ധാരാളം വിദ്യാസമ്പന്നരും ബുദ്ധിമാന്മാരും ഉണ്ട്. ഉദാഹരണമായി ലോകപ്രശസ്തിസമ്പാദിച്ച ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റയിൻ ഇതിൻെറ വലിയ ഒരു സഹായിയാണ്. ഈ പാർട്ടിയുടെ നേതാവു് മി: നാർമൻ തോമസ് ആണ്. ഇദ്ദേഹം കഴിഞ്ഞ ആറുപ്രാവശ്യമായി പ്രസിഡണ്ട് സ്ഥാനാർത്ഥിയായി നിന്നിട്ടുണ്ട്. എന്നാൽ ആറുപ്രാവശ്യവും ശ്രമം വിഫലമായിപ്പോകുകയാണു ചെയ്തിട്ടുള്ളതു്.

അവസാനമായി ൧൯൪൮-ലെ എലക്ഷനോടുകൂടി ആവിർഭവിച്ചതു് പ്രോഗ്രസീവ്പാർട്ടിയാണ്. ഈ പാർട്ടിയെ മുൻപിലേക്കു കൊണ്ടുവരുന്നതിനു ശ്രമിച്ചതു് മുൻപു പ്രസിഡണ്ട് റൂസ്‌വെൽട്ടിൻെറ വൈസ്പ്രസിഡണ്ടായിരുന്ന ഹെൻറിവാലസ് ആണ്. അദ്ദേഹവും കഴിഞ്ഞ എലക്ഷനിൽ ഒരു സ്ഥാനാൎത്ഥിയായിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ ശ്രമവും വിഫലമാകുകയാണ് ചെയ്തതു്. മി: വാലസിനു എലക്ഷൻെറ ഫലത്തെപ്പററി വലിയ വ്യാമോഹമൊന്നുമില്ലായിരുന്നു. അദ്ദേഹത്തിൻെറ ഉദ്ദേശം ഒരു നൂതനപാർട്ടിയെ രാഷ്ട്രീയ അന്തരീക്ഷത്തിൽ കൊണ്ടുവരണമെന്നുള്ളതായിരുന്നു. പക്ഷേ അദ്ദേഹം സഹകരണത്തിനുവേണ്ടി കമ്യൂണിസ്റ്റ്പാർട്ടിയോടും അതിനോടു അനുഭാവമുള്ള പാർട്ടികളോടും തിരിയേണ്ടതായിവന്നു. കൂടാതെ അദ്ദേഹം റഷ്യയോടു കുറെ അനുഭാവമനോഭാവം അന്നു പ്രകടിപ്പിക്കുകയും അമേരിക്കയാണ് ഈ "ശീതയുദ്ധം" അഴിച്ചുവിട്ടതെന്നും മററും വാദിച്ചുകൊണ്ടുനടക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ അന്നത്തെ കമ്യൂണിസ്റ്റ് അനുഭാവമനോഭാവം പ്രതികൂലഫലങ്ങളാണുണ്ടാക്കിയതു്. എന്നാൽ ആ മനോഭാവം ഇപ്പോൾ അല്പം ഭേദപ്പെട്ടിട്ടുണ്ട്. അതിനുള്ള കാരണം പാർട്ടി ഒരു കമ്യൂണിസ്റ്റ്മുൻനിരയാണെന്നുള്ള ഗവണ്മെൻറിൻെറ ആരോപണം അഴിച്ചുമാററണമെന്നുള്ളതാണ്. കഴിഞ്ഞ ഫെബ്രവരി ൨൪-ാംതീയതി ചിക്കാഗോവിൽവച്ചുനടന്ന പാർട്ടിയുടെ കൺവെൻഷനിൽവച്ച് അദ്ദേഹം റഷ്യയുടെ വിദേശനയത്തെ അല്പമായി വിമൎശിക്കുകയും, പാർട്ടി അദ്ദേഹത്തിൻെറ ഈ നയത്തോടു യോജിപ്പുള്ള പ്രമേയങ്ങൾ പാസ്സാക്കുകയുംചെയ്തിട്ടുണ്ട്. എന്നാൽ ഈ പാർട്ടി എത്രകണ്ടു മുൻപോട്ടു വരുമെന്നുള്ളതു് കണ്ടറിയേണ്ടതാണ്. ഈ പാർട്ടിയും അല്പായുസ്സാണെന്നാണ് തോന്നുന്നതു്. അതിനുള്ള കാരണം ഒന്നാമതായി, കമ്യൂണിസ്റ്റ്പാർട്ടിക്കു് ശരിയായും ഭയംകൂടാതെയും പ്രവൎത്തനം നടത്തുന്നതിനുള്ള സന്ദർഭം ലഭിക്കുകയാണെങ്കിൽ ഈ പാർട്ടിയുടെ അനുഭാവികളുടെ സംഖ്യ ചുരുങ്ങിപ്പോകുമെന്നുള്ളതാണ്. രണ്ടാമതായി ഈപാർട്ടിക്കു് ശരിയായ ഒരു പശ്ചാത്തലം ഇല്ല. കമ്യൂണിസം അല്ല, സോഷ്യലിസം അല്ല, എന്നാൽ മുതലാളിത്തവും അല്ല, പിന്നെയെന്താണ്? വാസ്തവം പറയുകയാണെങ്കിൽ ധാരാളം ആളുകൾക്കു ഈ പാർട്ടി എവിടെയാണെന്നും എന്തിനാണ് നില്ക്കുന്നതെന്നും അറിയാൻപാടില്ല.

ഈ പരിതഃസ്ഥിതികളിൽ മൂന്നാമതായി ഒരു പാർട്ടിഉണ്ടാകുന്നമെങ്കിൽ അതു് ഒരു സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ളതായിരിക്കണം. പക്ഷേ ഈ അടിസ്ഥാനത്തിലുള്ള ഒരു പാർട്ടിയുടെ വളൎച്ചയ്ക്കു ഇവിടെ വലിയ പ്രതിബന്ധങ്ങളുണ്ടുള്ളതു്. ഇവിടത്തെ ജനങ്ങൾക്കു് മററുരാജ്യങ്ങളിലുള്ള യാതൊരു വിഷമതകളും ഇല്ല എന്നതാണു് മിക്കവാറും ഓരോരുത്തൎക്കും ജീവിതാവശ്യമെന്നതിനെക്കുറിച്ചു പറയാനൊന്നും അറിയാൻപാടില്ല. 'അമേരിക്കൻ ജീവിതരീതി'യാണെങ്കിൽ അതു് ലോകത്തിലേക്കുവച്ചു ഏററവും നല്ലതു് എന്നുള്ള ഒരു മനോഭാവവും ദൃഢവിശ്വാസവും ജനങ്ങളിൽ ഉത്ഭവിച്ചിട്ടുണ്ട്. കൂടാതെ സോഷ്യലിസത്തിനു വിരുദ്ധമായ ശക്തമായ ഇതരപ്രചരണങ്ങളും മററുകാരണങ്ങളുമുണ്ട്. റഷ്യയ്ക്കു വിരുദ്ധമായിട്ടുള്ളതും അവിടത്തെ ജനങ്ങൾക്കു് രാഷ്ട്രീയസ്വാതന്ത്ര്യം ഇല്ലെന്നുള്ള പ്രചരണങ്ങളും ജനങ്ങളെ സോഷ്യലിസത്തിൽ വിശ്വാസമില്ലാതാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നു സോഷ്യലിസം ശരിയായി പരീക്ഷിച്ചിട്ടുള്ളതായ റഷ്യയിൽ അതു വിഫലമായിത്തീൎന്നിരിക്കുകയാണെന്നാണ് ഇവിടെ ജനങ്ങളെ പഠിപ്പിച്ചുവരുന്നതു്. അതുകാരണം സോഷ്യലിസം എന്നുള്ള വാക്കുതന്നെ ഒരു വിഷബീജമായിട്ടാണ് ധാരാളം ആളുകൾ കരുതിവരുന്നതു്. എന്നാൽ ഇതിൽ ഒരു രസകരമായ രഹസ്യം ഉണ്ട്. മി: റൂസ്‌വെൽററിൻെറ 'ന്യൂഡീൽ' പ്രസ്ഥാനത്തിൻെറ മൂലതത്വങ്ങളും സോഷ്യലിസത്തിൻെറ മൂലതത്വങ്ങളും തമ്മിൽ വലിയ വ്യത്യാസങ്ങളൊന്നുംതന്നെ ഇല്ല. ഇപ്പോഴത്തെ പ്രസിഡണ്ടിൻെറ നയവും അദ്ദേഹത്തിൻെറ മുൻഗാമിയുടെ നയംതന്നെയാണ്. ഇപ്പോഴത്തെ പ്രസിഡണ്ട് അതിനു് 'ഫെയർഡീൽ' എന്നാണ് പേരിട്ടതു്. അദ്ദേഹത്തിൻെറ നയങ്ങളും സോഷ്യലിസ്ററ്രീതിയിൽതന്നെയുള്ളതാണ്. ഈ നയം കുറച്ചുകാലം തുടരുകയാണെങ്കിൽ അവസാനമായി നാം വിഭാവനചെയ്യുന്ന ഒരു സോഷ്യലിസ്ററ്രാജ്യം നമുക്കു് ഇവിടെ കാണാൻകഴിഞ്ഞെന്നുംവരും. ഈ നയങ്ങൾ സോഷ്യലിസ്ററ്നയങ്ങൾതന്നെയാണെന്നു് ജനങ്ങൾ സമ്മതിക്കും. എന്നാൽ അതിനെ സോഷ്യലിസമെന്നു പറയുവാൻ അവർ മടിക്കും. എന്തെന്നാൽ മുൻപു പറഞ്ഞതുപോലെ ആ വാക്കു അവരെ സംബന്ധിച്ചിടത്തോളം ഒരു വിഷബീജംപോലെയാണ്. അതുകൊണ്ടു് ഒരു സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ, ആ പേരിനാൽ അറിയപ്പെടാത്ത ഒരു പാർട്ടിക്കുമാത്രമേ ഒരു സ്ഥാനം കാണുന്നുള്ളൂ.

—൦—

അമേരിക്കയിൽ ഒരു മൂന്നാംരാഷ്ട്രീയകക്ഷിക്കുള്ള സാദ്ധ്യതകളെപ്പററി ന്യൂയാക്കിലെ സൈരക്യൂസ് യൂണിവേഴ്സിററിയിൽ പഠിക്കുന്ന ശ്രീ: എൻ. ബാലകൃഷ്ണൻനായർ (കൊല്ലം) ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഓരോ കക്ഷിയുടെയും നിലയെപ്പററി ചൎച്ചചെയ്തിട്ടുള്ള കൂട്ടത്തിൽ സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ളതും എന്നാൽ ആ പേരിനാൽ അറിയപ്പെടാത്തതുമായ ഒരു കക്ഷിക്കു് മൂന്നാം രാഷ്ട്രീയകക്ഷിയായും ഒരുപക്ഷെ അമേരിക്കയിലെ പ്രമുഖകക്ഷിയായും വൎത്തിക്കുവാൻ സാധിച്ചേക്കുമെന്നും ലേഖകൻ സമൎത്ഥിക്കുന്നു.

---

ബാലപംക്തി.

## കൂട്ടിൽനിന്നുപോകുന്ന കിളിയോട്

—:*:—

(വസുമതിഅമ്മ — വിദ്യാൎത്ഥിനി)

പുലർകാലത്തിൽ പുതുമയിൽഞാൻ
പതിവായ്ക്കാണും നിൻകൂട്;
അതുപൊട്ടുന്നൻ്റൊരാണത്തിൽ
ചോദ്യംപലതുമുദിപ്പുക്കും.
മാമലവായുപ്പോലെ നീ
കൂട്ടുംകൂടിപ്പോകുന്നോ
ഉടകളുമത്താൽപാടുന്നോ
മോഹിക്കില്ലപാരാവന്നി!
വിളവന്നീടുംപാടത്തിൽ
നെന്മണികൊത്തിത്തിന്നാനോ?
തത്തിതത്തിനടക്കുന്നോ?
പൊരുതെല്ലാങ്ങളയാത്രയോ?
പെരുംകാററാത്തുപറക്കുന്നോ
ചെറുശലഭത്തെത്തിന്നാനോ
ഉലകിൻമോടികൾകാണാനോ
പോയീടുന്നപാരാവന്നി.
അലപോലുള്ളോന്നാശകളിൻ
കൂട്ടിൻവാതിൽഇരുത്തീടാം
ലോകമതിൽനീ പീഡിക്കാൻ
പോയീടേണംവെയ്ക്കാതെ
നയനമനോഹരമാകിലുമീ
ലോകത്തില്ലൊരുശാന്തിയുമേ
ഞങ്ങൾക്കെനമ്മനാൻമുഗമേക്കും
പേ..ങ്ങളുഭയനകിലാവുമോ.
ഇനിയൊരുകാലംതീൎന്നാനാം-
കാലത്തിൽജീവിക്കാൻ
ഞാനുംനീയുംകൂടിടുകിൽ
ഖേദമെനിക്കില്ലല്പവുമേ!
വിശ്വപ്രമാണിമാറ്ത്താലും
വിജയശോഭംസകലംതന്നാലും
എന്തെന്തുലികിൽപോയാലും
പിൻതുടരുന്നതുണ്ടെന്നുള്ളദയം.

## വിഷയവിവരം


| | | പേജ്. |
|---|---|---|
| 1. | അമേരിക്കയിൽ ഒരു മൂന്നാം രാഷ്ട്രീയ കക്ഷിക്കുള്ള സാദ്ധ്യതകൾ — എൻ. ബാലകൃഷ്ണൻനായർ, സെറക്യൂസ് യൂണിവേഴ്സിററി, ന്യൂയാക്ക്, അമേരിക്ക. | 2 |
| 2. | ബാലപംക്തി | 2 |
| 3. | ചിത്രങ്ങൾ | 3 |
| 4. | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി, കെ. രാമവാര്യർ | 4 |
| 5. | മുൻഷിയും മഹാത്മാവും — എസ്. ഗുപ്തൻനായർ | 5 |
| 6. | മരിച്ചവീട്ടിലെ കരച്ചിൽ — ആനന്ദക്കുട്ടൻ | 6 |
| 7. | മനുഷ്യനും പാരമ്പര്യവും — ഈ. എം. ജെ. വെണ്ണിയൂർ | 7 |
| 8. | ചിത്രങ്ങൾ | 8, 9 |
| 9. | ടാഗോറിനോടുകൂടി ഒരു ദിവസം — ഡി. പി. മുക്കർജി | 10 |
| 10 | Indo American Friendship — Saroja Nair | 11 |
| 11. | കാർട്ടൂൺ 3 | 12 |
| 12. | വിജ്ഞാനപംക്തി | 12 |
| 13 | ശാസ്ത്രം (ചെറുകഥ) — രാമചന്ദ്രൻ | 13, 14 |
| 14. | ഗ്രന്ഥവിചാരം | 15 |
| 15. | ഫിലിംവാൎത്തകൾ | ,, |
| 16. | നാളെ (കവിത) — എൻ. ഭാർഗ്ഗവി | ,, |


മുഖചിത്രം—
ശ്രീശൈലത്തിലേയ്ക്കുള്ള വഴിമദ്ധ്യേ ആദ്ധ്യനിക്കു സമീപമുള്ള മലവളുക്കൾ കന്നുകാലികളെ തീററുന്നു.

മനോഹരമായ
തലമുടി
വളരുവാൻ!
പ്രസിഡണ്ടു്

വെജിറ്റബിൾ
ഹെയർഓയിൽ
ഉപയോഗിച്ചുവിൻ
RATHOD TRADING CO.
SOWCARPET, MADRAS.

ലേഖനമാല

ഗ്രന്ഥകൎത്താ,
സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ.

അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഷയങ്ങളെ അധികരിച്ചു് രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു സമ്പൂൎണ്ണസമാഹാരം!
വില ൨ രു. ൪ ണ.

ആവശ്യപ്പെടുക:- മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

| പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ മീനം ൧൪-ാംനു തിങ്കളാഴ്ച 27th March 1950. | ലക്കം ൨൪ |
|---|---|---|



ഇന്ത്യയിലെ സ്റ്റേററ് ഗവർണ്ണറന്മാരും രാജപ്രമുഖന്മാരും ന്യൂഡെൽഹിയിലെ ഗവണ്മെൻറുമന്ദിരത്തിൽ പൊതുപ്രശ്നങ്ങളെപ്പററി ചർച്ചചെയ്യാൻ മാർച്ച് 18, 19 എന്നീ തീയതികളിൽ സമ്മേളിച്ചു. ചിത്രത്തിൽ ഇരിക്കുന്നവർ ഇടത്തുനിന്നും വലത്തോട്ടു്: ബീഹാർഗവർണ്ണർ മി. എം. എസ്. ആനെ, മദ്ധ്യപ്രദേശഗവർണ്ണർ മംഗളദാസ് പക്വാസ, കിഴക്കേപഞ്ചാബ് ഗവർണ്ണർ മി. ചന്ദുലാൽ ത്രിവേദി, പ്രധാനമന്ത്രി പണ്ഡിതജവഹരിലാൽ നെഹ്റു, പ്രസിഡൻറ് ഡാക്ടർ രാജേന്ദ്രപ്രസാദ്, ഡെപ്യൂട്ടിപ്രധാനമന്ത്രി സർദാർ പട്ടേൽ, പശ്ചിമബംഗാൾ ഗവർണ്ണർ ഡാ: കെ. എൻ. കട്ജു, ബാംബെഗവർണ്ണർ രാജാ മഹാരാജസിംഗ്, സൗരാഷ്ട്രരാജപ്രമുഖൻ നവനഗറിലെ ജാംസാഹിബ്. നില്ക്കുന്നവർ: ഉത്തരപ്രദേശഗവർണ്ണർ മി. എച്ച്. പി. മോഡി, മദ്രാസ്ഗവർണ്ണർ ഭവനഗർ മഹാരാജാവു്, ഒറീസാഗവർണ്ണർ മി. ആസഫ്അലി, മദ്ധ്യഭാരത് രാജപ്രമുഖൻ ഗ്വാളിയർ മഹാരാജാ, രാജസ്ഥാൻ രാജപ്രമുഖൻ ജയപ്പൂർ മഹാരാജാ, തിരുവിതാംകൂർകൊച്ചി രാജപ്രമുഖൻ തിരുവിതാംകൂർ മഹാരാജാവു്.



ന്യൂഡെൽഹിയിലെ ലേഡി ഹാർഡിഞ്ച് മെഡിക്കൽകാളേജ് മാർച്ച് 17-ാംനു അതിൻെറ സ്ഥാപകൻെറ വാഷികദിനം ആഘോഷിച്ചു. മന്ത്രി രാജകുമാരി അമൃതകോർ ആദ്ധ്യക്ഷം വഹിക്കുകയും സമ്മാനങ്ങൾ വിതരണംചെയ്യുകയുമുണ്ടായി. സിംഗിൾസ് ടെന്നീസ് മത്സരത്തിൽ മിസ്സ് സെക്കേറിയ ഒന്നാംസമ്മാനം വാങ്ങുന്നതാണു് ചിത്രം.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

14-8-125 മുതൽ 20-8-125
27-3-1950 മുതൽ 2-4-1950

തകഴി കെ. രാമചാൎയ്യർ

അശ്വതി — മനഃക്ലേശകരങ്ങളായ പലേ സംഭവങ്ങളും നടക്കും. ദിനകൃത്യങ്ങളുടെ സമയഭേദംകൊണ്ടു് ശരീരസുഖം കുറയും. സഞ്ചാരക്ലേശം തട്ടും. ബന്ധുക്കളുടെ ആതിത്ഥ്യങ്ങൾ സ്വീകരിക്കും. വ്യാപാരവിഷയങ്ങളിൽ ചില്ലറ ലാഭങ്ങൾ ലഭിക്കും. സാഹസികകാൎയ്യങ്ങളിൽ പ്രവേശിക്കും.

ഭരണി അധികൃതന്മാരെക്കൊണ്ടു് ചിത്തശല്യത്തിനിടയാകും. ആരംഭിക്കുന്ന കൎമ്മങ്ങൾ പൂൎത്തീകരിക്കയില്ല. എന്നാൽ സുഹൃത്തുക്കളുടെ ആനുകൂല്യസഹകരണങ്ങൾ ഇടയ്ക്കിടെ ലഭിക്കുകനിമിത്തം ഗൃഹാവശ്യങ്ങൾക്കു തകരാറു സംഭവിക്കയില്ല. മനസ്സിന്റെ അസ്വസ്ഥത, അലസതയ്ക്കും ഉന്മേഷക്കുറവിനും കാരണമായി പരിണമിക്കും.

കാൎത്തിക — ഉദാസീനതഹേതുവായി സ്വപ്രവൎത്തനങ്ങളിൽ നഷ്ടവും വിഷമതയും നേരിടും. വഹിക്കാൻവയ്യാത്ത ചുമതലകളിൽ ഏൎപ്പെടുകയാൽ ശരീരത്തിനു് ക്ഷീണം സംഭവിക്കും. എന്നാൽ ലഭിക്കുന്ന പണംകൊണ്ടു് ആവശ്യങ്ങൾക്കു് തികഞ്ഞുപോരുകയില്ല. വിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധ കൂടുതൽ പതിക്കും. രക്തശുദ്ധി കുറയും.

രോഹിണി — നന്മയും പ്രയോജനവും ലഭിക്കുന്നതിനുവേണ്ടി നവീന പരിപാടികൾ സൃഷ്ടിച്ചുറയ്ക്കും. അന്യമായ ബന്ധം പുലൎത്തേണ്ട എഴുത്തുകുത്തുകളിലും ബിസിനസ്സുകളിലും സന്തോഷമായ ഫലസിദ്ധികൾ ഉണ്ടാകും. അസംസ്കൃതസാധനങ്ങളൽ ഗുണഫലം ലഭിക്കും. വിനോദപരമായി താൽപൎയ്യം വൎദ്ധിക്കും.

മകയിരം — ആശ്രിതരുടെ സംരക്ഷണവിഷയത്തിൽ സദാ വ്യാകുലപ്പെട്ടുകൊണ്ടിരിക്കും. പണച്ചുരുക്കത്താൽ കാൎയ്യനഷ്ടവും സ്വപ്രവൎത്തികൾക്കു് മ്ലാനതയും സന്താനങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ ക്ലേശവും സ്വജനങ്ങളാൽ മനഃപീഡയും രാഷ്ട്രീയ കാൎയ്യങ്ങളുടെ കുഴപ്പത്തിൽ അനുതാപം പ്രകടിപ്പിക്കയും ഫലം.

തിരുവാതിര - കൃഷിധാന്യസംഭരണത്തിൽ ശ്രദ്ധചെലുത്തും. ലുബ്ധതാം കാട്ടും. നയതന്ത്രകാൎയ്യങ്ങളിൽ നിപുണതാം പ്രകടിപ്പിക്കും. പൊതുജനസഹായം പ്രതീക്ഷയിൽ കൂടുതൽ ലഭിക്കും. വിവാഹാദി നല്ലകാൎയ്യങ്ങളിൽ കഴിവുള്ള സഹായങ്ങൾ ചെയ്യും. ഉഷ്ണാധിക്യം ഉണ്ടായിരിക്കും.

പുണൎതം — പ്രതീക്ഷപോലെ കാൎയ്യങ്ങൾ സുഗമമായി നടന്നുവരികയില്ല. സ്ത്രീവൎഗ്ഗത്താൽ ശത്രുതയ്ക്കിടവരും. ചില അനൎത്ഥങ്ങൾ അവിചാരിതമായി സംഭവിക്കും. തൊഴിലുകൾ മന്ദഗതിയിൽ ആയിരിക്കും. പതനമോ രക്തസമ്മൎദ്ദനമോ ഉണ്ടാകും. തലവേദനയുണ്ടാകാതിരിക്കയില്ല.

പൂയം — വ്യവസായപദ്ധതികൾക്കു ഉണ്ടായിരുന്ന ദൂഷ്യഭാഗങ്ങൾക്കു പുതിയ പരിഹാരങ്ങൾ കണ്ടുപിടിക്കും. എന്നാൽ സൂക്ഷിച്ചു പ്രവൎത്തിക്കണം. ക്രമവിരുദ്ധമായി പണം കൈവശംവരും. പുതിയ സുഹൃത്തുക്കൾ ഉണ്ടാകും. സന്താനങ്ങൾ ആജ്ഞാലംഘനത്തിടയാകും. ആത്മസുഹൃത്തുക്കളുടെ സമാധാനം ആശ്വാസപ്രദം നൾകും.

ആയില്യം സഹപ്രവൎത്തകന്മാരെക്കൊണ്ടും സ്വജനങ്ങളെക്കൊണ്ടും വൈരത്തിനും മനഃക്ലേശത്തിനും സംഗതിയാകും. പരശ്വാവത്തികളാൽ ചതിവോ അപമാനതയോ സംഭവിക്കും. മനോഭീതി വിട്ടൊഴിയുകയില്ല. സന്താനങ്ങൾക്കു അരിഷ്ടത കാണും.

മകം — പരിസരം പുഷ്ടിപ്പെടുത്തുന്നതിനു പരിശ്രമിക്കും. പ്രതീക്ഷപോലെ കാൎയ്യങ്ങൾ കലാശിക്കയില്ല. പത്രപാരായണത്തിലും ലേഖനത്തിലും പ്രസംഗത്തിലും കൂടുതലായി ശ്രദ്ധപതിക്കും. സതീൎത്ഥ്യന്മാരുടെ സമ്മേളനത്തിൽ സോല്ലാസം വിഹരിക്കും എതൎപ്പുള്ള പല കാൎയ്യങ്ങളിലും പ്രവേശിക്കും.

പൂരം വിവേചനാപൂൎവ്വമല്ലാത്ത പ്രവൎത്തികളാൽ നഷ്ടവും അന്യരിൽനിന്നു അപവാദവും മിത്രങ്ങളുടെ ശത്രുതയും പെരുമാററങ്ങൾ സ്വന്തം ജനങ്ങൾക്കു അപ്രിയം വരുത്തിക്കൂട്ടുകയും ഗൃഹത്തിൽ അസ്വൈരതയ്ക്കും ശരീരാസ്വാസ്ഥ്യത്തിനും ഇടം നൽകുകയും ചെയ്യും. നാൽക്കാലിവൎഗ്ഗങ്ങളുടെ അനുഭവക്കുറവും വരും.

ഉത്രം ഭാഗ്യപുഷ്ടിക്കു നിദാനമായ പ്രവൃത്തികളിൽ ഏൎപ്പെടും. ഭാവികാൎയ്യങ്ങൾക്കു സ്വച്ഛതയും വിജയവും നേടും. വ്യാപാരങ്ങൾക്കു വിപുലീകരണം ചെയ്യും. കൃഷി ആവശ്യങ്ങൾക്കു വാങ്ങിയപണക്കുഴപ്പം പരിഹരിക്കുവാനുള്ള നൂതനശ്രമം പലതും സ്വീകരിക്കും. അന്യകാൎയ്യങ്ങളിൽനിന്നും ബാദ്ധ്യതകളിൽനിന്നും കഴിയുന്നതു ഒഴിഞ്ഞുമാറി ഒതുങ്ങി ജീവിക്കുന്നതു നന്നായിരിക്കും.

അത്തം — അനിഷ്ടദുരിതസംഭവങ്ങളാൽ ഗൃഹസുഖം കുറയും. അന്യരെ വിശ്വസിക്കുകയും അശ്രദ്ധകാണിക്കുകയും നിമിത്തം വ്യവസായാദികളിൽനിന്നുമുള്ള ഗുണം പ്രയോജനപ്പെടുകയില്ല. അനുയോജ്യമല്ലാത്ത കൂട്ടുകെട്ടും സഹവാസവും അപഹാസ്യത്തിനു പാത്രമാക്കി എന്നു വരും.

ചിത്തിര — സഹപ്രവൎത്തകരുടെ അഭിപ്രായത്തിനു പ്രാബല്യം നൽകും. ഇതരചുമതലകളും മററും സ്വയം ഏററുവാങ്ങുവാൻ മടികാണിക്കയില്ല. അന്യദേശയാത്രയോ സ്വസ്ഥാനചലനമോ ഉണ്ടാകും. പുതിയ സ്നേഹിതന്മാരുടെ സൗഹാൎദ്ദപൂൎവ്വമായ സ്നേഹാദരങ്ങൾ ആൎജ്ജിക്കും. കളത്രസുഖം ഇപ്പോഴും കുറവായിരിക്കും.

ചോതി — ശത്രുതയ്ക്കുള്ള പല കാൎയ്യങ്ങൾ വന്നുചേരും. സന്താനങ്ങൾക്കു അരിഷ്ടതകൾ ഉണ്ടാകും. ദുരുപയോഗമായ ചെലവുകൾ നേരിടും. ഈവാരം അത്ര സുഖപ്രദവും ഗുണപ്രദവുമായിരിക്കയില്ല.

വിശാഖം - സാമൂഹ്യപ്രവൎത്തനത്തിൽ കൂടുതലായി ഇടപെടും. ധനധാന്യവിഷയത്തിൽ വെമ്പൽകൊള്ളും. ശാരീരികമായ പരുക്കുകൾ പററാതെ സൂക്ഷിക്കണം.

അനിഴം — ആശ്രിതരെക്കൊണ്ടു അപവാദവും നഷ്ടവും നേരിടും. ഗവണ്മെന്റുമായി ഇടപെടുന്ന കാൎയ്യങ്ങൾക്കു സമാധാനം ലഭിക്കാത്തതിനാൽ യാത്രയും നഷ്ടവും ക്ലേശവും അസുഖവും ഉണ്ടാകും. കളത്രവിഷയമായ വിരഹമോ രോഗാദിപീഡകളോ സംഭവിക്കും.

കേട്ട — വിനോദകലകളിൽ ആസക്തിയുണ്ടായിരിക്കും. അലങ്കാരസാധനത്തിനും ഗൃഹാവശ്യത്തിനും വേണ്ടുന്ന പണം ചെലവഴിക്കും. വാഹനയാത്ര സൂക്ഷിച്ചുചെയ്യണം. സ്നേഹിതന്മാരുടേയും ബന്ധുക്കളുടേയും സഹായസഹകരണങ്ങൾ ലഭിക്കും. സന്തോഷസമന്വിതമായ കാൎയ്യങ്ങളിൽ പ്രവേശിക്കും.

മൂലം — പ്രവൎത്തനകേന്ദ്രത്തിൽ അഭ്യുദയകരമായ പരിവൎത്തനത്തിന്റെ ഗുണഫലങ്ങളും വിജയവും കണ്ടുതുടങ്ങും. സുഹൃത്തുക്കളുടെ സഹായങ്ങൾ ലഭിക്കും. ഉച്ചനീചത്വത്തിങ്കൽ സമത്വഭാവം നടിക്കും. വായുക്ഷോഭവും ശ്വാസതടസ്സവും സംഭവിക്കും. വിപ്ലവാത്മകമായ സംഗതികളിൽ സമാധാനംപാലിക്കും.

പൂരാടം — സ്വജനങ്ങൾക്കു വിരോധം പ്രബലന്മാരുമായിട്ടുള്ള വിദ്വേഷം ഇവ നിമിത്തം നഷ്ടവും വ്യാപാരക്കുഴപ്പവും നീചന്മാരിൽനിന്നുള്ള ഉപദ്രവവും സംഭവിക്കാം. വൻചതിവുകളിൽ ചാടാതെ സൂക്ഷിക്കണം. ഉഷ്ണാധിക്യത്താൽ ഉള്ള അസുഖങ്ങൾ ഉണ്ടാകും.

ഉത്രാടം — ചുമതലയേറിയ പല കാൎയ്യങ്ങൾക്കു് മനസ്സു കുഴഞ്ഞുകൊണ്ടിരിക്കും. സഹോദരവൎഗ്ഗത്തിൽനിന്നും സമാധാനം ലഭിക്കും. അന്യരുടെ കാൎയ്യങ്ങളിൽ ഇടപെടുകയാൽ സ്വന്തം കാൎയ്യങ്ങൾ നിറവേറുന്നതിനു സാദ്ധ്യമല്ല. ദേഹത്തിനു മുറിവോ ചതവോ മററു പരുക്കുകളോ സംഭവിക്കാതെ സൂക്ഷിക്കണം.

തിരുവോണം — വിനോദത്തിനും അലങ്കാരസാധനങ്ങൾക്കും ലളിതകലകൾക്കും വ്യയംചെയ്യുകയും ലാഭകരമായ തൊഴിലുകളിൽ പ്രവേശിക്കുകയും യന്ത്രോപകരണംകൊണ്ടും അസംസ്കൃതസാധനങ്ങൾകൊണ്ടും ഉള്ള ക്രയവിക്രയഗുണങ്ങളും മംഗളകരമായ സംഗതികൾ നടത്തുകയും സൽക്കാരദാനങ്ങളുംമററും ഫലം.

അവിട്ടം അസമയത്തു് സഞ്ചരിക്കയും സകല പ്രവൎത്തികളും സംശയത്തോടുകൂടി നടത്തുകയും അകാരണകലഹങ്ങളിൽ ഏൎപ്പെടുകയും വിഷജന്തുക്കളിൽനിന്നുള്ള ഭീതിയും കാൎയ്യവിഘ്നവും അലസതയും മനസ്താപവും സന്താനങ്ങളുടെ അരിഷ്ടതയും ത്രിദോഷകോപവും ഫലം.

ചതയം നല്ലകാൎയ്യങ്ങൾ കേൾക്കുക, പ്രവൎത്തിക്കുക, ആശ്രിതൎക്കുവേണ്ട സഹായാനുകൂല്യങ്ങൾ ചെയ്യുക, സജ്ജനസഹവാസത്തിനും സന്തോഷത്തിനും സംഗതിവരുക ഇഷ്ടലബ്ധി മുതലായവ ഫലം.

പൂരുരുട്ടാതി — സ്വന്തം അഭിപ്രായത്തിനു പ്രാബല്യം സിദ്ധിക്കുവാനുള്ള തീവ്രശ്രമം നടത്തുകയും സംയുക്തപ്രവൎത്തനങ്ങളിൽ പങ്കെടുക്കയും ആലോചനകൂടാതെയുള്ള പ്രവൎത്തികൾ നടത്തുകയാൽ മനസ്താപവും ഏഷണിവിധനയും ധനസമ്പാദനത്തിനു മുതിരുകയും ചെയ്യും.

ഉത്തിരിട്ടാതി — സൽപ്രവൎത്തികൾ ചെയ്യുന്നതിനു വിശ്വാസവും താല്പൎയ്യവും ജനിക്കയും ബന്ധുജനമൈത്രിയും കൎമ്മങ്ങളിൽ പുഷ്ടിയും പ്രസംഗാദിയിൽ ഉന്മേഷവും മധുരസംഭാഷണങ്ങളിൽ ഏൎപ്പെടുകയും എല്ലാ കാൎയ്യത്തിലും ഈശ്വരാനുകൂല്യം ലഭിക്കയും ചെയ്യും.

രേവതി — ബന്ധുവിരോധം, ഭക്ഷണസുഖക്കുറവു്, വരവിനേക്കാൾ അധികരിച്ച ചെലവു്, അഭിപ്രായങ്ങളിൽ എതൎപ്പു്, കാൎയ്യങ്ങൾ ഭംഗിയിൽ നിറവേററുന്നതിനുള്ള അസാദ്ധ്യത, അലസതാധിക്യം, സന്താനസംരക്ഷണചിന്ത, പുരോഗമനപരമായ ജീവിതത്തെപ്പററിയുള്ള വിചാരമഥനം, ജ്ഞാനസമ്പാദനം, നിദ്രാഭംഗം.



ഒരു ഇംഗ്ലീഷ് പുസ്തകത്തെക്കുറിച്ച്

# *മുൻഷിയും മഹാത്മാവും

എസ്. ഗുപ്തൻനായർ

ഗാന്ധിജിയുടെ ചരമത്തിനു ശേഷം അദ്ദേഹത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾക്കു കയ്യും കണക്കുമില്ല. തനി ജീവചരിത്രങ്ങൾ, ഗാന്ധിജിയുടെ തത്വശാസ്ത്രത്തെക്കുറിച്ചുള്ള നിഷ്കൃഷ്ടമായ പഠനങ്ങൾ, സ്വാനുഭവനിഷ്ഠങ്ങളായ നിരീക്ഷണങ്ങൾ പ്രായേണ ഈ മൂന്നു മാർഗ്ഗങ്ങളെ അവലംബിക്കുന്നവയാണു ഇപ്പറഞ്ഞ കൃതികൾ. ഇതിൽ കഷ്ടിച്ചു മൂന്നാമത്തെ ഇനത്തിൽ പെടുത്താവുന്ന ഒരു കൃതിയാണ് ശ്രീ: കെ. എം. മുൻഷിയുടെ "ഗാന്ധി ദി മാസ്റ്റർ" 1939-ൽ ശ്രീ: മുൻഷി "ഞാൻ മഹാത്മാവിനെ പിന്തുടരുന്നു" എന്ന ആത്മകഥാപ്രധാനമായ ഒരു കൃതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതുതന്നെ വ്യക്തിനിഷ്ഠമല്ല, ഇപ്പോഴത്തെ കൃതി, കുറേക്കൂടി തത്വവിചാരകലിതമാണ്. എങ്കിലും ഗാന്ധിയുമായി അടുത്തു പരിചയിക്കാൻ കഴിഞ്ഞ ഒരാളിന്റെ ഏതൊരു കൃതിയിലും വ്യക്തിനിഷ്ഠമായ ഒരു വിശിഷ്ടാംശം അല്പമെങ്കിലും പ്രതിഫലിക്കാതിരിക്കയില്ലല്ലോ.



മുൻഷിയുടെ ഈ രണ്ടു കൃതികളും അടുപ്പിച്ചുവച്ച് വായിച്ചുനോക്കേണ്ടവയാണ്. അവ ഒരേ സമയം 'ഗാന്ധീയ സാഹിത്യ'വും 'മുൻഷീയസാഹിത്യ'വും ആണ്. ആദ്യത്തെ കൃതിയിൽ മുൻഷി ഗാന്ധിയെ തന്റെ ജീവിതാചാര്യനായി അംഗീകരിക്കാൻ ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചു സുവിശദമായി പ്രതിപാദിക്കുന്നു. അതു അന്നത്തെ വിദ്യാസമ്പന്നനായ ഒരു ഭാരതീയന്റെ ഹൃദയഗതിയുടെ പ്രതിരൂപമാണെന്നുതന്നെ കരുതാം.

യൗവ്വനത്തിൽ അരവിന്ദനിനെയും ഗാരിബാൾഡിയേയും മസ്സീനിയേയും ചൊല്ലി സത്യപ്രതിജ്ഞചെയ്തിരുന്ന വിപ്ലവകാരികളിൽ ഒരാളായിരുന്നു മുൻഷിയും. കുറേ 'പിക്‌റിക് ആസിഡ്' കൊണ്ടു ഇന്ത്യയുടെ സ്വാതന്ത്ര്യം സുസാദ്ധ്യമാവുമെന്നു മററനേകം യുവാക്കന്മാരെപ്പോലെ അദ്ദേഹവും അന്നു കരുതിയിരുന്നു. പിന്നീട് അദ്ദേഹം മിസ്സിസ് ബസന്റിന്റെ ആകർഷകമായ നേതൃത്വത്തിൽ ഹോംറൂൾ പ്രക്ഷോഭണത്തിൽ ചേരുകയും ജംനാദാസ്, ദ്വാരകദാസിനോടൊന്നിച്ചു "യംഗ് ഇന്ത്യ" നടത്തുകയും ചെയ്തു. ഹോംറൂൾ ലീഗിന്റെ അദ്ധ്യക്ഷനായി ഗാന്ധിജി രംഗപ്രവേശംചെയ്തതുമുതൽ മുൻഷി ഗാന്ധിയുടെ ദൃഷ്ടിയിൽ പെട്ടു. പക്ഷേ അന്നും അദ്ദേഹം ഗാന്ധിയാൽ ആകർഷിക്കപ്പെട്ടു എന്നു പറഞ്ഞുകൂടാ. തുടർന്ന്, മുൻഷി ബോംബെ നിയമസഭയിലെ ഒരംഗമായി. പിന്നീടു സൈമൺ കമ്മീഷൻ വന്നു; പ്രതിഷേധങ്ങളായി; കലാപങ്ങളായി; രാജ്യമാകെ ഇളകിവശായി. മുൻഷിയും ക്രമേണ ഒരു ഗാന്ധിയനായി മാറിവരുകയായിരുന്നു. പക്ഷേ ഒരു കടുത്ത ആത്മവിക്ഷോഭത്തിനുശേഷമാണു ആ മാനസാന്തരം സമ്പൂർണ്ണമായതു്. ആ കാലഘട്ടത്തെക്കുറിച്ച് അദ്ദേഹം പറയുന്നു. നാണ്യങ്ങൾ കുന്നിച്ചുകൂട്ടുക, കോടതിയിൽവച്ചു എതിരാളിയെ മൂർച്ചവാക്കുകൾ കൊണ്ടു നോവിക്കുക. എല്ലാ ആദർശസ്വീകാരത്തെയും പുച്ഛിക്കുക, പുളിച്ചുനാറിയ പരദൂഷണകഥകൾ പറഞ്ഞുരസിക്കുക, ഒരു ഗ്ലാസ്സ് വിസ്കിയും മൊത്തിക്കൊണ്ട് ബ്രിഡ്ജ് കളിച്ച് സായാഹ്നത്തെ തള്ളിവിടുക - ഇതൊക്കെ എന്റെ ജീവിതത്തിന്റെ പരമപ്രയോജനങ്ങളായി ഞാനെണ്ണിയിരുന്നു......... എന്റെ വേഷത്തിലും പലപ്പോഴും എന്റെ ഭക്ഷണത്തിലും ഞാൻ പാശ്ചാ.മത്തെ അനുകരിച്ചു. വിരസശിരോമണികളായ ലയപ്രഭുക്കളേയും നാട്ടും മൂട്ടും മററ അനുകരണഭ്രാന്തരെയും സന്ദർശിച്ച് കാലാവസ്ഥയെക്കുറിച്ചും മററും കുശലം പറഞ്ഞ് ഞാൻ സമയംപോക്കി......"

ഇതു് മുൻഷി എന്ന ഒരു വ്യക്തിയുടെ മാത്രം കാര്യമാണോ? അല്ല. ഇത്തരം അയഥാർത്ഥമൂല്യങ്ങൾക്കുവേണ്ടി പരക്കം പാഞ്ഞുകൊണ്ടിരുന്ന ഒരു ജനവിഭാഗത്തിന്റെ പ്രതിനിധിമാത്രമാണു മുൻഷി. ആ ജനതയെ മുഴുവനോടെ മാനസാന്തരപ്പെടുത്താനാണു ഗാന്ധിജി ആവിർഭവിച്ചതു്. ഗാന്ധിജിതന്നെ ചെറുപ്പത്തിൽ എത്ര കേമമായി 'കുട്ടിസായ്പ്' ചമഞ്ഞു ജീവിച്ചുവന്ന ഒരാളാണ്! ഇംഗ്ലണ്ടിലെ നിയമപാഠശാലകളിൽവച്ചു ഏററവും കുലീനമെന്നു എണ്ണപ്പെട്ടിരുന്ന ഇന്നർ ടെമ്പിളിൽ പോയി ചേർന്ന് ഏററവും വിലകൂടിയ വസ്ത്രങ്ങളുമണിഞ്ഞു്, ജ്ഞാനാന്വേഷണത്തെക്കാൾ ഫാഷനിലും ചന്തത്തിലും വിശ്വസിച്ചു മുഴുകിയിരുന്ന ഒരു യുവാവായിരുന്നല്ലോ ഗാന്ധിയും." 1 അപ്പോൾ മററുള്ളവരുടെ കാര്യത്തിൽ ഈ സായ്പത്വം ചമയൽ എത്ര സ്വാഭാവികം മാത്രമായിരുന്നു!

അങ്ങനെ മുൻഷിയും ക്രമേണ ഒരു ഗാന്ധിയനായി. ആ കഥയാണ് ആദ്യത്തെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു്. അന്നുമുതൽ മഹാത്മാവിനെ വളരെ അടുത്തായി അനുഗമിച്ച മുൻഷി പിന്നെ ഒരിക്കൽകൂടി അദ്ദേഹത്തിൽനിന്നകന്നു. അതു 1941-ലാണ്. കാൺഗ്രസ്സിൽനിന്നു രാജിവച്ചിട്ടു 'തനിക്കനുഭവമായ സത്യ'ത്തെ പ്രചരിപ്പിച്ചുകൊള്ളാൻ ഗാന്ധിതന്നെ മുൻഷിക്കനുമതിനൽകുകയാണുണ്ടായതു്. മുൻഷി തന്റെ അഖണ്ഡഹിന്ദുസ്ഥാൻ പരിപാടിയുമായി സഞ്ചരിച്ചു. രാഷ്ട്രീയ കാരണങ്ങളാൽ സംഭവിച്ച ആ അകൽച്ചയിലും അവരുടെ ഹൃദയങ്ങൾ തമ്മിൽ അടുത്തുതന്നെ വർത്തിച്ചു. എല്ലാം പൊറുക്കാനും എല്ലാം മറക്കാനും കഴിവുള്ള ഗാന്ധി സമയംവന്നപ്പോൾ സ്വശിഷ്യന്റെ അഭിപ്രായവ്യത്യാസങ്ങളെ മുഴുവൻ വിസ്മരിച്ചുകൊണ്ടു അദ്ദേഹത്തെ വീണ്ടും ക്ഷണിച്ചു. പിന്നെയും അവർ യോജിച്ചു. മഹാത്മാവിനെ, സ്വജീവിതത്തിൽ അച്ഛനും ആചാര്യനുമായി കരുതിയ ഒരാളിന്റെ പ്രണാമപൂർവ്വകമായ ഉപഹാരമാണ് ഈ ഗ്രന്ഥം.

## ഗാന്ധി എന്തിനുവേണ്ടി നിലകൊള്ളുന്നു?

മുൻഷി പറയുന്നു. എനിക്കു് അദ്ദേഹം ഗീതയുടെയും യോഗസൂത്രത്തിന്റെയും ജീവനുള്ള ഒരു വ്യാഖ്യാനമായിരുന്നു. അദ്ദേഹം എന്തുചെയ്തു എന്നതിനെക്കാൾ, അദ്ദേഹം എന്തായിരുന്നു എന്നു പഠിക്കാനാണു ഞാൻ ശ്രമിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിച്ചു ജീവിക്കുവാൻ എനിക്കു പലപ്പോഴും കഴിഞ്ഞിട്ടില്ല. പക്ഷേ ഒരു കാര്യം ഞാനദ്ദേഹത്തിൽനിന്നു പഠിച്ചു – ആദ്യമായി അവനവനോടുതന്നെ സത്യനിഷ്ഠയുള്ളവനായിരിക്കാൻ. വ്യക്തിപ്രഭാവത്തിന്റെ പരമമായ ഏകീകരണം – ആ ഉത്കൃഷ്ടജീവിതകലയുടെ ആചാര്യനാണ് ഗാന്ധിജി."

ഗാന്ധിജി ഓരോ വ്യക്തിയുടേയും അജാഗരിതഹൃദയത്തിലേക്കു അവനറിയാതെതന്നെ കടക്കുന്നു. ഗാന്ധിജിയുടെ പ്രേരണാശക്തി അത്ര മഹത്താണ്. ഒരിക്കലും കാണാത്തവരുടെ ഹൃദയത്തിൽപോലും ആ ആത്മപ്രഭാവത്തിന്റെ അധിപ്രസരം പ്രഭാപൂരം വിതറിക്കൊണ്ടു വർത്തിക്കുന്നു. ഏഷ്യൻ കാൺഫറൻസിൽ സംബന്ധിക്കാൻ ഫിലിപ്പൈൻസിൽനിന്നു വന്ന ഒരു പ്രതിനിധി ഗാന്ധിജിക്കു ഹസ്തദാനം ചെയ്തിട്ടു പറയുകയാണ്. "ഇതിനായി 6000 മൈൽ സഞ്ചരിക്കുന്നതു് ഒട്ടും പാഴല്ല" എന്ന്. ഗാന്ധിജിയുടെ കൂടെ ഒന്നു രണ്ടു കൊല്ലം താമസിച്ച സ്വന്തം മകളുടെ ഭക്തിപ്രകർഷത്തെക്കുറിച്ച് മുൻഷി വിവരിക്കുന്നു. തന്റെ തലമുടിയെപ്പററി ബാപ്പു പറഞ്ഞതു്, തന്നെ കളിയാക്കിയതു്, തന്നെ പൊട്ടിച്ചിരിപ്പിച്ചതു് — അങ്ങനെ ഒരു നൂറുകൂട്ടം കാര്യങ്ങൾ അവൾക്കു പറയാനുണ്ട്. ഒരു ചെറിയ കുട്ടിയുടെ ഹൃദയത്തിലേയ്ക്കുകൂടി ബാപ്പു അനായാസമായി പ്രവേശിക്കുന്നു. ഒരുപക്ഷേ വലിയവരുടെ ഹൃദയത്തിൽ പ്രവേശിക്കാനായിരിക്കും അദ്ദേഹത്തിനു് അധികം ബുദ്ധിമുട്ട്!

അതിനു പ്രതിവിധിയായിട്ടാണെന്നു തോന്നുന്നു ശ്രീ മുൻഷി "മഹായാന ഗാന്ധിസം" എന്ന മാർഗ്ഗം നിർദ്ദേശിക്കുന്നതു്. മഹായാനബുദ്ധമതം എന്നു കേട്ടിട്ടില്ലേ! അതുപോലെ മഹായാന ഗാന്ധിമതവും. മഹായാന ബുദ്ധമതത്തിന്റെ പല തത്വങ്ങളേയും ബുദ്ധൻ അംഗീകരിക്കുമായിരുന്നില്ല. പക്ഷേ അതു് സാധാരണ മനുഷ്യനു് അനുവർത്തിക്കാവുന്ന ഒരു ജീവിതപദ്ധതിയായിത്തീർന്നു. അതുപോലെ ഗാന്ധിസത്തെയും സാധാരണ മനുഷ്യനു് ദൈനംദിന ജീവിതത്തിൽ അനുഷ്ഠേയമായിട്ടുള്ള കുറേ കർമ്മപദ്ധതികളുടെ ഒരു സംഘാതമായി മാററിയാലേ പ്രയോജനമുള്ളു എന്നദ്ദേഹം സിദ്ധാന്തിക്കുന്നു. ആ പുതിയ പദ്ധതിക്കാണ്, മഹായാന ഗാന്ധിസമെന്നു ശ്രീ മുൻഷി പേരിടുന്നതു്. അഹിംസാപരമായ പ്രതിരോധത്തിനു് ഗാന്ധിജി നൽകിയിട്ടുള്ളതിനെക്കാൾ അല്പംകൂടി അയവുള്ള ഒരു വ്യാഖ്യാനമാണ് മുൻഷി നൽകുന്നതു്. അങ്ങനെ വ്യാഖ്യാനിച്ചാൽ മാത്രമേ അതു് ദുർബല രാഷ്ട്രങ്ങളുടെ അഭിമാനസംരക്ഷണത്തിനുതകുന്ന ഉത്തമായുധമായി, ഭാവിയിൽ തീരുകയുള്ളു എന്നദ്ദേഹം വിശ്വസിക്കുന്നു. ഈ നിലപാടിൽ നിന്നുകൊണ്ടു പരിശോധിക്കുമ്പോൾ ചില തത്വങ്ങൾ പ്രാമുഖ്യം അർഹിക്കുന്നു. അവയെന്തു്?

1. അഹിംസാപരമായ പ്രതിരോധം, മറെറാരുവനു് ശാരീരികവേദന ഉണ്ടാക്കുന്ന വിധത്തിലുള്ള ബലപ്രയോഗത്തെ സ്വീകരിക്കുന്നില്ല. എങ്കിലും ആ പ്രതിരോധം സപ്രയോജനമാകണമെങ്കിൽ സാമ്പത്തികവും, സാമൂഹ്യവും, ധാർമ്മികവും ആയ വിധത്തിൽ ശക്തികൾ ചെലുത്തുകതന്നെ വേണം.

2. ആദ്ധ്യാത്മികശക്തി പരിമിതമായിട്ടുള്ള ഒരു സാധാരണ മനുഷ്യനു് അക്രമരഹിതമായ പ്രതിരോധം വിശേഷവിധിയായ ഒരു മാർഗ്ഗം മാത്രമേ ആകാവൂ. അല്ലാതുള്ള പ്രതിരോധം സാദ്ധ്യവും അനുപേക്ഷണീയവും ആണെങ്കിൽ അതു ഉപേക്ഷിച്ചുകൂടാ.

3. മനുഷ്യരിൽ ലീനമായിട്ടുള്ള ധർമ്മവീരത്തെ ഉണർത്തുക എന്നതു് ഒരുവിധത്തിലുള്ള സത്യാഗ്രഹമായതുകൊണ്ടു് ഒരുവന്റെ അഭിപ്രായങ്ങളെ പ്രകടിപ്പിക്കാനുള്ള ഒരു സന്ദർഭത്തെയും നഷ്ടപ്പെടുത്തിക്കൂടാ. പരോക്ഷമായ കർമ്മവും (പാർലമെന്ററി സമരം മുതലായവ) പ്രത്യക്ഷമായ കർമ്മവും തമ്മിൽ സഹജമായ വൈരുദ്ധ്യമൊന്നുമില്ല.

4. അക്രമരഹിതമായ പ്രതിരോധം കഴിവില്ലായ്മകൊണ്ടോ മനസ്സില്ലായ്കകൊണ്ടോ വെറും പ്രതിരോധരാഹിത്യമായി തീരരുതു്. ആത്യന്തികമായ അഹിംസയിൽ പററിപ്പിടിച്ചാൽ പലപ്പോഴും അങ്ങനെയാണ് കലാശിക്കുക.

5. അക്രമരഹിതമായ പ്രതിരോധത്തിനു് അക്രമസഹിതമായ പ്രതിരോധത്തെക്കാൾ അധികം ധൈര്യവും സ്ഥൈര്യവും ആവശ്യമാണ്. അക്രമങ്ങൾ മിക്കപ്പോഴും വികാരപ്രചോദിതങ്ങളാണല്ലോ.

6. അക്രമരഹിതമായ പ്രതിരോധം അതിന്റെ വ്യക്തിനിഷ്ഠമായ ആവിഷ്കരണത്തിൽ സ്നേഹത്തിന്റെ രൂപം കൈക്കൊള്ളാം. പക്ഷേ അതിന്റെ സമഷ്ടിഗതമായ രൂപത്തിൽ അങ്ങനെയല്ല.

7. ഈ പ്രാരംഭഘട്ടത്തിൽ അക്രമരഹിതമായ പ്രതിരോധം എന്ന സാങ്കേതികമാർഗ്ഗം സുസംഘടിതമായ ഹിംസയെ വിജയകരമായി ചെറുത്തുനിൽക്കാൻ പര്യാപ്തമല്ല.

8. യുദ്ധമില്ലാത്ത സന്ദർഭങ്ങളിൽ ഈ മാർഗ്ഗത്തിനു് അധികം സാദ്ധ്യതയുണ്ടു് – തക്ക ശിക്ഷണബോധത്തോടും വാശിയോടുംകൂടി സമരം നടത്തിയാൽ.

ഇതൊക്കെയാണ് മുൻഷിയുടെ വ്യാഖ്യാനഭേദങ്ങൾ. തനിഗാന്ധിഭക്തന്മാർക്കു് ഇതു് ഒരു വ്യാഖ്യാനസാഹസമാ



**മഹാത്മാവിനെ, സ്വജീവിതത്തിൽ അച്ഛനും ആചാര്യനുമായി കരുതിയ ഒരാളിന്റെ പ്രണാമപൂർവ്വകമായ ഉപഹാരമാണ് ഈ ഗ്രന്ഥം. മുൻഷി പറയുന്നു. എനിക്കു അദ്ദേഹം ഗീതയുടെയും യോഗസൂത്രത്തിന്റെയും ജീവനുള്ള ഒരു വ്യാഖ്യാനമായിരുന്നു അദ്ദേഹം എന്തുചെയ്തു എന്നതിനെക്കാൾ, അദ്ദേഹം എന്തായിരുന്നു എന്നു പഠിക്കാനാണു ഞാൻ ശ്രമിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിച്ചു ജീവിക്കുവാൻ എനിക്കു പലപ്പോഴും കഴിഞ്ഞിട്ടില്ല. പക്ഷേ ഒരു കാര്യം ഞാനദ്ദേഹത്തിൽനിന്നു പഠിച്ചു—ആദ്യമായി അവനവനോടുതന്നെ സത്യനിഷ്ഠയുള്ളവനായിരിക്കാൻ വ്യക്തിപ്രഭാവത്തിന്റെ പരമമായ ഏകീകരണം—ആ ഉത്കൃഷ്ടജീവിതകലയുടെ ആചാര്യനാണ് ഗാന്ധിജി."**

---

1 സച്ചിദാനന്ദ സിൻഹ ഈയിടെ എഴുതിയിരുന്ന സ്മരണകൾ നോക്കുക.

* Gandhi the Master K. M. Munshi Raj Kamal Publications, Delhi.

കളിയും കാര്യവും

# മരിച്ചവീട്ടിലെ കരച്ചിൽ

ആനന്ദക്കുട്ടൻ

ഔസേപ്പിന്റെയും അന്നപ്പെമ്പിളയുടെയും മൂത്തമകൻ പാപ്പച്ചൻ ചെറുപ്പത്തിൽത്തന്നെ മരിച്ചു; ഏതാനും ദിവസംനീണ്ടുനിന്ന ഒരു പനി—അത്രയുള്ളു. അങ്ങനെ അവരുടെ പ്രതീക്ഷകളുടെ സാക്ഷാൽക്കാരമായിരുന്ന പാപ്പച്ചനെ കർത്താവു തിരിയെ വിളിച്ചു. "ഇന്നു ഞാൻ നാളെ നീ" എന്ന കല്പത്തിന്റെ മുദ്രാവാക്യം എഴുതിയിട്ടുള്ള പെട്ടിയിൽ പാപ്പച്ചന്റെ ശവശരീരം പള്ളിമുറ്റത്തു് അന്ത്യവിശ്രമം അനുഭവിക്കുന്നു. മകന്റെ മരണംകൊണ്ടുണ്ടായ സങ്കടം ആ മാതാപിതാക്കളുടെ ദയനീയരോദനങ്ങളിലൂടെ അയൽക്കാർ കേൾക്കാൻ തുടങ്ങിട്ടു കുറേദിവസമായി. പ്രഭാതമായാൽ ആ ദമ്പതികൾ അപ്പുറവുമിപ്പുറവുമിരുന്നു മുഖത്തോടുമുഖംനോക്കി കരയാൻതുടങ്ങും. ആ കരച്ചിലിനൊരു പ്രത്യേകതയുണ്ടു്. ഓരോരുത്തരുടെ തോററം മുഴമിപ്പിക്കുന്നതു മറേറയാളാണു്. ആവർത്തനംകൂടാതെ അവരുടെ ഉള്ളിലെ വിചാരങ്ങൾ പുറത്തേയ്ക്കു പ്രവഹിക്കുന്നു.

"എന്റെ പാപ്പച്ചാ, നീ എന്നെ ഇട്ടേച്ചു പോയല്ലോടാ!" എന്നു് അന്നപ്പെമ്പിള നിലവിളിക്കുമ്പോൾ,

"എന്നെ" എന്നുമാത്രം പറഞ്ഞു് ഔസേപ്പു കണ്ണീർവാർക്കും. അടുത്തതു് ഔസേപ്പിന്റെ മുറയാണു്.

"എന്റെ കുഞ്ഞേ, നിന്നെക്കണ്ടേണ്ട കണ്ണടയ്ക്കുമെന്നു ഞാൻ കരുതിയല്ലോടാ" എന്നു് ഔസേപ്പു്—

"ഞാനും" എന്നു് അന്നപ്പെമ്പിള.

ഇങ്ങനെ മകന്റെ മരണത്തിലുള്ള ദുഃഖത്തിലും ആ ദമ്പതികളുടെ ഏകീഭാവം ദൃശ്യമായിരുന്നു.

ഇതു കേവലം ഒരു കഥയാണു്. ഏതെങ്കിലും പരമാർത്ഥത്തെ അടിസ്ഥാനപ്പെടുത്തിയല്ലാതെ കഥകളെന്നല്ല ഒന്നുംതന്നെ ലോകത്തിൽ ഉണ്ടാകയില്ലല്ലോ. അതുകൊണ്ടു് മരണമുണ്ടാകുമ്പോൾ, മരിക്കുന്നവരെച്ചൊല്ലിക്കരയുക എന്ന സത്യത്തെ അടിസ്ഥാനമാക്കിയുള്ള ഒരു കഥയാണിതെന്നു പറയാം.

"മരിച്ചവരെച്ചൊല്ലിക്കരയുക." — അതു വളരെ സാധാരണമാണു്. തന്റെ വേർപാടിൽ ആളുകൾ ദുഃഖിച്ചു കണ്ണീർപൊഴിക്കുന്നതു കണ്ടു മരിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നു എന്നു തോമസ്ഗ്രേ ഒരു കവിതയിൽ സൂചിപ്പിച്ചിട്ടുള്ളതായി ഓർക്കുന്നു. അടുത്ത വീട്ടിൽ മരണംനടന്നതായി നാം അറിയുന്നതു് അവിടെനിന്നും പുറപ്പെടുന്ന കൂട്ടനിലവിളികൊണ്ടാണു്. ദുഃഖിക്കേണ്ട കാര്യമില്ലാത്ത ഒരു വൃദ്ധമരണമാണെങ്കിൽപ്പോലും ജനഃബന്ധുത്വത്തിനുവേണ്ടി ഒരു നിലവിളി ഉയരും. രാജാക്കന്മാരും പ്രഭുക്കന്മാരും നാടുനീങ്ങുകയോ, തീപ്പെടുകയോ ചെയ്താൽ കുറേപ്പേരെ കൂലിക്കുവരുത്തി കരയിക്കാറുണ്ടല്ലോ. "ഹീന"ജാതിക്കാരായ സ്ത്രീപുരുഷന്മാർ ഒന്നിച്ചുചേർന്നു് തലമുടിയഴിച്ചിട്ടു് കരച്ചിലിന്റെയും പാട്ടിന്റെയും മദ്ധ്യത്തിലുള്ള ഒരു ലയത്തിൽ "മാറാംപാടുക" കേരളത്തിൽ മുൻകാലത്തു് സർവ്വസാധാരണമായിരുന്നു.

മരിച്ചവീട്ടിൽ നാം ചെല്ലുന്നതിനു് "ദുഃഖമനുഷ്ഠിക്കാൻ പോകുന്നു" എന്നാണു് സാധാരണയായി പറയുന്നതു്. ഇങ്ങനെ ദുഃഖമനുഷ്ഠിക്കാൻപോയ ഒരു കിഴവിയുടെ കഥ ഈ അവസരത്തിൽ ഓർമ്മവരുന്നു. ഒരു മാതാവിന്റെ ഏകസന്താനം മരിച്ച വീട്ടിലാണു് അവർ ദുഃഖമനുഷ്ഠിക്കാൻപോയതു്. ശോകാർത്തയായ മാതാവു് മകന്റെ ഗുണഗണങ്ങൾ വർണ്ണിച്ചുവർണ്ണിച്ചു കണ്ണീർവാർത്തു. കുറേനേരം ഈ പരിദേവനങ്ങൾ കേട്ടുകൊണ്ടിരുന്ന കിഴവി പറയുകയാണു്:— "എന്തിനു പറയുന്നു ചേച്ചീ, നാഴിപ്പൊടിയരീം ഒരുമുറിത്തേങ്ങായും പട്ടിക്കൊണ്ടുപോയതു ഞാൻ സഹിച്ചില്ലേ ഇരിക്കുന്നേ ചേച്ചീ! കരയാണ്ടിരിക്കൂ."

ഇങ്ങനെ പാരഃഖത്തിന്റെ ആഴം എത്ര വലുതായിരുന്നാലും, അവിടെയും സ്വന്തം വസ്തുനാശത്തെ പർവ്വതീകരിച്ചുകാണിക്കാൻ ആ വല്യമ്മ വെമ്പൽകൊള്ളുകയാണു്. എന്താണു് ഇതിന്റെയൊക്കെ അർത്ഥം?

മനസ്സിൽ അഴൽ തിങ്ങുമ്പോൾ "തെല്ലൊക്കെക്കരയുകിലതുതന്നെ തെല്ലൊരാശ്വാസഹേതു" എന്നു കവി പാടിയിട്ടുണ്ടു്. ശരിയാണു്. കരഞ്ഞില്ലെങ്കിൽ കരളുരുകും. ശരീരം ക്ഷീണിക്കും. അങ്ങനെ ആധി വ്യാധിയാകും. അതുകൊണ്ടു കരയണം, ഉറക്കെക്കരയണം. പൊട്ടിപ്പൊട്ടി വിമ്മിവിമ്മിക്കരയണം.

സ്വന്തത്തിൽപെട്ടതോ അടുത്ത ബന്ധത്തിൽപെട്ടതോ ആയ ആരെങ്കിലും മരിച്ച ദുഃഖം അനുഭവിക്കാത്ത മനുഷ്യർ കാണുകയില്ല. ചിലർ പകൽ ഉറക്കെക്കരഞ്ഞിരിക്കും. ചിലർ രാത്രിയിൽ നിശ്ശബ്ദമായി കണ്ണീർവാർത്തിരിക്കും. ആദ്യത്തേതു് നാടന്മാരുടെ രീതി, രണ്ടാമത്തേതു് ആഢ്യന്മാരുടേതും. ജീവിതത്തിൽ കരയാൻപററിയ സന്ദർഭങ്ങൾ പലതുണ്ടെങ്കിലും മരിച്ചവീട്ടിലാണു് അതു നിർബാധം ആകാവുന്നതു്. കണ്ടുനിന്നവർക്കും കേട്ടറിഞ്ഞുവന്നവർക്കും കരയാം. മരിച്ചയാളുടെ മകനും മകന്റെ ഭാര്യയ്ക്കും അവളുടെ സഹോദരനും എന്നുവേണ്ട ആ വീട്ടിൽ നില്ക്കുന്ന വേലക്കാരനും വേലക്കാരിക്കും കരയാം. അന്യോന്യം കരയുകയും അന്യോന്യം സാന്ത്വനിപ്പിക്കുകയും ഒക്കെ മരിച്ചവീട്ടിലെ ചടങ്ങാണു്.

ഈ കരച്ചിൽ എവിടുന്നുണ്ടായി? ഈ കണ്ണീരിനു കാരണമെന്താണു? ആരെ ഉദ്ദേശിച്ചാണു് കരയുന്നതു്. മരിച്ചവരെച്ചൊല്ലിക്കരയുകയാണോ, ജീവിച്ചിരിക്കുന്നവരെച്ചൊല്ലിക്കരയുകയാണോ?

ഭാര്യയും അഞ്ചുമക്കളുമുള്ള ഒരു പ്രാരബ്ധക്കാരൻ; അയാൾ വളരെ ബുദ്ധിമുട്ടിയാണു് കുടുംബംപുലർത്തിവന്നതു്: അയാൾ പെട്ടെന്നു മരിക്കുന്നു. അധികകാലം ദീനമായിക്കിടന്നില്ല. രാവിലെ ഒരു തലചുററൽ; ഉച്ചയായപ്പോൾ ബോധംകെട്ടു. വൈകുന്നേരം മരിച്ചു. സുഖമായ മരണമാണതു്. മരിച്ചവനെസംബന്ധിച്ചിടത്തോളം ആ നിമിഷംമുതൽ കുടുംബഭാരം ഒഴിഞ്ഞു. ഇത്രകാലം കഷ്ടതയനുഭവിച്ചതിൽനിന്നു ഒരു ശാശ്വതവിശ്രമംകിട്ടി. മരണത്തിനപ്പുറമെന്താണു്?—അല്ലെങ്കിലും അതു വിചാരിച്ചല്ലല്ലോ നാം ദുഃഖിക്കുന്നതു്. ഏതായാലും മരിക്കുന്നവനു് മരണം സുഖമാണു്; ശാന്തിയാണു്; മരിച്ചയാളിന്റെ സുഖത്തിലും ശാന്തിയിലും നാം സന്തോഷിക്കുകയല്ലേ വേണ്ടതു? തീർച്ചയായും അതേ. അതുകൊണ്ടു ആരുടെയും മരണത്തിൽ നാം കരയേണ്ട ആവശ്യമില്ല. ആരും കരയരുതു്.

കരയരുതെന്നുപറഞ്ഞാലൊക്കുമോ? നാം കരഞ്ഞുപോകും. കരഞ്ഞാൽ മരിച്ചയാൾ തിരിച്ചുവരികയില്ലെന്നറിയാം. എന്നാലും കരഞ്ഞുപോകും. രക്തബന്ധമുള്ളയാളുകൾ എന്നേയ്ക്കുമായി നമ്മിൽനിന്നകലുമ്പോൾ ഹൃദയം ഉരുകിപ്പോകും, കണ്ണുനീർ വാർത്തുപോകും. മാംസത്തിൽനിന്നു മാംസം വേർപെടുത്തിയെടുക്കുന്ന വിധിയുടെ കഠോരകൃത്യത്തിൽ വിലപിക്കാതിരിക്കാൻ സാധിക്കുമോ? വലിയ മീശക്കൊമ്പന്മാർപോലും കുഞ്ഞുപോലെ കരഞ്ഞുപോകും. പാവപ്പെട്ടവർ മാറത്തടിച്ചു നിലവിളിക്കും.

മാപ്പസാങ്ങിന്റെ ഒരു കഥയുണ്ടു്. ഒരമ്മയും, മകനും. അമ്മയ്ക്കു വാർദ്ധക്യമായി. അവർ രോഗശയ്യയിലാണു്. ഏതുനിമിഷത്തിലും മരിച്ചേക്കാം. മരണശയ്യയിൽ കിടക്കുന്ന ആളിനെ പരിചരിക്കുവാൻ ആരെയെങ്കിലും ശമ്പളംകൊടുത്തുനിർത്തുക എന്നതു ആ നാട്ടിലെ ഒരു പതിവാണു്. അങ്ങനെചെയ്തില്ലെങ്കിൽ നാട്ടുകാർ പുച്ഛിക്കും. മകൻ കേവലം ദരിദ്രനാണു്. എങ്കിലും ജനാപവാദത്തെ ഭയന്നു ആ സാധു ഒരു "തള്ള"യെ മാതൃപരിചരണത്തിനു നിയമിക്കുന്നു. തള്ളയ്ക്കു പലയിടത്തും ഇതേജോലിക്കു പോകാനുണ്ടായിരുന്നു. ഏതാനുംദിവസത്തേക്കു മാത്രം ഈ ജോലി ഏററതാണു്. ദിവസങ്ങൾ പലതുകഴിഞ്ഞു. മരണശയ്യയിൽ കിടക്കുന്ന വൃദ്ധ മരിക്കുന്നില്ല. ഓരോദിവസംകഴിയുംതോറും "തള്ള"യ്ക്കു കൊടുക്കേണ്ട ശമ്പളത്തുക വർദ്ധിക്കുകയാണു്. സാധുവായ മകൻ പരുങ്ങലിലായി. ഈ "കേസ്" അവസാനിപ്പിച്ചിട്ടു് കൂടുതൽ പ്രതിഫലംകിട്ടുന്ന സ്ഥലത്തേക്കുപോകാൻ തള്ള തിടുക്കം കൂട്ടുകയും ചെയ്യുന്നു. "അമ്മ ഒന്നു മരിച്ചെങ്കിൽ" എന്നു് മകൻ ന്യായമായിത്തിപ്രാർത്ഥിച്ചു. ഒടുവിൽ "ഈ നാശം തുലയുന്നില്ലല്ലോ" എന്ന ഘട്ടംവരെ എത്തി അയാൾ. ഒരുദിവസം 'തള്ള' ഒരു വിദ്യപ്രയോഗിച്ചു. അടുത്തദിവസം വൃദ്ധ മരിക്കുമെന്നും, ആ രാത്രി ഒരു ഭൂതം മുറിയിൽ വരുമെന്നും മററും അവർ, മകനോടുപറഞ്ഞു. അന്നു രാത്രി തള്ളതന്നെ ഇരുട്ടത്തു ഭൂതമായി പ്രത്യക്ഷപ്പെട്ടു. വൃദ്ധയുടെ മകൻ ഉറക്കത്തിൽനിന്നുണർന്നു് ഭൂതത്തെ കണ്ടു. അടുത്ത ദിവസം ആ വൃദ്ധയുടെ ശരീരം ഒരു ശവപ്പെട്ടിയിൽവച്ചു് ശ്മശാനത്തിലേക്കു കൊണ്ടുപോയി. ഇതാണു കഥ. ആ മകൻ കരഞ്ഞുകാണുമോ? അമ്മ മരിച്ചതുകൊണ്ടു അയാളുടെ ക്ലേശം കുറയുകയാണു ചെയ്തതു്. അമ്മയുടെ മരണത്തിൽ അയാൾക്കു ആശ്വാസം തോന്നേണ്ടതു ന്യായമുള്ളു. കരയേണ്ടാത്ത മരണങ്ങളും ലോകത്തിൽ ഉണ്ടാകും.

എങ്കിലും ഏതു മരണമായാലും ലോകബോദ്ധ്യത്തിനുവേണ്ടി ഒന്നു കരയണം. അതാണു നമ്മുടെ രീതി.

നമ്മെ വേദനിപ്പിക്കുന്നമരണങ്ങളും അസാധാരണമല്ലല്ലോ. അപ്പോൾ ആത്മാർത്ഥമായി കരയും. എന്നാൽ ആ ആത്മാർത്ഥത മരിച്ചവരോടാണോ? പിന്നെയും നാം പഴയ ചോദ്യത്തിൽതന്നെ വന്നുനില്ക്കുന്നു.

ഒരു ഭർത്താവും ഭാര്യയും മൂന്നു കുട്ടികളും;—കുട്ടികളിൽമൂത്തയാൾ സ്കൂൾഫൈനൽക്ലാസിൽ പഠിക്കുന്നു. മററു രണ്ടുപെൺകുട്ടികളാണു്. ഒരുവൾ ഫോർത്തിലും, മററവൾ സെക്കൻഡു് ഫാറത്തിലും. അവർ സാമാന്യം ഭേദപ്പെട്ടനിലയിൽ കഴിഞ്ഞുകൂടുന്നു. പൊടുന്നനവേ ഗൃഹനാഥൻ മരിച്ചു. ഭാര്യ കരയുന്നു മകൻ കരയുന്നു, പെൺകുട്ടികൾ കരയുന്നു. ഭർത്തൃസുഖം അനുഭവിക്കാൻ ഇനി സാധിക്കാത്തതുകൊണ്ടും, കുട്ടികളെ പുലർത്തേണ്ട ദുർവ്വഹമായഭാരം തന്നിൽമാത്രം വന്നുചേർന്നതുകൊണ്ടും ഭാര്യ കരയുന്നു. അച്ഛനുണ്ടായിരുന്ന കാലത്തെ സുഖങ്ങൾ ഇനിലഭിക്കയില്ലെന്നറിഞ്ഞു് സന്താനങ്ങൾ കരയുന്നു. ആ കുടുംബനാഥന്റെ മരണംകൊണ്ടു് അവരവർക്കു സംഭവിച്ച നഷ്ടമോർത്തു് ഓരോരുത്തരും കരയുന്നു. മരിച്ചവർക്കുവേണ്ടി ആരും കരയുന്നില്ല.

മരിച്ചയാളിൽനിന്നും ഉണ്ടായിരുന്ന ലാഭത്തെക്കരുതി ഓരോരുത്തരും ദുഃഖിക്കുന്നു എന്നല്ലേ പറഞ്ഞതു്? ഒരു മകൻ മരിക്കുമ്പോൾ അമ്മ ദുഃഖിക്കുന്നു. അതു ലാഭത്തെക്കരുതിയാണോ? അതേ. അടുത്തവീട്ടിലെ കല്യാണിയമ്മയുടെ മകൻ മരിച്ചപ്പോൾ അവർ ദുഃഖിക്കാത്തതെന്താണു്? കല്യാണിയമ്മയുടെ മകൻ കേമനായി വന്നിരുന്നെങ്കിൽ അതിന്റെ പ്രയോജനം കല്യാണിയമ്മയ്ക്കു തന്നെയാണു്; അയൽക്കാർക്കല്ല. അതുകൊണ്ടു് ആ മരണത്തിൽ സ്വന്തനഷ്ടമോർത്തു് കല്യാണിയമ്മകരയുന്നു, അയൽക്കാർ ആ സംഭവത്തെ അനുകമ്പയോടെ വീക്ഷിക്കുകമാത്രം ചെയ്യുന്നു.

അതുകൊണ്ടു്, മരിച്ചവീട്ടിലെ കരച്ചിൽ മരിച്ചവർക്കുവേണ്ടിയല്ല; ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയാണെന്നു സ്പഷ്ടം.

—o—

യിത്തന്നെ തോന്നിയേക്കാം. പക്ഷേ ഇക്കാലത്തേയ്ക്കു പ്രയോജനപ്പെടണമെങ്കിൽ ഇങ്ങനെ നോക്കിയാലേ രക്ഷയുള്ളു എന്നാണു് മുൻഷി പറയുന്നതു്. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിനു മുമ്പാണു് അദ്ദേഹം ഈ ഉപന്യാസം എഴുതിയതു്. അക്ഷമയുടെ സ്വരം ഇതിൽ സ്പഷ്ടമായി കേൾക്കാനുണ്ടു്. ടോട്ടാലിറേററിയൻ ശക്തികളോടുള്ള അടക്കവെയ്യാത്ത അമർഷവും സ്ത്രീറു് (Striet) എന്ന അമേരിക്കൻ ഗ്രന്ഥകാരൻ ജനാധിപത്യരാജ്യങ്ങളുടെ ഒരു സർവ്വലോകസഖ്യത്തെക്കുറിച്ചെഴുതിയപ്പോൾ ഇന്ത്യയെക്കൂടി ആ സഖ്യത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതേ ആൾതന്നെ കുറേക്കഴിഞ്ഞപ്പോൾ വെള്ളക്കാരുടെ രാജ്യങ്ങൾ മാത്രം ചേർന്ന ഒരു യൂണിയൻ മതിയെന്നു പറഞ്ഞുതുടങ്ങി. ഈ വസ്തുത മുൻഷി ചൂണ്ടിക്കാണിക്കുന്നതു അർത്ഥവത്താണു്. ഭൗതികസംസ്കാരത്തിന്റെ നാശോന്മുഖതയെ ചൂണ്ടിക്കാണിക്കുന്ന അനവധി ചിന്തകന്മാർ പടിഞ്ഞാറൻ രാജ്യങ്ങളിലും ഉണ്ടു്. മനുഷ്യമഹത്വം അംഗീകരിക്കപ്പെടണമെന്നും ധാർമ്മികമായ ഒരു വ്യവസ്ഥയിൽ വിശ്വസിക്കണമെന്നും ഉപര്യുപരി ഉദ്ഘോഷിക്കുന്ന അവരുടെ വാക്കുകൾ* പോലും കർമ്മക്ഷമമായ ഒരു കർമ്മപരിപാടിയില്ലെങ്കിൽ വ്യർത്ഥമാണു്. ആ പരിപാടിയാണു് മഹായാനഗാന്ധിസം.

മുൻഷിയുടെ ഈ ഗ്രന്ഥത്തിൽ ഗാന്ധിയും ഗുജറാത്തി സാഹിത്യവും' 'ഗാന്ധിസാഹിത്യം, എന്നിങ്ങനെ രണ്ടു പ്രബന്ധങ്ങൾ ഉണ്ടു്. ഒരു എണ്ണപ്പെട്ട ഗുജറാത്തി സാഹിത്യകാരൻകൂടിയായതുകൊണ്ടു് അധികംപേർ സ്പർശിക്കാനിടയില്ലാത്ത ആവക കാര്യങ്ങളെക്കുറിച്ചു് ശ്രീ മുൻഷിക്കു് അധികൃതമായി എഴുതാം. 'നവജീവനി'ലെ ലേഖനങ്ങളുടെ ശക്തിയേയും സൗന്ദര്യത്തേയും കുറിച്ചു് മുൻഷി വിവരിക്കുന്നു. ഓരോ ലേഖനവും ചിന്താരത്നങ്ങളുടെ ചെപ്പാണു്. സത്യാത്മ ജീവിതത്തിന്റെ സകല തുറകളിലേയ്ക്കും വ്യാപിപ്പിക്കേണ്ട ഒരു വസ്തുതയായി ചൂണ്ടിക്കാണിക്കുന്നു എന്നതാണു് ഗാന്ധിസാഹിത്യത്തിന്റെ മേന്മ. മുൻഷിയെപ്പോലുള്ള വ്യാഖ്യാതാക്കന്മാർ ഗാന്ധിസാഹിത്യത്തിന്റെ പ്രചാരത്തിനും പ്രയോഗത്തിനും വഴിതെളിക്കാനുണ്ടെന്നുള്ളതും നമുക്കു് അനുഗ്രഹം തന്നെ.

* Man the unknown – Prof Corell Faith for Living – Mumford Personal Religion and the future of Europe – Stuart ഇവയൊക്കെയാണു് മുൻഷി ചൂണ്ടിക്കാണിക്കുന്ന ഗ്രന്ഥങ്ങൾ.

—o—



അമേരിക്കയിൽ ന്യൂയോർക്ക് ഹെറാൾഡ് ട്രൈബ്യൂൺ എന്ന ദിനപത്രത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾവിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന അഞ്ചാമത്തെ വാർഷിക "ഫോറ"ത്തിൽ സംബന്ധിക്കുന്നതിനു മദ്ധ്യപൂർവ്വദേശത്തെയും തെക്കുകിഴക്കെഏഷ്യയിലെയും പല രാജ്യങ്ങളിൽനിന്നു വിദ്യാർത്ഥികൾ അമേരിക്കയിലെത്തുകയുണ്ടായി. അമേരിക്കയിലെ താമസക്കാലത്തു ന്യൂയാർക്കിനുസമീപമുള്ള ഹൈസ്കൂളുകളിലെ വിദ്യാർത്ഥികളുടെ അതിഥികളായിരിക്കും ഇവർ. അമേരിക്കയിലെ പല നഗരങ്ങളും ഇവർ സന്ദർശിക്കയുണ്ടായി. വിദ്യാർത്ഥികൾ ക്യാപ്പിറേറാൾമന്ദിരത്തിന്റെ മുമ്പിൽ നില്ക്കുന്നതാണു ചിത്രം. ഇടതുനിന്നു് വലത്തോട്ടു ൨-ാമതു നില്ക്കുന്നതു് ലക്നോസ്വദേശിനിയായ ഉഷാറോയിയും, ൧൧-ാമതു തിരുവനന്തപുരം ബാലകൃഷ്ണൻനായരുമാണു്.

# മനുഷ്യനും പാരമ്പര്യവും

ഈ. എം. ജെ. വെണ്ണിയൂർ

കഴിഞ്ഞ ലേഖനത്തിൽ ആധുനികപാരമ്പര്യശാസ്ത്രത്തിന്റെ ചരിത്രവും അതിന്റെ പൊതുസ്വഭാവവുമെന്താണെന്ന് ഞാൻ സംക്ഷിപ്തമായി പ്രസ്താവിച്ചിരുന്നവല്ലോ. ഈ ലേഖനത്തിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതു ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ മനുഷ്യന്റെ പാരമ്പര്യാസ്പദമായ ഇന്നത്തെ നില എന്താണെന്നും മനുഷ്യനെ ഉദ്ധരിക്കുവാൻ ഈ ശാസ്ത്രപരിജ്ഞാനം എപ്രകാരം ഉപയുക്തമാക്കാമെന്നുമാണ്.

ഇതരജീവികളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വ്യതിയാനങ്ങൾ (mutations) സംഭവിച്ചിട്ടുള്ളതു മനുഷ്യന്റെ പാരമ്പര്യഗുണങ്ങൾക്കാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള മനുഷ്യരുടെ ആകൃതിയും പ്രകൃതിയും പരിശോധിക്കാമെങ്കിൽ അവരുടെ പാരമ്പര്യഗുണങ്ങൾക്കു തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാവുന്നതാണ്. വെള്ളക്കാരനും നീഗ്രോയും ഇന്ത്യാക്കാരനും ചീനനും പരസ്സഹസ്രം വർഷങ്ങൾക്കുമുമ്പ് ഒരേ പാരമ്പര്യഗുണമാണുണ്ടായിരുന്നതു്. അവർ പുരാതനതറവാടായ മദ്ധ്യ ഏഷ്യയിൽനിന്നു പുറപ്പെട്ട് ലോകത്തിന്റെ നാനാഭാഗങ്ങളിൽ എത്തിച്ചേർന്നവരാണെന്ന് ചരിത്രം തെളിയിക്കുന്നു. അവരുടെ പ്രയാണമാരംഭിച്ചപ്പോൾ സകലർക്കും ഒരേ പാരമ്പര്യഗുണമാണുണ്ടായിരുന്നതെന്ന് ഗ്രഹിക്കുവാൻ വിഷമമില്ലല്ലോ. എന്നാൽ ഇന്നത്തെ അവരുടെ നില എന്താണ്? നീഗ്രോയും ഇംഗ്ലീഷുകാരനും തമ്മിൽ അജഗജാന്തരമുണ്ടെന്ന് എടുത്തുപറയേണ്ടതില്ല. എന്നാൽ ഇതരജന്തുക്കളിലും ചെടികളിലും ഇത്രവലിയ വ്യത്യാസം വന്നിട്ടില്ല. ലോകത്തിലെവിടെയുമുള്ള സിംഹങ്ങൾക്ക് ഒരേ ആകൃതിയും പ്രകൃതിയുമാണല്ലോ ഇപ്പോഴും ഉള്ളതു്.

മനുഷ്യനുമാത്രം ഇപ്രകാരം വ്യതിയാനം സംഭവിക്കുവാൻ കാരണമെന്തു? ഈ പ്രശ്നത്തെ നാം ശാസ്ത്രീയമായും ചരിത്രപരമായും പരിശോധിക്കുക. മദ്ധ്യഏഷ്യയിൽനിന്നും സമാനഗുണങ്ങളുള്ള രണ്ട് ഇരട്ടപ്രസവിച്ച സന്താനങ്ങൾ രണ്ടുവഴിക്കു തിരിച്ചുവെന്നു സങ്കല്പിക്കുക. ഒരാൾ ആഫ്രിക്കയിലും മറ്റെയാൾ യൂറോപ്പിലും എത്തിച്ചേർന്നു. ഉഷ്ണവും ശൈത്യവും എതിർത്തുനില്ക്കാൻകഴിവുള്ള ജീൻസ് രണ്ടുപേരിലുമുണ്ട്. എന്നാൽ യൂറോപ്പിലെത്തിയ വ്യക്തിയിൽ ശൈത്യം എതിർത്തുനില്ക്കുവാൻകഴിവുള്ള ജീൻസ് കൂടുതൽ ആധിക്യംനേടി. ഉഷ്ണം എതിർക്കുവാനുള്ള ജീൻസ് അധോമുഖോന്മുഖവുമായി. ആഫ്രിക്കയിലെത്തിയ വ്യക്തിയിൽ ജീൻസിന്റെ പ്രവർത്തനം മറിച്ചായിരുന്നു. തൽഫലമായി യൂറോപ്പുകാരൻ അവിടത്തെ കാലാവസ്ഥയനുസരിച്ചും ആഫ്രിക്കക്കാരൻ അവിടത്തെ കാലാവസ്ഥയനുസരിച്ചും ജീവിക്കുവാൻ പ്രാപ്തനായി. ജീൻസിന്റെ സാഹചര്യാനുസരണമായുള്ള പ്രവർത്തനഫലമായി യൂറോപ്പുകാരൻ ശൈത്യം സഹിക്കുവാൻ തന്നെ പ്രാപ്തമാകുവാൻ ക്രമേണ വെളുത്തുതുടങ്ങി. മറ്റെയാൾ കറുത്തുംതുടങ്ങി. കൂടുതൽ വെയിലേല്ക്കുമ്പോൾ വെളുത്ത വ്യക്തികളും ക്രമേണ കറുക്കുന്നതു നാം പതിവായി കണ്ടുവരാറുള്ള ഒരു യാഥാർത്ഥ്യമാണല്ലോ. അനേകതലമുറകൾ ഇപ്രകാരം കഴിഞ്ഞപ്പോൾ പരമ്പരയായി യൂറോപ്പുനിവാസികൾ വെളുത്തവരായും ആഫ്രിക്കാനിവാസികൾ കറുത്തവരായും രൂപാന്തരപ്പെട്ടു.

രൂപത്തിലും അവർക്ക് ക്രമേണ വ്യത്യാസമുണ്ടായി. തണുത്ത രാജ്യത്തിലധിവസിക്കുന്നവർ മാറിമറിയുന്ന തങ്ങളുടെ കാലാവസ്ഥയ്ക്കനുസരണമായി കൂടുതൽ കാര്യസ്ഥകരായിത്തീരുക സ്വാഭാവികമാണ്. തങ്ങളുടെ ശാരീരികശക്തികളെ കഴിയുന്നത്ര ഉപയുക്തമാക്കുവാൻ അവർ പരിശ്രമിച്ചു. തന്മൂലം അവർക്ക് കൂടുതൽ ജീവിതസൗകര്യങ്ങളും തൽഫലമായി ശരീരത്തിന്നു കൂടുതൽ വളർച്ചയും സംഭവിച്ചു. അതു പാരമ്പര്യഗതവുമായി. ആഫ്രിക്കയിലെ ഉഷ്ണമേറിയ കാലാവസ്ഥ ആരുടേയും ശാരീരികശക്തികളെ മന്ദീഭവിപ്പിക്കയേയുള്ളൂ. പോരെങ്കിൽ ഈദൃശമുള്ള കാലാവസ്ഥ ലൈംഗികശക്തിയെ ക്രമപ്പെടുത്താതാക്കുകയും ശരീരത്തെ ശോഷിപ്പിക്കുകയും ചെയ്യുന്നതാണ്. ഇപ്രകാരം അവരുടെ ശാരീരികവളർച്ചയ്ക്കു മാന്ദ്യം സംഭവിക്കുകയും അവർ ഹ്രസ്വകായന്മാരാകുകയും ചെയ്തു. ഇപ്രകാരം സംഭവിച്ച ഹ്രസ്വകായത്വം പാരമ്പര്യമാവുകയും അവർ ഇന്നത്തെ നീഗ്രോകളും പിഗ്മികളും ആവുകയും ചെയ്തു. ശാരീരികമായ അശക്തി ബുദ്ധിയേയും ബാധിക്കുക സ്വാഭാവികംമാത്രമാണ്. നീഗ്രോകൾക്കു ബുദ്ധിവികസനത്തിനുള്ള അവസരങ്ങളും വിരളമാണല്ലോ. ഇപ്രകാരമായിരിക്കണം സമാനപാരമ്പര്യഗുണങ്ങളുള്ള രണ്ടു വ്യക്തികളും അവരുടെ ഭാവിതലമുറകളും വ്യത്യസ്തമായിത്തീരുക.

ഇന്ന് മനുഷ്യന്റെ പാരമ്പര്യാസ്പദമായ നില അഭിലഷണീയവും പുരോഗമനോന്മുഖവുമാണോ എന്ന് അടുത്തു പരിശോധിക്കാം. ഈ പ്രശ്നത്തെപ്പറ്റി ചർച്ചചെയ്യുന്നതിനുമുമ്പ് അവനു രണ്ടുതരം പാരമ്പര്യങ്ങളുണ്ടെന്നു നാം മനസ്സിലാക്കേണ്ടതാണ്: ഒന്ന്, സകലജീവജാലങ്ങൾക്കുമുള്ള ജീവശാസ്ത്രാസ്പദമായ പാരമ്പര്യവും, മറ്റേതു്, മനുഷ്യനുമാത്രമുള്ള സാമൂഹ്യപാരമ്പര്യവും. ഈ രണ്ടാമത്തെ പാരമ്പര്യം ആശയങ്ങളും അവയുടെ പ്രവർത്തനഫലങ്ങളും പരമ്പരയായിട്ട് ഭാവിതലമുറകളിലേയ്ക്കു കടത്തിവിടുന്നതിലാണ് അധിഷ്ഠിതമായിരിക്കുന്നതു്. നാമെല്ലാം ഈശ്വരനിൽ വിശ്വസിക്കുന്നു. ഈ വിശ്വാസം പരമ്പരയായിട്ട് ഭാവി തലമുറകളിലേയ്ക്കു് കടക്കുന്നു. ഈശ്വരവിശ്വാസത്തെ അധിഷ്ഠിതമാക്കി നാം നിർമ്മിക്കുന്ന ക്ഷേത്രങ്ങളും പള്ളികളും അവയിൽ നടത്തേണ്ടുന്ന ആചാരങ്ങളും ഭാവിതലമുറകളും സ്വീകരിക്കുന്നു. ഇതിനെ സാമൂഹ്യപാരമ്പര്യമെന്നു വിവക്ഷിക്കാം. മനുഷ്യനെ മാത്രമേ ഇതു ബാധിക്കുന്നുള്ളൂ. സാമൂഹ്യപാരമ്പര്യം എപ്രകാരമാണ് ജീവശാസ്ത്രാധിഷ്ഠിതമായ പാരമ്പര്യഗുണങ്ങളെ ബാധിക്കുന്നതെന്ന് മനസ്സിലാക്കിയാൽ മാത്രമേ ഇന്നു മനുഷ്യന്റെ പാരമ്പര്യഗുണങ്ങൾ അഭിലഷണീയമോ പുരോഗമനോന്മുഖമോ എന്ന് നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ.

വെള്ളക്കാരുടെയും നീഗ്രോകളുടെയും ഉദാഹരണംതന്നെ നാം വീണ്ടും പരിശോധിക്കുക. വെള്ളക്കാർ പാരമ്പര്യഗുണങ്ങളിൽ നീഗ്രോകളെക്കാൾ അഭ്യുന്നതിനേടിയിട്ടുണ്ടെന്ന വാസ്തവം അവിതർക്കിതമാണല്ലോ. ഇതെപ്രകാരം സംഭവിച്ചു? കാലാവസ്ഥയും ജീവിതസാഹചര്യങ്ങളും അവർക്ക് കൂടുതൽ അനുകൂലമായിരുന്നു. മാത്രമല്ല, അവരുടെ സാമൂഹ്യപാരമ്പര്യവും അതിന് ഉപോത്ബലകമായിരുന്നു. ഇംഗ്ലണ്ടിൽ താമസിക്കുന്നവരെയെല്ലാം നാം ഇംഗ്ലീഷുകാരെന്ന് വിവക്ഷിക്കുന്നു. എന്നാൽ ഒരു ഇംഗ്ലീഷുകാരനിലും ശുദ്ധമായ ഇംഗ്ലീഷ് പാരമ്പര്യം ഇല്ല. ഇംഗ്ലണ്ടിൽ ചരിത്രാതീതകാലങ്ങളിൽ കെൽറ്റ്സ് ജീവിച്ചിരുന്നു. ക്രമേണ ആംഗിൾസ്, സാക്സൺസ്, ജൂട്ട്സ്, നാർമൻസ്, ഡെയിൻസ്, റോമൻസ് മുതലായ വംശക്കാർ അവിടെ എത്തിച്ചേർന്നു. എന്നാൽ ക്രമേണ അവർ ഒരേ വംശമായി രൂപാന്തരപ്പെടുകയും ആധുനികഇംഗ്ലീഷ്ജനത അവിർഭവിക്കയും ചെയ്തു. ഇവർ ഒരേവംശമായി ഒരേ പാരമ്പര്യഗുണമുള്ളവരായി എപ്രകാരം രൂപാന്തരപ്പെട്ടു? വർഗ്ഗങ്ങൾ തമ്മിലുള്ള വിവാഹബന്ധങ്ങൾ ആദികാലങ്ങളിൽ നിഷേധിക്കപ്പെട്ടിരുന്നുവെങ്കിലും ക്രമേണ അതു് സാധിതപ്രായമായി. അതിന് അവരുടെ സാമൂഹ്യപാരമ്പര്യം പ്രതിബന്ധമായിരുന്നില്ല. ഇതാണവരുടെ പാരമ്പര്യഗുണങ്ങളുടെ വിജയത്തിന് നിദാനമായി തീർന്നതു്. എന്നാൽ നീഗ്രോകളുടെ അവസ്ഥ എന്താണ്? തങ്ങളിലുള്ള അവാന്തരവിഭാഗങ്ങൾതമ്മിലുള്ള വിവാഹം പോലും അവിടെ അനുവദനീയമല്ല. മാത്രമല്ല ഇംഗ്ലണ്ടിലുള്ളതുപോലെ സ്വാതന്ത്ര്യവിവാഹങ്ങളും (അതായതു് സ്ത്രീപുരുഷഹിതമനുസരിച്ചുള്ള വിവാഹം) അവിടെയില്ല. തന്മൂലം ആ വർഗ്ഗം അവിടെ ക്രമേണ നശിക്കുന്നു. ഇതിൽനിന്നും ഒരു കാര്യം വിശദമാകുന്നു. വ്യത്യസ്തങ്ങളായ പാരമ്പര്യഗുണമുള്ളവരുടെ സന്താനങ്ങൾ പ്രകൃതിയുടെ തിരഞ്ഞെടുപ്പിന് (Natural selection) പറ്റിയ ഗുണങ്ങളോടുകൂടിയവരായിരിക്കും. നമ്മിൽ പലതരം ജീൻസ് ഉണ്ടെങ്കിൽ നാം ജീവിക്കുന്ന സാഹചര്യങ്ങൾക്ക് അനുയോജ്യമായി പ്രവർത്തിക്കുന്ന ജീൻ കൂടുതൽ പ്രവർത്തനോന്മുഖമാവുകയും നാം പ്രകൃതിയിൽ ഉത്തമസ്ഥാനം കൈവരിക്കുകയും ചെയ്യുന്നു. തന്മൂലം എത്രത്തോളം വൈവിധ്യങ്ങളുള്ള പാരമ്പര്യഗുണങ്ങൾ നമ്മിലുണ്ടോ അത്രത്തോളം വിജയപ്രദമായിരിക്കും നമ്മുടെ ജീവിതവും.

ഇനി ഇന്ത്യക്കാരായ നമ്മുടെ പാരമ്പര്യഗുണങ്ങളെപ്പറ്റി ചില കാര്യങ്ങൾ ആലോചിക്കാം. ഇവിടെ ആദിയിൽ ദ്രാവിഡരും ഒടുവിൽ ആര്യന്മാരും ആവിർഭവിച്ചു. അവർ പാരമ്പര്യഗുണങ്ങളിൽ വ്യത്യസ്തരായിരുന്നുവെന്നതിന് തർക്കമില്ല. അവർ തമ്മിൽ പരസ്പരവിവാഹങ്ങളും ഇല്ലായിരുന്നു. തന്മൂലം അവർ രണ്ടു പ്രത്യേകവിഭാഗക്കാരായി നിലനിന്നുപോന്നു. വീണ്ടും ജാതികൾ ആവിർഭവിച്ചു. ബ്രാഹ്മണനും, ക്ഷത്രിയനും, വൈശ്യനും, ശൂദ്രനുമെല്ലാം ഇൻഡ്യയിൽ ഉദിച്ചുയർന്നു. ആദ്യം ഈ വിഭജനം തൊഴിലിനെ ആസ്പദമാക്കിയായിരുന്നുവെങ്കിലും ഒടുവിൽ അതു് സാമുദായികമായി രൂപാന്തരപ്പെടുകയാണുണ്ടായതു്. ഇന്നു് രണ്ടായിരത്തിലധികം ജാതികൾ ഇപ്രകാരം ആവിർഭവിച്ചിട്ടുണ്ട്. ജാതികൾ തമ്മിൽ ഇവിടെയുള്ളതുപോലെ സുശക്തങ്ങളായ കോട്ടകൾ ലോകത്തെങ്ങുംഇല്ലെന്നുള്ളതു നമുക്കെല്ലാം അറിയാവുന്നതാണ്. ഈ സാമൂഹ്യപാരമ്പര്യം എപ്രകാരമാണ് ജീവശാസ്ത്രാസ്പദമായ പാരമ്പര്യത്തെ ബാധിച്ചതെന്ന് ഇന്നത്തെ ദയനീയാവസ്ഥ സാക്ഷ്യംവഹിക്കുന്നു. ശക്തിയും ബുദ്ധിയും ഒന്നുപോലെ നശിച്ച് അജ്ഞതയിലും അന്ധവിശ്വാസത്തിലും അടിയുറച്ച ആശയങ്ങളുമായി ഇവിടെ നടമാടുന്ന മനുഷ്യക്കോലങ്ങൾ സാമൂഹ്യപാരമ്പര്യം നമുക്കുചെയ്ത ഗുണങ്ങളെ ഉച്ചൈസ്തരം ഘോഷിക്കുന്നു. ഇൻഡ്യാക്കാർക്ക് എന്തെങ്കിലും വിമോചനം ലഭിക്കണമെങ്കിൽ സാമൂഹ്യപാരമ്പര്യം ഇന്നു നിർമ്മിച്ചുനിർത്തിയിരിക്കുന്ന കോട്ടകളെ ആദ്യം തകർക്കണം. കൂടുതൽ ആഹാരംകൊടുത്താൽ ശരീരം പുഷ്ടമാകും. പക്ഷേ, പാരമ്പര്യം മാറുകയില്ല. പാരമ്പര്യം മാറിയില്ലെങ്കിൽ തടിച്ച ഇന്ത്യാക്കാരൻ പുരോഗമനാസക്തിയുള്ള മനുഷ്യനല്ല, ഉദരപൂരണാർത്ഥം ജീവിക്കുന്ന മൃഗമാണ്.

ശാസ്ത്രീയപരിജ്ഞാനം മനുഷ്യന് വളരെ ഉപകാരംചെയ്തിട്ടുണ്ട്. ശാസ്ത്രീയമായി നാമിന്നത്തെ ജാതിവ്യവസ്ഥാനത്തെ അപഗ്രഥിച്ചു നോക്കുക. അജഗജാന്തരം വ്യത്യാസമുള്ള പാരമ്പര്യഗുണങ്ങളെ ജാതിക്കോട്ടകൾക്കുള്ളിൽ നാം ബന്ധിച്ചുനിർത്തിയിരിക്കുകയാണ്. ഈ ഗുണങ്ങൾക്കു പൂർണ്ണമായ പരസ്പരസങ്കലനം സംഭവിച്ചാൽ ലോകത്തിലെങ്ങുംതന്നെ ഇത്രമാത്രം കഴിവുകളുള്ള ഒരു മനുഷ്യവംശം ആവിർഭവിക്കയില്ല. ബ്രാഹ്മണന് ബുദ്ധികാണാം. ശക്തി കാണുകയില്ല. ക്ഷത്രിയൻ യുദ്ധംചെയ്യും ബുദ്ധികാണുകയില്ല. ശൂദ്രന് പണിയെടുക്കാനറിയാം. ജീവിക്കാനറിഞ്ഞുകൂടാ. നമുക്കു വേണ്ടതു് ബുദ്ധിയും ശക്തിയുമുള്ള ഒരു മനുഷ്യവംശത്തെയാണ്. പണിയെടുക്കാനും ജീവിക്കാനും അറിയാവുന്ന ഒരു വംശത്തെയാണ്. സാമൂഹ്യാസമത്വങ്ങൾ ദൂരീകരിക്കുവാൻ വെമ്പൽകൊള്ളുന്ന ഇന്നത്തെ നേതാക്കന്മാരും സാമൂഹ്യപരിഷ്കർത്താക്കളും മിശ്രവിവാഹത്തിന്റെ ഈ ശാസ്ത്രീയവശവും ചൂണ്ടിക്കാണിച്ചു ജനതതിയെ ഉൽബോധിപ്പിക്കുമെങ്കിൽ അവരുടെ ലക്ഷ്യം വളരെ വിദൂരത്തിലല്ലെന്നു സമാശ്വസിക്കാൻ മാർഗ്ഗമുണ്ട്.

ഇൻഡ്യയിലുള്ളതു് ഏറിയകൂറും നിർബന്ധിതവിവാഹങ്ങളാണ്, അല്ലാതെ ദമ്പതികളുടെ ഹിതാനുസരണമുള്ള പ്രേമബന്ധമോ ശാരീരികബന്ധമോ അല്ല. ഭാവി തലമുറകളെ ഇതിലധികം ദ്രോഹിക്കുവാൻ വേറൊരുമാർഗ്ഗവും ലോകരാരും കണ്ടുപിടിച്ചിട്ടില്ല. കുടുംബക്കാരനവരുടെ ഹിതാനുസരണം മകനും സഹോദരീപുത്രിക്കും തമ്മിൽ വിവാഹം നടക്കുന്നു. അവരുടെ പാരമ്പര്യഗുണങ്ങൾ എത്രമാത്രം സമാന്തരമാണെന്നു പ്രത്യേകം പറയേണ്ടതില്ല. അവരിൽ പ്രവഹിക്കുന്ന ഒരേ രക്തത്തിന്റെ സ്വയം സംയോഗത്താൽ ജനിക്കുന്ന ശിശുവിൽ ഒരൊറ്റ നൂതനഗുണംപോലും കാണുകയില്ലെന്നുമാത്രമല്ല ശിശുവിലേക്കുപകരുന്ന ഗുണങ്ങൾതന്നെയും ദുർബ്ബലപ്പെട്ടതായിരിക്കും. അവർ രണ്ടുപേരിലും ഒരേലക്ഷ്യം ഉണ്ടായിരിക്കുമെങ്കിൽ ശിശുവിലും ആ ലക്ഷ്യം സ്വാഭാവികമായി പകരുകയും ചെയ്യും. ചിലപ്പോൾ കുടുംബപരമോ ധനപരമോ ആയ കാരണങ്ങളാൽ വൃദ്ധനും ബാലികയും ആരോഗ്യമുള്ളവനും രോഗിണിക്കും തമ്മിൽ വിവാഹം നടക്കുന്നു. അവരുടെ സന്താനങ്ങളും മനുഷ്യവംശത്തിനു ശാപങ്ങളായിരിക്കും. തന്മൂലം ഇനിവേണ്ടതു വിവിധങ്ങളായ പാരമ്പര്യഗുണമുള്ളവരും സമാന്തരമായ ആദർശങ്ങളുള്ളവരും തമ്മിലുള്ള ശാരീരികവും മാനസികവുമായ ഇണചേർച്ചയായിരിക്കണം.

അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പത്തെ തടയുവാനും ശാസ്ത്രീയമായ വിവാഹബന്ധങ്ങൾ, വളരെ സഹായകമായിരിക്കും. വിവാഹബന്ധത്തിലേർപ്പെടുന്നവർ രോഗികളായിരിക്കാൻ പാടില്ലെന്നു പ്രത്യേകം നിഷ്കർഷിക്കണം. വിവാഹം അനുവദിക്കുന്നതിനുമുമ്പു വധൂവരന്മാർ പൂർണ്ണആരോഗ്യമുള്ളവരാണെന്നുള്ള സാക്ഷിപത്രം കാണിക്കുവാൻ നിർബന്ധിതരാകണം. സന്താനനിയന്ത്രണത്തിന്റെ ആവശ്യകതയെയും അതിനുള്ള ശാസ്ത്രീയരീതികളെയും പൊതുജനങ്ങളെ ഗ്രഹിപ്പിക്കണം. എത്രത്തോളം സന്താനങ്ങൾ കുറത്തിരിക്കുമോ അത്രത്തോളം അവർക്ക് ആരോഗ്യവും ധനപരമായ കഴിവുകളും ഉണ്ടായിരിക്കും. പത്തുബലശൂന്യർക്കാൾ ഒരു ബലവാനാണ് സമൂഹത്തിന്റെ ധനം. നാമിന്നു കാണുന്ന പട്ടിണിയും രോഗവും തന്മൂലം നിഷ്കാസിതമാവുകയും ചെയ്യും. വിവാഹപ്രസ്ഥാനത്തെപ്പറ്റി ഈ ലേഖകൻ മുൻപൊരിക്കൽ ഇതേപംക്തികളിൽ തന്നെ സമഗ്രമായി ചർച്ചചെയ്തിരുന്നതിനാൽ (11-6-1124) കൂടുതൽ ദീർഘിപ്പിക്കണമെന്നാഗ്രഹിക്കുന്നില്ല.

ജന്തുക്കളെ സംബന്ധിച്ചിടത്തോളം പാരമ്പര്യഗുണനിർണ്ണായകങ്ങളായ ജീൻസിന് ഇനിയും ചില പ്രത്യേകതകളുണ്ട്. അവയിൽ ഒരെണ്ണം ലിംഗഭേദമനുസരിച്ചു ആണിലും പെണ്ണിലും വരുന്ന വ്യത്യാസങ്ങളാണ്. പുരുഷന്മാർക്ക് മീശയും സ്ത്രീകൾക്ക് സ്തനങ്ങളും ആവിർഭവിക്കുന്നതിനുള്ള കാരണമെന്തു? രണ്ടുപേരിലും ഇവയ്ക്കു് നിദാനകങ്ങളായ ജീൻസ് ഉണ്ട്. പുരുഷരിൽ ശ്മശ്രുനിദാനകങ്ങളായ ജീൻസ് രണ്ടെണ്ണം ഉള്ളപ്പോൾ സ്ത്രീകളിൽ ഒന്നുമാത്രമേ കാണുകയുള്ളൂ. അതു് ചിലപ്പോൾ പ്രവർത്തനോന്മുഖമെങ്കിൽ സ്ത്രീകളിലും അൽപം ശ്മശ്രുക്കളുണ്ടാവാം. അധോമുഖമെങ്കിൽ അവരിൽ അതുകാണുകയില്ല. സ്തനങ്ങളുടെ കാര്യം നേരേമറിച്ചാണ്. പുരുഷന്മാരുടെ ശിരസ്സിൽനിന്നും മുടി കൊഴിഞ്ഞു് കഷണ്ടിയുണ്ടാകയാൽ സ്ത്രീകൾക്ക് അപ്രകാരം സംഭവിക്കുന്നില്ല. കഷണ്ടിക്ക് കാരണമായ ജീൻസ് പുരുഷരിൽ രണ്ടുള്ളപ്പോൾ സ്ത്രീകളിൽ ഒന്നുമാത്രമേയുള്ളൂ എന്നതാണ് ഇതിനുകാരണം.

പുരുഷർ വിചാരജീവികളും സ്ത്രീകൾ വികാരജീവികളുമായിട്ടാണ് സാധാരണ കാണപ്പെടാറുള്ളതു്. രണ്ടുപേരിലും ബുദ്ധിനിദാനകമായ ജീൻസ് ഒരുപോലെ ഉണ്ട്. എന്നാൽ സാമൂഹ്യപാരമ്പര്യത്തിന്റെ നിർദ്ദയനിബന്ധനകൾമൂലം സ്ത്രീകൾ അടിമകളാവുകയും തന്നിമിത്തം ബുദ്ധിനിദാനകങ്ങളായ ജീൻസ് വികാരപ്രദങ്ങളായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. പാശ്ചാത്യസമുദായത്തിൽ കൂടുതൽ ബുദ്ധിജീവികളായ സ്ത്രീകൾ കാണപ്പെടുവാൻ കാരണം വളരെക്കാലംകൊണ്ട് അവർ പുരുഷരോടൊപ്പം സമത്വഭാവിച്ച് അടുക്കളവാദത്തിൽനിന്നും പിന്തിരിഞ്ഞു് തങ്ങളുടെ കഴിവുകളെ വേണ്ടുംവിധം വിനിയോഗിക്കുന്നതിനാലാകുന്നു.

ഫ്രാൻസിസ് ഗാൽട്ടൺ [illegible] പ്രവചിക്കുകയുണ്ടായി, മനുഷ്യന് തന്റെ പരിണാമത്തെ നിയന്ത്രിക്കുവാൻ കഴിവുണ്ടെന്നും ഇച്ഛിക്കുന്ന രീതിയിലുള്ള സന്താനങ്ങളെ സൃഷ്ടിക്കുക സാദ്ധ്യമാണെന്നും. പ്രജനനശാസ്ത്രത്തിൽ ഈ വിഭാഗത്തിനെ യൂജനിക്സ് (Eugenics) എന്നുപറയുന്നു. ഇതു് വെറും സ്വപ്നമാണെന്നു ചിലർ വാദിച്ചേക്കാമെങ്കിലും ഇന്നു നമുക്ക് ലബ്ധമായ ശാസ്ത്രീയവെളിച്ചത്തിന്റെ മുന്നിൽ ഇതു് അസാദ്ധ്യമല്ലെന്നു നമുക്ക് മനസ്സിലാക്കാം. തേന്മാവും പുളിച്ചിമാവും ഒട്ടുവെച്ചാൽ രണ്ടിലുംമെച്ചമായ ഒട്ടുമാവുകിട്ടുന്നു. മനുഷ്യനും ഇക്കാര്യത്തിൽ ഇതിനോടെല്ലാം തുല്യംതന്നെയാണ്. ബെർണാഡ്ഷായോട് ഒരിക്കൽ ഒരു സൗന്ദര്യധാമമായ സിനിമാതാരം ചോദിക്കുകയുണ്ടായിപോലും: "മി. ഷാ, നാം വിവാഹബന്ധത്തിലേർപ്പെട്ടാൽ നമുക്കുണ്ടാകുന്ന സന്താനം അങ്ങയെപ്പോലെ ബുദ്ധിയുള്ളവനും എന്നെപ്പോലെ സൗന്ദര്യമുള്ളവനും ആയിരിക്കുകയില്ലേ?' എന്ന്. ഷാ അതിന് നൽകിയ സുപ്രസിദ്ധമായ മറുപടി, "മാഡം, നേരെ മറിച്ചു സംഭവിച്ചാലോ?" നേരെ മറിച്ചു സംഭവിക്കുക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ അസംഭാവ്യമാണ്. ബുദ്ധിനിദാനകമായ ജീൻസ് ഷായിലും സൗന്ദര്യനിദാനകമായവ ആ സിനിമാതാരത്തിലും ആധിക്യം ചെലുത്തുന്നു. ആധിക്യമുള്ള ജീൻസുമാത്രമേ ആ ശിശുവിന്റെ ബുദ്ധിയും സൗന്ദര്യവും നിർണ്ണയിക്കുകയുള്ളൂ. തന്മൂലം ഷായുടെയും സിനിമാതാരത്തിന്റെയും ജീൻസിന് താൽക്കാലികവ്യതിയാനം സംഭവിക്കയില്ലെങ്കിൽ അവർക്കുണ്ടാകുന്ന സന്താനം ആ സ്ത്രീയുടെ ഹിതാനുസരണമുള്ളതായിരിക്കുമായിരുന്നു. ഏതായാലും ഒരു കാര്യം വ്യക്തമാണ്. പാരമ്പര്യഗുണങ്ങളുടെ ഉദ്ധാരണം ദുഷിച്ച സാമൂഹ്യപാരമ്പര്യങ്ങളുടെ ധ്വംസനംമൂലമേ സാധിതമാകുകയുള്ളൂ.

(പകർപ്പവകാശം)



വില്യം സി. ഫോസ്റ്റർ—യുണൈറ്റഡ്സ്റ്റേറ്റ്സ് സാമ്പത്തികസഹകരണവകുപ്പിന്റെ ഡെപ്യൂട്ടി അഡ്മിനിസ്ട്രേട്ടർ. യൂറോപ്യൻ ധനസഹായപദ്ധതിസംബന്ധിച്ചുള്ള ജോലി നിർവ്വഹിക്കുന്നതു ഈ വകുപ്പാണ്. ലോകസമാധാനത്തിന് പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികപുനരുദ്ധാരണം അത്യന്താപേക്ഷിതമാണെന്നു മി: ഫോസ്റ്റർ പ്രസ്താവിക്കുകയുണ്ടായി. സാമ്പത്തികപുനരുദ്ധാരണ പദ്ധതി സമാരംഭിച്ചു രണ്ടുവർഷത്തിനകം 10 000,000000 ഡോളർ അതിനായി വിനിയോഗിച്ചു; 1952 ജൂൺ 30-ന് അതു പരിസമാപിക്കുന്നതുവരെ ഇനിയുമൊരു 5,000 000 000 ഡോളർകൂടി ചിലവാക്കുന്നതാണ്. പുനരുദ്ധാരണപ്രവർത്തനങ്ങൾ പരിപാടിയിൽ നിർദ്ദേശിച്ചിരുന്നതിൽ കൂടുതൽ വേഗത്തിൽ പുരോഗമിക്കുകയാണെന്നും, യൂറോപ്പിൽ അതുകാരണം ആശാവഹമായ മാറ്റങ്ങളുണ്ടായിട്ടുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.









മൃണാളിനിസാരാഭായിയും ഇന്ത്യൻ നർത്തകരുമടങ്ങിയ സംഘം. മുകളിൽ നടുക്ക് മൃണാളിനിസാരാഭായിയും ചാത്തുണ്ണിപ്പണിക്കരും. മുകളിൽ ഇടത്ത്: 'ഉപഗുപ്തനിൽ'നിന്നുള്ള ഒരു രംഗം. മുകളിൽ വലത്ത്: ശ്രീകന്യതങ്കമ്മ, മീനാക്ഷി എന്നിവരും ശിവശങ്കർ, യോഗേന്ദ്രശർമ്മ, ഗോവിന്ദൻ എന്നിവരും. മററു രംഗങ്ങളും തോഡയം, പുറപ്പാട് തുടങ്ങിയ കഥകളി ഡാൻസുകളിലേയും വസന്തവിജയം, അഭിസാരിക്, വള്ളി തുടങ്ങിയ നൃത്തനാടകത്തിലേയും ചില രംഗങ്ങളാണ്.







താഴെ വലത്ത്:-

മിസ്സിസ് ശങ്കരൻകുട്ടി മോഹിനിയുടെ വേഷത്തിൽ. ശങ്കരൻകുട്ടി നടരാജൻെറ വേഷത്തിൽ.





# ടാഗോറിനോടുകൂടി ഒരുദിവസം

ഡി. പി. മുക്കർജി

മഹാകവിയുമായി എനിക്കുണ്ടായിരുന്ന മുപ്പതുവർഷത്തെ പരിചയത്തിൽ, ഇരുപതുവർഷവും ബുദ്ധിപരമായ ഉററ സമ്പർക്കബന്ധം പുലർത്തിയിരുന്നതായി അവകാശപ്പെടാം. അതായതു്, ഞങ്ങളുടെ തലമുറയുടെ വളർച്ചയും അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏററവും ഉജ്ജ്വലവും, പ്രതിഭ അതിന്റെ പ്രഭാപ്രസരണത്തിന്റെ ഉച്ചകോടിയിൽ എത്തിയിരുന്ന അവസരവും സമകാലികമായിരുന്നു. സാഹിത്യചരിത്രത്തിലെ ഏററവും സുസമ്മതങ്ങളായ കവിതകളും, ബംഗാളിസാഹിത്യത്തിൽ പ്രസ്തുത പ്രസ്ഥാനത്തിന്റെ പ്രഥമമാതൃകകളായ നോവലുകളും കഥകളും, ലോകത്തെ ഒരു നൂതന വീക്ഷണകോണത്തിൽകൂടി ദർശിക്കുവാൻ ഞങ്ങളെ പഠിപ്പിച്ച രാഷ്ട്രീയവും, സാംസ്കാരികവും സാമുദായികവുമായ ഉപന്യാസങ്ങളും, ഭാവസൗന്ദര്യവും അഭിനയചാതുരിയും ഒത്തിണങ്ങിയ നാടകങ്ങളും മഹാകവി രചിച്ചതു് ഇക്കാലത്താണു്. ഈ കാലഘട്ടത്തിൽ അദ്ദേഹം വിദേശപര്യടനത്തിൽ അധികം കാലം കഴിച്ചുകൂട്ടിയെങ്കിലും അക്കാലമത്രയും അദ്ദേഹം ഞങ്ങളുമായി കത്തിടപാടുകൾ നടത്തിയിരുന്നു. ഇംഗ്ലണ്ട്, ജാവാ, ചൈനാ, റഷ്യാ, പേർഷ്യ മുതലായ സ്ഥലങ്ങളിൽനിന്നും കത്തുകൾ പെയ്യുകയല്ല പ്രവഹിക്കുകയാണു ചെയ്തിരുന്നതു്. വിശ്വബന്ധുത്വത്തെ മാത്രമല്ല ഒരു ഏകാന്തമനോഭാവത്തെ സൃഷ്ടിക്കുവാനും അതുപകരിച്ചു. മഹാകവിയുമായി അടുത്തിടപെടുവാനുള്ള മഹാഭാഗ്യം ഞങ്ങളിൽ ചിലർക്കു ലഭിച്ചു. അദ്ദേഹത്തിന്റെ പല സൃഷ്ടിപരപ്രവർത്തനങ്ങൾക്കും ഞങ്ങൾ ദൃക്സാക്ഷികളായിരുന്നു. സുന്ദരമായ കൈയക്ഷരത്തിലൂടെ ചിത്രങ്ങളും ഉദയുന്നതും മധുരഗാന



ങ്ങളായി മാറുന്നതും ഞങ്ങൾ കണ്ടു. പുതിയ പുതിയ കഥകളും കവനങ്ങളും വായിച്ചുകേൾക്കുന്നതിനു പുറമെ അദ്ദേഹവുമായി സരസസംഭാഷണങ്ങളിൽ ഏർപ്പെടുവാനും ഞങ്ങൾക്കു കഴിഞ്ഞിരുന്നു. നർമ്മസല്ലാപങ്ങളിൽ അദ്ദേഹത്തിനുള്ള വിരുതു് അപാരമായിരുന്നു.

ഇനിയും സ്വന്തമായി ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. പടർന്നു പന്തലിച്ച അദ്ദേഹത്തിന്റെ പ്രതിഭാവിലാസത്തിന്റെ സാമീപ്യം ഞങ്ങളിൽ ചില വ്യക്തിമുദ്രകൾ പതിപ്പിച്ചിരിക്കണമെന്നു നിങ്ങൾ വിചാരിച്ചേക്കാം. ഞങ്ങളിലധികംപേരെയും അദ്ദേഹം അപഹൃതചിത്തവൃത്തികളാക്കിയിട്ടുണ്ടെന്നു സമ്മതിക്കാം. പക്ഷെ അദ്ദേഹം ഒരു തികഞ്ഞ ജനാധിപത്യവാദി ആയിരുന്നു. അന്തസ്സും മര്യാദയുമുണ്ടെങ്കിൽ ഏതു വൈവിധ്യങ്ങളെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. സബൂജ് (ഹരിത) പത്രം എന്ന പ്രസിദ്ധ പത്രത്തിന്റെ കക്ഷികാരനായിരുന്നു ഞാൻ. അദ്ദേഹത്തിന്റെ ഏററവും നല്ല പല ലേഖനങ്ങളും ഞങ്ങൾക്കു നൽകിയിരുന്നു. പക്ഷെ ഞങ്ങളുടെ വ്യക്തിത്വത്തെ നിലനിർത്തുവാൻ അദ്ദേഹം അനുവദിച്ചു. വിമർശനപരമായ ഞങ്ങളുടെ ബുദ്ധിയെ ഞങ്ങൾ പരിരക്ഷിച്ചു. ചെറുപ്പക്കാരായ അംഗങ്ങളോടായിരുന്നു അദ്ദേഹത്തിനു കൂടുതൽ പ്രീതി. ഞങ്ങളുടെ നേതാവും പ്രസിദ്ധ ബംഗാളി സാഹിത്യകാരനുമായ പ്രമഥാ ചൌധുരി പോലും അദ്ദേഹത്തിന്റെ [illegible] ആജ്ഞികളാവാൻ അധികമാർക്കും കഴിഞ്ഞിട്ടില്ല. ടാഗോറിന്റെ ഒരു സഹോദരപുത്രിയെയാണദ്ദേഹം വിവാഹം കഴിച്ചിരുന്നതു്. തന്റെ മഹത്തായ വ്യക്തിത്വത്തെ നിലനിർത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ടാഗോർ സ്മരണകളെ അയവിറക്കുകയല്ല, പ്രത്യുത, അദ്ദേഹത്തിന്റെ ചെയ്തികളെപ്പററി പറയാനുള്ള എന്റെ അപ്രാപ്തിക്കു മാപ്പപേക്ഷിക്കാനാണു ഞാൻ തുനിയുന്നതു്. ഞാൻ ചതുരമായിട്ടേ അദ്ദേഹവുമായി ദിവസംമുഴുവനും കഴിച്ചുകൂട്ടിയിട്ടുള്ളു. പക്ഷെ ജീവിതം മുഴുവനും അദ്ദേഹം എന്നെ അനുഗമിച്ചിരുന്നു. തീയതികൾകൊണ്ടു കണക്കുകൂട്ടാവുന്ന വിധത്തിലല്ലല്ലോ സ്വാധീനശക്തി പ്രവർത്തിക്കുന്നതു്.

സംഭവങ്ങൾ എന്റെ മനസ്സിൽ തിരതല്ലുന്നു. പഴയകാലങ്ങളിലെ പല സ്മരണകളിലേക്കു കടക്കാം. ൧൯൧൨-ലോ ൧൯൧൩-ലോ ആണെന്നു തോന്നുന്നു, മഹാകവിക്കു നോബൽസമ്മാനം ലഭിക്കുന്നതിനു മുമ്പാണു്, അദ്ദേഹത്തിന്റെ ഒരു ആരാധകനായിരുന്ന ഞങ്ങളുടെ പ്രൊഫസ്സർ എന്നെ ശാന്തിനികേതനത്തിലേക്കു കൂട്ടിക്കൊണ്ടുപോയതു്. മഹാകവി ഒരു നാടകത്തിനു പരിശീലനം നടത്തുകയായിരുന്നു. ഞങ്ങൾക്കു സുഖകരമായ ഭക്ഷണം നൽകിയിരുന്നു. സായാഹ്നത്തിൽ, റിഹേഴ്സൽ കഴിഞ്ഞു അദ്ദേഹം ഞങ്ങളോടു കുശലപ്രശ്നം നടത്തുകയും വെടിപറയുകയും ചെയ്തശേഷം ഞങ്ങളോടു പാടാൻ ആവശ്യപ്പെട്ടു. ഞങ്ങളിലൊരാൾ പാടാൻതുടങ്ങി. ടാഗോർ അയാളുടെ കൈയ്യിൽനിന്നും "കൃ" വാങ്ങിത്തന്നെത്താൻ പാടാനാരംഭിച്ചു. ഹാ! എന്തൊരത്ഭുതമായിരുന്നു അതു്! ഗാനങ്ങൾ സംഗീതമാകുന്ന വെള്ളച്ചാട്ടത്തിലൂടെ പ്രവഹിച്ചു. കണ്ണുകൾ അടഞ്ഞിരുന്നു. നെററിയിൽ ചുളിവുകൾ വീണിരുന്നു. ഞങ്ങളെയെല്ലാം ലയിപ്പിച്ചുകൊണ്ടു് സംഗീതം അങ്ങിനെ നിശ്ശബ്ദതയിൽ ക്രമേണ ലയിച്ചു. അതെപ്പോഴവസാനിച്ചെന്നെനിക്കറിവില്ല. ഏറെ നേരം തമസിച്ചുകാണും. അദ്ദേഹം ഞങ്ങളെ ഉഴറിന ക്ഷണിച്ചു. ടാഗോർ ബഹുകാര്യവ്യഗ്രനായി കാണപ്പെട്ടു. രാവിലെ നാലുമണിമുതൽ അദ്ദേഹം അത്യന്തം പ്രവൃത്തിയേർപ്പെടുകയാണെന്നു് കൂട്ടത്തിലൊരാൾ പറഞ്ഞപ്പോൾ ഞങ്ങൾ അതിശയിച്ചു. സൃഷ്ടിയുടെ പ്രാരംഭത്തിലെ തമസ്സിന്റെ അസാന്നിദ്ധ്യത്തിനുള്ള നഷ്ടപരിഹാരം പ്രതിദിനമുള്ള സൂര്യോദയദർശനംകൊണ്ടു് അദ്ദേഹം നിർവ്വഹിക്കുകയാണെന്നു ഞങ്ങൾ അറിഞ്ഞിരുന്നില്ല. ഞങ്ങൾ പിരിഞ്ഞു. പക്ഷെ ആ സംഗീതം ഞങ്ങളുടെ നിദ്രയെ അപഹരിച്ചു. ഞാനും പ്രൊഫസ്സറുംകൂടെ, അർദ്ധരാത്രിയായപ്പോൾ, മുറിക്കു വെളിയിലിറങ്ങി, സാൽ മരക്കൂട്ടങ്ങളുടെ ഇടയിലൂടെ നടക്കാൻ തുടങ്ങി. ചന്ദ്രികയിൽ ആരോ ഉലാത്തിക്കൊണ്ടിരുന്നു. ശാന്തിനികേതനത്തിൽ സഞ്ചരിക്കാറുണ്ടെന്നു വിശ്വസിക്കപ്പെട്ടിരുന്ന ഭൂതമായിരിക്കുമോ അതു്? ഞങ്ങൾ അടുത്തെത്തി. അതു ടാഗോർ ആയിരുന്നു. സമുദ്രതീരത്തെ പാറപ്പുറത്തു് ഏകനായിരുന്ന ടോൾസ്റ്റോയിയെപ്പററിയുള്ള മാക്സിംഗോർക്കിയുടെ സ്മരണകൾ അന്നു ഞാൻ വായിച്ചിരുന്നില്ല. ഇപ്പോൾ ആ സംഭവത്തിന്റെ പ്രതീതിയാണു് എനിക്കിതാലോചിക്കുമ്പോൾ ഉണ്ടാകുക. ചന്ദ്രന്റെ മാധുരീകവിതയിൽ [illegible] ഭേദിച്ചു അദ്ദേഹത്തിന്റെ സന്നിധിയിൽനിന്നും ഞങ്ങൾ കടന്നുകളഞ്ഞു.

മററൊരു സംഭവം പറയാം. ആയിരത്തി[illegible]ൽ ഞങ്ങൾ പ്രശാന്തചന്ദ്രന്റെ ബെല്ലിഗഞ്ചിലുള്ള വസതിയിൽ സമ്മേളിക്കാറുണ്ടായിരുന്നു. [illegible]വ്യാപാരത്തിന്റെ ഏതെങ്കിലും പ്രസ്ഥാനത്തിനു എന്തെങ്കിലും സ്ഥാനംവഹിച്ചിരുന്ന എല്ലാവരുംതന്നെ അവിടെക്കൂടി വിവിധ പ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യാറുണ്ടു്. ഒരു ദിവസം ടാഗോർ തന്റെ വിദേശപര്യടനം കഴിഞ്ഞു് കൽക്കത്തയിൽ വരുന്നുണ്ടെന്നും ഞങ്ങളുടെ സമ്മേളനത്തിൽ സംബന്ധിക്കുമെന്നും അറിഞ്ഞു. പ്രസിദ്ധനാഖ്യായികാകാരനായ ശരച്ചന്ദ്രചാറ്റർജി തന്റെ ഒരു ഗായകസുഹൃത്തുമായി അവിടെ ഹാജരായിരുന്നു. ടാഗോർ അകത്തേക്കു പ്രവേശിച്ചതോടെ ഞങ്ങളെല്ലാം എഴുന്നേററു. ശരച്ചന്ദ്രൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ സ്പർശിക്കുവാൻ നമിച്ചപ്പോഴേക്കും ടാഗോർ അദ്ദേഹത്തെ എഴുന്നേല്പിച്ചു്, ആലിംഗനം ചെയ്തു. അതവരുടെ പ്രഥമസന്ദർശനമായിരുന്നു. ടാഗോറിന്റെ ഒരു വലിയ ആരാധകനായിരുന്നു ശരച്ചന്ദ്രൻ. അമ്പതുപ്രാവശ്യം താൻ "ഗോറാ" വായിച്ചിട്ടുണ്ടെന്നദ്ദേഹം പറയാറുണ്ടായിരുന്നു. അവർ ഇരുന്നുകഴിഞ്ഞപ്പോൾ ടാഗോർ പറഞ്ഞു "നിങ്ങളുടെ നോവലുകൾ ഞാൻ വിഴുങ്ങുകയാണു ചെയ്യുന്നതു്. വാസ്തവത്തിൽ, മററൊന്നും വായിക്കുവാൻപോലും എനിക്കു കഴിയുന്നില്ല. നമുക്കു മററുപല കാര്യങ്ങളെപ്പററിയും ചർച്ചചെയ്യാനുണ്ടല്ലോ." "ശൈലി"യെപ്പററിയും പദ്യനിർമ്മാണത്തെക്കുറിച്ചും സംസാരിച്ചു്, അദ്ദേഹം സാഹിത്യത്തിലെ ആദർശപരതയിലേക്കു കടന്നു. അനുഭവത്തിൽനിന്നാണു താൻ സാഹിത്യസൃഷ്ടി ചെയ്യുന്നതെന്നു ശരച്ചന്ദ്രൻ അഭിപ്രായപ്പെട്ടു. ശരച്ചന്ദ്രൻ ജീവിതത്തെ കണ്ടെത്തിയിട്ടുണ്ടെന്നു നമുക്കറിയാം. ഒരു വേലക്കാരനെപ്പോലെ അദ്ദേഹം മുററം അടിച്ചുവാരിയിട്ടുണ്ടു്. പല കൂട്ടുകെട്ടിലുംപെട്ടു് അദ്ദേഹം ബീഹാറിലും ബംഗാളിലും ബർമ്മയിലും കാൽനടയായി സഞ്ചരിച്ചിട്ടുണ്ടു്. ക്ലാർക്കായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. പ്ലേഗുബാധിതപ്രദേശങ്ങളിൽ സമുദായസേവനം ചെയ്തിട്ടുണ്ടു്. കൃഷി നടത്തിയിട്ടുണ്ടു്. വാസ്തവികപ്രസ്ഥാനത്തിൽ പെടുന്ന പല നോവലുകളും എഴുതിയിട്ടുണ്ടു്. അനുഭവജ്ഞാനം അദ്ദേഹത്തിന്റെ വീക്ഷണഗതികളെ തീക്ഷ്ണമാക്കിയിരുന്നു. ക്രൂരമായ വികാരങ്ങളുൾക്കൊന്ന തിരശ്ശീല, അവയായ വാസ്തവികപ്രസ്ഥാനത്തിലേക്കു നയിച്ചു. ടാഗോർ തന്റെ സ്വതസിദ്ധമായ മൃദുലരീതിയിലാണു സംസാരിച്ചതു്: "ആശയങ്ങളും വികാരങ്ങളും ജീവിതയാഥാർത്ഥ്യങ്ങളല്ലേ?" അദ്ദേഹം തന്റെ ദൃഷ്ടികളെ താഴേക്കാക്കിക്കൊണ്ടു ചോദിച്ചു. "ജീവിതത്തിലെ യാഥാർത്ഥ്യങ്ങൾ ഞാൻ നേരിട്ടനുഭവിച്ചിട്ടില്ല. ഭാവനയാകുന്ന യവനികയുടെ പിന്നിൽനിന്നും ജീവിതം ഒളിഞ്ഞുനോക്കുന്നതായിട്ടേ എനിക്കനുഭവപ്പെട്ടിട്ടുള്ളു." "മനുഷ്യന്റെ കഴിവിനു് അതീതമായ വിപരീതശക്തികളോടുള്ള ഒരു പോരാട്ടമാണു കല" എന്നു് അഭിപ്രായപ്പെട്ടപ്പോൾ മാർക്സു് ഇതിൽകൂടുതൽ ആഗാധമായി ചിന്തിച്ചിരിക്കുകയില്ല. "ഭാവന"യെന്നദ്ദേഹം പറഞ്ഞെങ്കിലും, വാസ്തവത്തിൽ ബുദ്ധിമുട്ടുകളെ കീഴടക്കാൻ ഒരു കലാകാരൻ ഉപയോഗിക്കുന്ന പ്രധാനമായ ഉപകരണമല്ലേ അതു്. അതായതു് ആ ഉപകരണത്തിന്റെ മറെറാരു പേരാണു ഭാവന. ഈ ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ അടുത്തിരുന്ന ഭാഗവതർ വിരസനാകുന്നതുകണ്ടു് ടാഗോർ പെട്ടെന്നു് സംസാരം "കവിതയുടെയും സംഗീതത്തിന്റെയും തുലത്തിലുള്ള വ്യത്യാസം" എന്ന വിഷയത്തിലേക്കു തിരിച്ചു. ഭാഗവതർ ചൊടിച്ചു. ടാഗോർ പാടാൻ ആവശ്യപ്പെട്ടു. അദ്ദേഹം ശ്രുതിമധുരമായി പാടി.

ലക്നൌ നഗരത്തിനു ചില പ്രത്യേകതകളൊക്കെയുണ്ടു്. മഹാകവിക്കു് ആ നഗരം വളരെ പ്രിയംകരമാണു്. മഹമ്മദാബാദിലെ നവാബായ സാലിബുള്ള, ബോംഗു്, ഏ. പി. സെൻ മുതലായ പല സ്നേഹിതന്മാരും അദ്ദേഹത്തിനു് അവിടെ ഉണ്ടായിരുന്നു. കല്ലായും ബിന്ദാലീൻമഹാരാജും അദ്ദേഹത്തിന്റെ പ്രത്യേകവാത്സല്യത്തെ ആർജ്ജിച്ചിരുന്നു. ലക്നൌയിൽനിന്നുള്ള ക്ഷണങ്ങളൊന്നും അദ്ദേഹം നിരസിക്കാറില്ലായിരുന്നു. ഒരിക്കൽ അദ്ദേഹം എന്റെ ഒരു സ്നേഹിതയുടെ ഗൃഹത്തിൽ വന്നിരുന്നു. അവിടെ ഒരു സംഗീതക്കച്ചേരിയും ഏർപ്പാടുചെയ്തിരുന്നു. ഉച്ചതിരിഞ്ഞപ്പോൾ അദ്ദേഹത്തിനു് ഉഷ്ണം വർദ്ധിച്ചു. ചൂടു് ൧൦൪-ഡിഗ്രി വരെ ഉയർന്നു. ഞങ്ങൾ കുണ്ഠിതപ്പെട്ടു സംഗീതക്കച്ചേരി വേണ്ടെന്നുവയ്ക്കുവാൻ ആലോചിച്ചു. "നിങ്ങൾ എന്നെ കൊല്ലാൻപോകയാണോ? എനിക്കു യാതൊരു സുഖക്കേടുമില്ല. എന്തായാലും പാട്ടുനടത്തുകതന്നെവേണം." എന്നായി, ടാഗോർ. അതനുസരിച്ചു പാട്ടാരംഭിച്ചു. ഞങ്ങളുടെ നിർബ്ബന്ധപ്രകാരം മഹാകവി മറെറാരു മുറിയിൽ കിടന്നുകൊണ്ടു് സംഗീതം കേട്ടുകൊണ്ടിരുന്നു. ഗാനം അതിന്റെ ഉച്ചശ്രേണിയിലെത്തിയപ്പോൾ പാടിക്കൊണ്ടിരുന്ന മുറിയിലേക്കദ്ദേഹം കടന്നുവന്നു ഞങ്ങളെ അത്ഭുതപ്പെടുത്തി. അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ ഞങ്ങൾ ധൈര്യപ്പെട്ടില്ല. പാട്ടിൽ ദത്തശ്രദ്ധനായ അദ്ദേഹം ഗായകനോടൊത്തു പാടിക്കൊണ്ടിരുന്നു. ടാഗോറിനു് സംഗീതത്തിൽ വലിയ പരിജ്ഞാനമൊന്നുമില്ലെന്നുകരുതിയിരുന്ന ഭാഗവതർ അതിശയിക്കാതിരുന്നില്ല. മണി പന്ത്രണ്ടുകഴിഞ്ഞു. തന്റെ മുറിയിലേക്കു് മടങ്ങവേ ഞാനദ്ദേഹത്തോടു് നയനാന്തസംജ്ഞയാൽ അഭ്യർത്ഥിച്ചു. "നിങ്ങളോടെനിക്കൊരായിരം കാര്യങ്ങൾ പറയാനുണ്ടു്," അദ്ദേഹം ഉച്ചത്തിലാണു സംസാരിച്ചതു്. പനി വളരെ കൂടുതലാണെന്നു ശബ്ദത്തിൽനിന്നും മനസ്സിലാക്കാമായിരുന്നു. കൂടിയിരുന്നവരെയെല്ലാം പിരിച്ചുവിട്ടു് ടാഗോറിനെ കിടക്കുവാൻ ആതിഥേയി നിർബ്ബന്ധിച്ചു. ഞാൻ അദ്ദേഹത്തിന്റെ കിടക്കയിൽ ഇരുന്നു. "നിങ്ങളുടെ ഭാര്യയെ ഒരു സ്ഥലത്തു കൊണ്ടുപോകയാണെങ്കിൽ അവൾക്കുള്ള സകല സാരികളും ആഭരണങ്ങളും നിങ്ങൾ അണിയിക്കുമോ?" അദ്ദേഹം ചോദിച്ചു. ഞാൻ ഒരു വിഡ്ഢിത്തം പറഞ്ഞു് ചോദ്യത്തിൽനിന്നും ഒഴിയാൻ ശ്രമിച്ചു. പക്ഷെ അദ്ദേഹം ഗൗരവംവിടാതെ ഇങ്ങനെ തുടർന്നു: "ഒരു രാഗംതന്നെ എന്തിനു് എല്ലാ അലങ്കാരങ്ങളോടുംകൂടെ പാടപ്പെടുന്നു? ഓരോന്നിനും പ്രത്യേകം പാട്ടുകൾ ആയിക്കൂടേ?" സംഗീതശാസ്ത്രത്തിന്റെ നെല്ലിപ്പലകവരെ എത്തുന്ന ഒരു ചോദ്യമായിരുന്നു അതു്. അതിനൊരുത്തരം തയ്യാറാക്കാൻ എനിക്കൊരുമാസത്തോളംതന്നെ വേണ്ടിവന്നു. അദ്ദേഹത്തിന്റെ മറുപടികൾ സംഗീതവിമർശനവീഥിയിലെ സുപ്രധാനഭാഗങ്ങളാണു്.

ഇത്തരം സംഭവങ്ങൾ ഒന്നല്ല, അനവധിയുണ്ടു്. ഞാൻ വിവരിച്ചിട്ടുള്ളവയിൽനിന്നും നിങ്ങൾക്കു മനസ്സിലാക്കാം, അവയെല്ലാം സംഗീതത്തിലാണവസാനിച്ചിട്ടുള്ളതെന്നു്. എല്ലാ സംഭവങ്ങളും പ്രായേണ അങ്ങിനെതന്നെ ആയിരുന്നു. കാരണം മറെറാന്നുമല്ല; അദ്ദേഹത്തിന്റെ പ്രതിഭ സംഗീതസാന്ദ്രമായിരുന്നു. തന്റെ കവിതകളെ ലോകം വിസ്മരിച്ചാലും ഗാനങ്ങളെ മറക്കുകയില്ലെന്നദ്ദേഹം പറയാറുണ്ടായിരുന്നു.

അതെങ്ങിനെയിരുന്നാലും എന്റെ മുപ്പതു വർഷത്തെ പരിചയംകൊണ്ടു് എന്റെ ഹൃദയത്തിൽ മായാതെ പതിഞ്ഞിട്ടുള്ളതു അദ്ദേഹത്തിന്റെ മൃദുലഹൃദയത്വമാണു്. ഔദാര്യത്തിന്റെ ഏററവും മികച്ചഭാവം. പക്ഷെ ആ മൃദുലതയ്ക്കു് അന്തസ്സും, ഔർജ്ജിത്യവും, ചിട്ടയുമുണ്ടായിരുന്നു. പലരും വിചാരിച്ചതുപോലെ അതു് സ്ത്രീസഹജമായ ദൌർബ്ബല്യമായിരുന്നില്ല. നവംനവങ്ങളായ മാററങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്നതിനു് അദ്ദേഹത്തെ സഹായിച്ചതു് ഈ മൃദുഹൃദയത്വമാണു്. പുതിയതിനെപ്പററി അദ്ദേഹത്തിനു് യാതൊരു ഭയവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പരിശുദ്ധതയും നിഷ്കളങ്കതയും, സൂക്ഷ്മസുന്ദരമായ നൂതനചിന്താഗതികളിലേക്കു നിർഭയമായി സഞ്ചരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. അവസാനംവരെ അദ്ദേഹം ഭാവിയെ നോക്കിക്കൊണ്ടിരുന്ന ഒരു യുവവിദ്യാർത്ഥിയായി ജീവിച്ചു. ആകാശത്തെ ആത്മാവിൽ വഹിച്ചുകൊണ്ടു് സമയത്തെ സൂക്ഷ്മസുന്ദരപ്രവൃത്തികൾകൊണ്ടു് ബന്ധിക്കുന്ന മഹാത്മാക്കളെന്നു് ഏതാദൃശവ്യക്തികളെ നമുക്കു വിളിക്കാം.

(പരിഭാഷകൻ കെ. ഗോപിനാഥൻനായർ)

—o—


അറിയിപ്പ്

ഓടുകൾ

വിദഗ്ദ്ധന്മാരാൽ നിർമ്മിക്കപ്പെട്ട മേച്ചിൽ ഓടുകൾ കമത്തോടു്, കുമ്പുമോടു്, വയർകട്ട മുതലായവ മിതമായ റേററിൽ എപ്പോഴും കൊടുക്കപ്പെടും.

തിരുവിതാംകൂറിലും വെളിയിലും ഏജൻറന്മാരെ ആവശ്യമുണ്ടു്.

അപേക്ഷിക്കുക — മാനേജിംഗ് പ്രൊപ്രൈറ്റർ,

അംബുജം ടൈൽവർക്ക്സ് & സാമിൽസ്, ചവറ



ഇനാം! നിങ്ങളുടെ യോഗനില



പ്രേമം, ആരോഗ്യം, പരീക്ഷ, ജോലിക്കാര്യം, സംരക്ഷണം, ഗ്രഹങ്ങൾ, കട്ടികൾ, കച്ചേരികാര്യം, കലഹം, ബാധ ഉപദ്രവം എന്നീ വിഷയങ്ങളെപ്പററിയ നിങ്ങളുടെ 12-മാസത്തെ ജാതകഫലം വെറും സൌജന്യമായി പറയും. കൂടാതെ ഭാഗ്യഫലങ്ങളെ അകാരണ ഭാഗ്യമൊതിരവും കാണത്ത റേററിൽ അയയ്ക്കും. ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും എഴുതുന്ന സമയവും അറിയിക്കുക. (എഴുത്തു് ഇംഗ്ലീഷിൽ)

Prof: Anand Royal Astrologer, P. B. 61,
(MRQ)
AMRITSAR.



ആവശ്യമുണ്ടു്

പുതിയ ഡിസൈനിലുള്ള യു. എസ്. ഏ. ഫൌണ്ടൻപേനകളുടെ വില്പനയ്ക്കായി കമ്മീഷൻ വ്യവസ്ഥയിലോ, 300രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജൻറന്മാരെ ആവശ്യമുണ്ടു്. സാമ്പിളിനും സൌജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകുത്തു ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Sadder Bazaar, DELHI.

# INDO-AMERICAN FRIENDSHIP

SAROJA NAIR

America and India have a strange fascination for each other. In spite of the great material progress, America has got high respect for India's spiritual culture and has immense faith in India's future mission. When India sends her best men and women of youthful spirit to America in order to acquire knowledge in the modern sciences, she in turn seeks Indian help to quench her spiritual thirst. The people of America flock to the Hindu students to learn from them something or other of the 'Sanathana' theories about birth, life and death. It is a pity, no one of them can answer to their questions. Americans are wonder struck at the ignorance of the Hindu students. They ask the swamijies of the Sree Ramakrishna Mat there why the Indians are so negligent about their own religion which is so scientific and most perfect. Swami Vividishananda of America, the other day said, that he had often satisfied the questioners with the answer: 'Hinduism is a religion to be understood and practised, not to be preached'. The advancement in materialism proves the backwardness in spiritualism. It is high time that all of us, especially our youngsters, are well acquainted with the true Vedanta principles of the Sanathana Dharma of the ancient Indians. Hinduism is only Indianism, not at all a separate religion. It is the religion that teaches man his duties as son, husband, father, citizen and neighbour, etc., etc. It is the only scientific method by which man can enjoy absolute bliss. Every other religion such as Vaishnavism, Saiwism, Brahmanism, Sakthism, Budhism, Jainism ,Judaism, Xtianity, Mohamadanism etc., is in Hinduism and not outside of it. All prophets have preached only the stauch principles of the Sanathana Vedanta. All religions lead to Hinduism, nay, all religions are in Hinduism.

At the Art Institute of Chicago, Swami Vivekananda with his noble bearing, handsome face, musical voice, brilliant apparel, and his compelling personality, electrified some 7,000 or so of the Americans in the parliament of religions in 1893. When headdressed them as "Sisters and Brothers of America" great was its effect Well did the people understand that a sound brotherhood of men on earth can be created only on a spiritual basis. Swami Vivekananda formed the confluence of two great streams of thought — the oriental and the occidental — and dominated them both. In order to realise the full significance of the occasion it is necessary to know the background of the Swami's thoughts and also that of the contemporary American culture.

Studying with pandits, meditating in caves and forests talking with princes and beggars, his sharp eyes dialated on the problems of his motherland the Swami became convinced that spirituality was the backbone of India, and its mission to the whole world outside. He was touched by the crushing proverty of India, the backwardness of the Indians and the stagnation of Hindu Society. How to rejuvenate Hinduism and to make it once more the vehicle of a great spiritual culture, was the object of his thoughts by day and of his dreams by night. Finding no cooperation from his fellow-men he sought the help of the scientific and dynamic people of the West. In return for the knowledge of Vedanta he tried to get for India the scientific and technological knowledge from the westerners just enough to raise the standard of living here. He thought it wise to preach religion here after relieving the poverty of the masses. He felt quite sure that India, revitalized by the wisdom of science and technology, would again rise up as the spiritual leader of the whole world. He believed it was God's will that turned him towards the New World.

America in her turn was ready to receive the young Indian prophet. From the early stages of America's colonial history religion has had a prominent part in her social and cultural life. In the 'Mayflower' in 1620 pilgrims from England and Holland landed in America just for the sake of freedom of worship. The later colonists were there who resented the religious restrictions imposed upon them by the then rulers of England. These two sects combined and formed the sturdy, religious-minded New Englanders and two centuries after became the intellectual and spiritual leaders of America. Abraham Lincoln has said 'America is a nation conceived in liberty and dedicated to the proposition that all men are created equal'. It is true a tremendous passion for freedom, equality, justice and oneness permeated the thinking of Americans during the first hundred years of their independence. To these ideals Swami gave a spiritual interpretation from the stand point of Vedanta.

During the 19th Century the cultural history of America presents a series of events which culminated in the Parliament of Religions in Chicago. The original 13 colonies had developed into the United States of America, a land of natural resources, to which the Europeans brought a spirit of technical skills, adventure and courage. America produced a number of statesmen, politicians, inventors, economists, idealists, military experts, thinkers, poets, writers and practical men Its material prosperity awaken men's minds and consciences. In Philadelphia in 1833 an anti slaverys ociety was started Emerson's Transcendental Movement was in truth a fore-runner of Swami's Vedanta movement. Emerson was influenced by the philosophy of Greece, the ethics of China, the poetry of the Sufis, and the mysticism of India. He knew by heart the Gita, and had read the Upanishads. He adopted for his motto 'Light from the East.' Walt Whitman in 'Leaves of Grass' breathes the spirit of identity with every form of life. His 'Song of the Open Road' is full of Vedantic principles ............. No wonder such a land received in full Swami's message of universality, equality, freedom and oneness.

The Gold Rush in 1849 diverted the American peoples' attention. The Civil War intensified their desire for material progress and changed their attitude towards life. Immigrants from other parts of Europe damped the spiritual ardour of the early Americans. In 1859 Darwin's theory of life revolutionised the thoughts of men. But respective ones felt hungry for the freedom and happiness that can never be had from materialism Enlightened Americans naturally yearned for a philosophy that, going hand in hand with science, would show them the way to a higher vision of life. The way was clear for Thoreau's dreams of a marriage of East and West to be fulfilled . The time was ripe for a synthesis of science and mysticism. The right person came in Swami's personage America, which was always eager for new truths, where ever found, welcomed Swami and is even now very much interested in the Vedanta movement inaugurated by him.

Swami showed them the universality of Hinduism, the rational basis of spirituality, and the scientific value of religion. He was invited to different parts of America to explain to the doctrines of Hinduism. His speeches are recorded and read eagerly by the present population. The congregations at Vedanta centres consist mainly of Christians and some Jews (Many Americans practise concentration and meditation. They are eager for a rational statement of spiritual truths and seek a universal religion that confirms other universal truths. Churches, cultural societies, education centres, are all attracted to Hinduism. The Xtian ministers are talking about respect for other faiths and about the need for meditation etc. They also admit the divinity of Budha, Krishna and other Prophets.

Swami built the spiritual bridge joining India and America. May his dreams of creating a new world culture, through the exchange of East West Ideals, come true in the near future. Hindu students are now flocking to America to learn science and technology. With preliminary training they themselves can be made effective channels for spearding the knowledge of Indian culture in America, thus creating further good will for India Through experience America is learning to regard moral as well as spiritual achievements as more valuable to the material advancements She remembers that the founders of her civilization were highly ethical and religious men. She knows that what is abiding in the entire western culture has been influenced by a high standard of ethics. Religion leaves its impression on the painting of Raphael and Leonardo da Vinci, the sculpture of Midael Angelo the music of Palestrina and Bacch and also the writings of Milton, Blake, Tennyson, Wordsworth, Shakespear etc. Let the eternal religion of the Hindu nation come out of its isolation and become dynamic as well as aggryssive.





ഗോദ്റേജ് ലിംഡം- രോഗാണുക്കളെ നശിപ്പിക്കുന്നതിനും, ത്വക്ക് രോഗം ശമിപ്പിക്കുന്നതിനും വേപ്പിനുള്ള ഗുണങ്ങളുമുള്ള സോപ്പ്.
നമ്പ്ര് 1. നമ്പ്ര് 2.
'വണി', സാൻഡൽ, ലിംഡാ
ടർക്കിഷ് ബാത്ത്
ഷേവിങ്ങ്സ്റ്റിക്ക്
ഷേവിങ്ങ് റൗണ്ട്
100 ശതമാനം പരിശുദ്ധവും മൃഗക്കൊഴുപ്പ് ചേർക്കാത്തതുമാണെന്ന് ഏററപറയപ്പെടുന്നതു്

ദൈവികതപത്തിനു ശുചിത്വം അത്യാവശ്യമാണ്. പരിപൂർണ്ണശുദ്ധി നൽകുന്ന കർമ്മാനുഷ്ഠാനസ്നാനങ്ങൾക്ക് തനിച്ചും ശുദ്ധമായ സോപ്പുമാത്രമേ ഉപയോഗിക്കാവൂ. സോപ്പിൽ ഏതെങ്കിലും കലന്നിരിക്കാം. എന്നാൽ ഗോദ്റേജ് സാൻഡലിൽ, എല്ലാ ഗോദ്റേജ് സൌന്ദര്യവർദ്ധനസാധനങ്ങളിലുമുള്ളപോലെ, കലർപ്പില്ലാത്തതും, ഗുണകരവുമായ സസ്യഎണ്ണകളും, സത്തുക്കളും മാത്രമേ കൂട്ടിച്ചേർത്തിട്ടുള്ളൂ. യാതൊരു മൃഗക്കൊഴുപ്പുകളും അവകളിൽ കാണുന്നില്ല. ശുദ്ധമായ മൈസൂർ ചന്ദനതൈലം ധാരാളം ചേർത്തിട്ടുള്ള ഗോദ്റേജ് ചന്ദനസോപ്പ്, ആനന്ദകരമായ കുളിർമ്മയും, സുഖദായകവും പരിമളവുമുള്ളതായ പത നൽകുന്നു. ഈ പതയുടെ പശിമയുള്ള സസ്യഎണ്ണ രോമസുഷിരങ്ങളെ ശുദ്ധീകരിച്ച്, ത്വക്കിന് മൃദുലതയും നിലനിൽക്കുന്നതായ കുളിർമ്മയും പ്രദാനംചെയ്യുന്നു. ദേവാലയമായ നമ്മുടെ ശരീരത്തെ ദിവസേന ശുദ്ധീകരിപ്പാൻ ഗോദ്റേജ് സസ്യസാൻഡൽസോപ്പല്ലാതെ മററു സോപ്പുകളുണ്ടോ?

Godrej Sandal

ഗോദ്റെജ് സാൻഡൽ
രജിസ്റ്റേർഡ്.          (ചന്ദന)
ടായിലെററ് (സ്നാന) സോപ്പ്
മററു ചന്ദനസോപ്പുകളേക്കാൾ കുറഞ്ഞ വിലയ്ക്കു് വലുതും മേന്മയേറിയതുമായ
സോപ്പ്

ഗോദ്റേജ് സോപ്പ്സ്, ലിമിററഡ് കൊച്ചി: 6, 36; കൽവത്തി.



ജാതകാദേശം
(സവ്യാഖ്യാനം)
ഒന്നാംതരം ജ്യോതിഷപുസ്തകം
വില ണ. 15.
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

## സോമൻ ആൻറ് പാർട്ടി: ൩




# വിനോദപംക്തി

—o—

സരോജാരമേശ്

രണ്ടുപേർ തമ്മിൽ കല്യാണം നിശ്ചയിച്ച് അതിലേക്കായി പള്ളിയിൽപോയി. പക്ഷേ ആ സമയത്ത് വരൻ വളരെ അധികം കുടിച്ചിരുന്നതിനാൽ പാതിരി അച്ചന് ആ കല്യാണം നടത്താൻ സാധിച്ചില്ല. വേറെയൊരു ദിവസം അയാളെക്കൂട്ടിക്കൊണ്ടുവരാൻ അച്ചൻ സ്ത്രീയോട് ആവശ്യപ്പെട്ടു. കുറേ ദിവസം കഴിഞ്ഞു പിന്നെയും അവർ ചെന്നു. അപ്പോഴും മുമ്പിലത്തെകാരണം കൊണ്ടുതന്നെ കല്യാണം നടന്നില്ല. ഒടുവിൽ അച്ചൻ സ്ത്രീയോടു പറഞ്ഞു. "ഇങ്ങനെയൊക്കെ വന്നതിൽ എനിക്കു വളരെ സങ്കടമുണ്ട്. ഇനിയെങ്കിലും ഇത്രയും കുടിച്ചിട്ടില്ലാത്തസമയത്ത് അയാളെ കൊണ്ടുവരണം."

"പക്ഷേ, ഇങ്ങനെയുള്ള സമയങ്ങളിൽമാത്രമേ അയാൾ ഇതിനായിട്ടുവരാമെന്ന് സമ്മതിക്കുന്നുള്ളു." എന്നായിരുന്നു അവളുടെ മറുപടി.

* * *

ഒരുസ്ത്രീ കാറോടിച്ചു പോവുകയായിരുന്നു. വഴിയരികിലെ കമ്പിത്തൂണിൽ രണ്ടു ഇലക്ട്രിക്ക് ജോലിക്കാർ കയറുന്നതുകണ്ടു "അവർ ശുദ്ധമണ്ടന്മാർ തന്നെ" സ്ത്രീ അടുത്തിരുന്നയാളോടു പറഞ്ഞു. "ഞാൻ ഇതിനുമുമ്പ് കാർ ഓടിച്ചിട്ടേ ഇല്ലെന്നായിരിക്കും അവരുടെ വിചാരം"

* * *

"സാർ, ഇന്നുച്ചയ്ക്കു് എനിക്കു അവധി തരണം. എന്റെ അമ്മൂമ്മ മരിച്ചുപോയി."

"പക്ഷേ, ഒരുമാസം മുമ്പ് അമ്മൂമ്മ മരിച്ചതായി പറഞ്ഞു ഒരു ദിവസത്തെ അവധി നിങ്ങൾ എടുത്തല്ലോ."

"അതേ. അമ്മൂമ്മ മരിച്ചില്ല എന്നു ഞാൻ ഇപ്പോഴും പറഞ്ഞില്ലല്ലോ. മരിച്ചു എന്നല്ലേ പറഞ്ഞതു്?"

* * *

"ജോൺ" ദേഷ്യപ്പെട്ടുകൊണ്ടു ടീച്ചർ പറഞ്ഞു. "ഇതാ നിന്റെ കള്ളം വീണ്ടും കണ്ടുപിടിച്ചിരിക്കുന്നു. നീ ബാക്കിയുള്ളവരെക്കൂടെ ചീത്തയാക്കുകയാണെന്നു മറക്കരുത്. ഇങ്ങനെയാണെങ്കിൽ നീ ചെകുത്താന്റെ അടുത്തുതന്നെ പോകും. വാ-എന്റെ കൂടെ."

* * *

ഭർത്താവ്—"ഞാൻ ഒരു ബുദ്ധികെട്ട കഴുതയാണെന്നു നീ അവളോടു കല്യാണവീട്ടിൽവച്ചു പറഞ്ഞതു എന്തിനാണു്?"

ഭാര്യ—"ഓ-ക്ഷമിക്കണേ. അതൊരു രഹസ്യമാണെന്നസംഗതി ഞാൻ തീരെഓർത്തില്ല."

* * *

ഒരു സൈക്കിൾ അപകടം കഴിഞ്ഞു. അതു കണ്ടുനിന്ന ഒരു സ്ത്രീ പരുക്കേറ്റ ബാലനോടു സഹതാപപൂർവം പറഞ്ഞു. "അയ്യോ പാവം. കരയേണ്ട, കുഞ്ഞേ. നിന്റെ പേരെന്താണ്? നിന്റെ അമ്മയോടു ഞാൻ ചെന്നുപറയാം." "പക്ഷേ, അമ്മയ്ക്കു എന്റെ പേർ, നിങ്ങൾ ചെന്നു പറയാതെതന്നെ അറിയാമല്ലോ." എന്നായിരുന്നു ബാലന്റെ മറുപടി.

* * *

"എന്റെ ഭാര്യ പറയുന്നു, ഞാൻ മരിച്ചു കഴിഞ്ഞാൽ അവൾ നിത്യവിധവ ആയിരിക്കുമെന്ന്."

"നിങ്ങളെപ്പോലെ ഇനിയൊരാളെ കാണുകയില്ലെന്നു വിചാരിച്ചിട്ടായിരിക്കാം."

"അല്ല, കണ്ടേയ്ക്കുമെന്ന ഭയന്നാണ്."

ചെറുകഥ

# യന്ത്രം

രാമചന്ദ്രൻ

"ണിം ണിം ണിം ണിം………" അലാറം ഇടവിടാതെ ശബ്ദിയ്ക്കുകയാണ്. ഓ! മണി ആറരയായി.

രാജൻ ചാടിഎഴുന്നേററു. ജനാലയിലൂടെ സൂര്യരശ്മികൾ മുറിയ്ക്കകത്തുകടന്ന് ചുവരുകളിൽ പല ചിത്രപ്പണികളും നടത്തുകയാണ്. ഹാ—എന്തു ഭംഗിയുള്ള രശ്മികൾ! സ്വർഗ്ഗത്തിൻെറ ആശംസകളുമായെത്തുന്ന ദേവദൂതന്മാർ!

പക്ഷെ മണി ആറരയായിപ്പോയി. സൂര്യരശ്മികളുടെ ഭംഗി ആസ്വദിച്ചുനിന്നാൽ അവിടെ നില്ക്കും. സമയമങ്ങുപോകും. ആഫീസിൽ പോകുന്നതിനുമുമ്പ് ചെയ്തുതീർക്കേണ്ട ജോലികൾ മററു വല്ലവരും ചെയ്യുമോ? തീർച്ചയായും ഇല്ല. ഒടുവിൽ, താമസിച്ചു ചെന്നതിന് ആഫീസറുടെ ശകാരം കേൾക്കുകയുംചെയ്യണം.

പല്ലുതേപ്പും കുളിയും—കൃത്യം അരമണിക്കൂറിനുള്ളിൽ അവ നടത്തിയെങ്കിൽ മാത്രമേ പിന്നീടങ്ങോട്ടുള്ള ദിനകൃത്യങ്ങൾ സമയനിഷ്ഠയോടെ ചെയ്തുതീർക്കുവാൻപററൂ.

ഓ—ആ നശിച്ച വേലക്കാരൻപയ്യൻ ഇതുവരെ ബെഡ്കാഫി കൊണ്ടുവന്നില്ലല്ലോ. ഇതുപോലൊരു മരത്തലയൻ—അവനെക്കൊണ്ട് ഒരു കാര്യവും കൃത്യമായി നടക്കുകയില്ല. യജമാനൻെറ ചിട്ടകളൊന്നും അവൻ മനസ്സിലാക്കിവയ്ക്കുന്നു!

"എടാ… …വാസൂ!……" കാഫിയുംകൊണ്ട് അവൻ മുറിയുടെ നടയിൽ എത്തിക്കഴിഞ്ഞു.

"എന്താടാ നീയിത്ര താമസിച്ചത്? മണി ആററകഴിഞ്ഞു മിനിട്ടുകളഞ്ചുകഴിഞ്ഞു. കൃത്യം ആറരയ്ക്ക് കാപ്പികൊണ്ടുവരണമെന്ന് പറഞ്ഞിട്ടുള്ളതു് മറന്നുപോയോ?"

"പാലുകാരൻ വരാൻ താമസിച്ചു."

"ഓ—അതെന്താ?"

"കഴിഞ്ഞമാസത്തെ പണം ഇതുവരെ കൊടുക്കാത്തതിന് അവൻ വളരെ പരാതിപറഞ്ഞു. നാളെമുതൽ പാൽ കൊണ്ടുവരുകയുമില്ല."

"ഓഹോ!… …"അതെ, അതൊരു വലിയ പ്രശ്നംതന്നെയായിരുന്നു രാജന്. പാലുകാരന് ഇതുവരെ പണം കൊടുത്തിട്ടില്ല; അതുടനെ കൊടുക്കുവാനും പാറുകയില്ല. എങ്ങിനെയാണിനി നാളെരാവിലെ ബെഡ്കാഫി കുടിക്കുക? ഉത്തരമില്ലാത്ത ചോദ്യം……………

കൈയിലിരുന്ന കപ്പിൽനിന്നും ആവി ഉയർന്നുപൊങ്ങുകയാണ്. എന്തൊരു സുഖകരമായ ചൂടാണ് കാപ്പിയ്ക്ക്! തനിയ്ക്കുതാണ ഇഷ്ടം എന്ന് വാസുവിനറിയാം. എന്തൊക്കെയായാലും അവൻ സ്നേഹമുള്ള വേലക്കാരനാണ്.

കാപ്പി ഓരോകവിൾ കുടിച്ചുകൊണ്ട് രാജൻ പുറത്തേയ്ക്ക് നോക്കിയിരുന്നു. ലോകം ഉണർന്നുകഴിഞ്ഞു. പുറത്തു് റോഡിലൂടെ വാഹനങ്ങൾ പലതും ഓടുവാൻതുടങ്ങി. ഇനി രാത്രി മണി പത്താകുന്നതുവരെ ആ ശബ്ദപ്രളയത്തിന് ഒരു അറുതിയുണ്ടാവുകയില്ല.

അവസാനത്തെതുള്ളി കാപ്പിയും മോന്തിക്കഴിഞ്ഞപ്പോൾ രാജന് അല്പം ഒരുന്മേഷംതോന്നി. ദിനകൃത്യങ്ങളിലേയ്ക്ക് കടക്കുവാൻ എന്തുമാത്രം ഉത്തേജനമാണെന്നോ ആ ഒരു കപ്പ് കാപ്പി നൽകുക! പക്ഷേ………നാളെ? ഒരു മാർഗ്ഗവുമില്ല നാളെ ബെഡ്കാഫി കുടിക്കുവാൻ.

ടൂത്ത്പേസ്ററും, ബ്രഷും എടുത്തുകൊണ്ട് രാജൻ കുളിമുറിയിൽചെന്നു. പേസ്റ്റിൻെറ ആ ലഘുവായ മണം അയാൾക്ക് നന്നേ പിടിച്ചു. അതിട്ട് പല്ലുകൾ വെളുപ്പിക്കുക—അതൊരു സുഖംതന്നെയാണ്. വളരെനേരം അയാളുടെ പല്ലുകൾ ബ്രഷിൻെറ എഴുന്നുനില്ക്കുന്ന കററികളുമായി മല്ലിട്ടു. പല്ലുതേപ്പ് കഴിഞ്ഞ് കണ്ണാടിനോക്കിയപ്പോൾ രാജന്‌വളരെസന്തോഷമായി. ഹാ! എന്തുമാത്രം വെളുത്തിരിക്കുന്നു.ആ പല്ലുകൾ! നല്ല രൂപഭദ്രമുണ്ട്. ഹിമാലയത്തിലെ മഞ്ഞുകട്ടകൾപോലെ കലപ്പുകളൊന്നുംകലരാത്ത വെണ്മ! അതിൻെറ ഉടമസ്ഥനായതിൽ രാജൻ ഒട്ടൊന്നു അഭിമാനിച്ചു.

തലനിറയെ എണ്ണതേച്ചുകൊണ്ടു രാജൻഷവ്വർ ബാത്തിനുകീഴിൽ ചെന്നുനിന്നു. ധാരമുറിയാതെ വർഷിച്ച ജലപ്രവാഹത്തിനുകീഴിൽ കുറേനേരം-നിന്നപ്പോൾ തലേന്നാളത്തെ എല്ലാ ക്ഷീണവും ആലസ്യവും... വൃത്തികേടുകളും ഒപ്പം ഉറക്കത്തിൻെറ ക്ഷീണവും താനേ അങ്ങ് ഒഴിഞ്ഞുമാറിപ്പോയി. സോപ്പിൻെറ നേരിയതെങ്കിലും മത്തുപിടിക്കുന്ന പരിമളം നാസാരന്ധ്രങ്ങളിലൂടെ തലച്ചോറിൻെറ ഉള്ളറകളോളം ചെന്നെത്തിയപ്പോൾ എന്തെന്നില്ലാത്ത ഒരു ഉത്തേജനം രാജനു അനുഭവപ്പെട്ടു. ഒപ്പം ഒരു ചെറിയ തലക്കറക്കവും കുളികഴിഞ്ഞപ്പോൾ പരമസുഖമായി. അകവും പുറവും ഒരുപോലെ പരിശുദ്ധമായി.

കൃത്യം ഏഴ്—ടൈംപീസ് എത്ര കൃത്യമായി സമയംകാണിക്കുന്നു. ഇനി അരമണിക്കൂർ കാപ്പികുടിക്കാൻ. അതുകഴിഞ്ഞാൽ പത്രംവരെ സുഖമായി വായിക്കാം.

കാപ്പികുടിക്കാൻ മേശയുടെമുമ്പിൽ ചെന്നിരുന്നപ്പോൾ രാജനു മനുഷ്യജീവിതം അനുഗ്രഹീതമാണെന്നൊരുതോന്നൽ ഉണ്ടായിപ്പോയി. വാസു കാപ്പി മേശപ്പുറത്തുകൊണ്ടുവച്ചു. ഒന്നാന്തരം ചൂടുള്ള മസാലദോശകൾ! ഔചിത്യബോധമുള്ള ഒരു വേലക്കാരനാണു വാസു. യജമാനനിഷ്ടമുള്ള സാധനങ്ങൾ, ഇഷ്ടമുള്ളരീതിയിൽ തയ്യാറാക്കാനും, അതു ഇഷ്ടമുള്ളമാതിരിതന്നെ വിളമ്പിത്തരുവാനും അവനു ജന്മസിദ്ധമായ വാസനയുണ്ട്. അല്ലെങ്കിൽ ഇത്ര ഉള്ളിണങ്ങും വണ്ണം കാപ്പിതയാറാക്കിത്തരുവാൻ അവനുസാധിക്കുമായിരുന്നില്ല.

ആ മസാലദോശയുടെ സ്വാദ്! അമൃതുപോലുള്ള ആ ചായക്കൂടി അതിനോടുചേരുമ്പോൾ ഹോ! അതൊരു അനുഭവംതന്നെയാണ്. രാജൻെറ ഹൃദയത്തിൽ ആനന്ദം ക്രമാതീതമായി... സാവധാനം ക്രമീകരിക്കുകയാണ്. വാസുവിനോടു അയാൾക്കെന്തെന്നില്ലാത്ത വാത്സല്യംതോന്നി. അടുത്തമാസംമുതൽ അവനു ശമ്പളംകൂട്ടിക്കൊടുക്കണം. വെറുതെ വാത്സല്യംതോന്നിയാൽമാത്രം പോരല്ലോ, അവനതു അനുഭവപ്പെടണ്ടേ?

തികച്ചും അരമണിക്കൂർ എടുത്തു കാപ്പികുടിയ്ക്കുവാൻ. കൈകഴുകി പുറത്തിറങ്ങിയപ്പോൾ രാജനു തന്നെപ്പററിതന്നെ അല്പമൊരു അഭിമാനംതോന്നി. ജീവിതം എന്നെന്നും ഇങ്ങിനെതന്നെ നയിക്കുവാൻ പററിയെങ്കിൽ.—അതല്പം വിഷമമുളവാക്കുന്ന ചിന്തയാണ്. എങ്കിലും അതാണയാളുടെ ഉള്ളിൽ ആദ്യം തിരക്കിട്ടു കടന്നുചെന്നതു്. അതിനു കാരണവുമുണ്ടായിരുന്നു. തലേന്നാളാണ് വീട്ടിൽനിന്നും അനുജത്തിയുടെ കത്തുവന്നതു്. ഫീസുകൊടുക്കാൻ ഉടനെ പണം അയച്ചുകൊടുക്കണമെന്ന്. അച്ഛനു സുഖമില്ലെന്നും, താനങ്ങോട്ടുചെന്നാൽ കൊള്ളാമെന്നുംകൂടി അവൾ എഴുതിയിരിക്കുന്നു. എന്തുചെയ്യുന്നാണ്? ഒരുമാതിരി ജീവിതംകഴിച്ചുകൂട്ടാമെന്നുള്ളതിൽകവിഞ്ഞു ഒട്ടും മിച്ചംപിടിക്കുവാൻ അയാളുടെശമ്പളംകൊണ്ടു സാധ്യമായിരുന്നില്ല. എങ്കിലും അനുജത്തിക്കു ഫീസുകൊടുക്കുവാനുംമററും ഒരു ചെറിയതുക മാസംതോറും വീട്ടിൽ അയച്ചുകൊടുക്കുവാൻ അയാൾ ശ്രമിക്കാറുണ്ടായിരുന്നു. ശമ്പളംവാങ്ങിച്ചാലുടനെ ഒട്ടും താമസിക്കാതെ അതു അയച്ചുകൊടുക്കുകയുമാണ് പതിവ്. ഈമാസം അതെന്തായാലും തരപ്പെട്ടില്ല. കഴിഞ്ഞമാസം കുറെ തുണികളുംമററും വാങ്ങിയവകയ്ക്ക് എട്ടുപത്തുരൂപാ കടമുണ്ടായിരുന്നു. അതു കൊടുത്തുതീർക്കാതെ മാററാരുകാര്യത്തിനും പണമെടുക്കുകയില്ലെന്നു അന്നേ തീർച്ചപ്പെടുത്തിയിരുന്നതാണ്. അതനുസരിക്കുകയുംചെയ്തു. അതാണിത്തവണ വീട്ടിൽ പണമയച്ചുകൊടുക്കുവാൻ സാധിക്കാത്തതു്. പക്ഷെ അനുജത്തിയുടെ കത്തുവന്നിരിക്കുന്നു, അഞ്ചുദിവസത്തിനകം ഫീസുകൊടുത്തില്ലെങ്കിൽ അവളെ ക്ലാസ്സിനുപുറത്താക്കുമെന്ന്. ഇനി അതുടനെ അയച്ചുകൊടുത്തല്ലേ പററൂ? അച്ഛന് സുഖമില്ലത്രേ—വീട്ടിൽ ചെന്നാൽ കൊള്ളാമെന്ന്. അതെങ്ങനെ സാധിക്കാനാണ്? ചുരുങ്ങിയതു് ഇരുപത്തഞ്ചുരൂപയെങ്കിലുമില്ലെങ്കിൽ എങ്ങിനെയാണ് വീട്ടിലേയ്ക്കു പോവുക? അഥവാ, രൂപയുണ്ടാക്കാമെന്നുതന്നെയും ഇപ്പോഴുണ്ടോ അവധികിട്ടുന്നു? കുറെനാളായി ആഫീസർ തന്നോട് പിണക്കത്തിലുമാണ്. ഏതായാലും അടുത്തമാസം ആദ്യം വീട്ടിൽ പോവുകതന്നെ. നാലുദിവസം തുടർച്ചയായി അവധിദിവസങ്ങളുണ്ടെന്നു തോന്നുന്നു. ആഫീസറെ കൂടുതൽ മുഷിപ്പിക്കുകയും വേണ്ട.

ഈ ചിന്തകൾ അസുഖകരങ്ങളായിരുന്നു—പ്രത്യേകിച്ചും അന്നത്തെ സുഖപ്രദമായ അന്തരീക്ഷത്തിൽ. പക്ഷേ യാതൊരു ദുഃഖവുമില്ലാത്ത പൂർണ്ണമായ സുഖവും ചെടിപ്പിക്കുന്നതായിരിക്കും. ഇത്തരം കുറെ വൈഷമ്യങ്ങൾ കൂടിയുണ്ടെങ്കിലേ ജീവിതത്തിൻെറ മാധുര്യം അനുഭവിക്കുവാൻ കഴിയൂ.

രാജൻ തൻെറ മുറിയിൽചെന്നു. ടൈംപീസ് സമയം ഏഴേമുക്കാലായെന്നു കാണിച്ചു. തലേന്നാൾ ലൈബ്രറിയിൽനിന്നും എടുത്തുകൊണ്ടുവന്ന അഗതാക്രിസ്റ്റിയുടെ ഡിറക്ടീവുനോവൽ മേശപ്പുറത്തു് കിടക്കുന്നുണ്ടായിരുന്നു. അതുമെടുത്തുകൊണ്ട് അയാൾ ഈസിച്ചെയറിൽ കയറിക്കിടന്നു. എന്തൊരു രസമാണാ പുസ്തകം വായിക്കുവാൻ! അനല്പമായ കരവിരുതോടെയാണാ കഥയാകെ കെട്ടിച്ചമച്ചിരിക്കുന്നതു്. അല്പസമയത്തിനകം രാജൻ അതിലാമഗ്നചിത്തനായിപ്പോയി.

മണിക്കൂറുകൾ ഒന്നുരണ്ടുകഴിഞ്ഞു. അപ്പുറത്തു് വാസു ആഹാരം ധൃതിയിൽ പാകംചെയ്യുന്ന ശബ്ദവും, പുറത്തു് റോഡിലൂടെ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുകൊണ്ടിരുന്ന വാഹനങ്ങളുടെ ശബ്ദവും കുറെയൊക്കെ അസുഖജനകങ്ങളായിരുന്നു. പക്ഷേ അഗതാക്രിസ്റ്റിയുടെ മനോഹരമായ ഡിറക്ടീവുനോവൽ രാജൻെറ ബുദ്ധിയെ മറെറതോ ലോകത്തിലേയ്ക്ക് കൊണ്ടുപോയ്കളഞ്ഞു.

മണി പത്തരയായപ്പോൾ പുസ്തകം താനേ അടഞ്ഞു. ഇനിയും കഷ്ടിച്ച് ഒരിരുപതുപുറങ്ങൾകൂടിയേ വായിക്കാനുള്ളൂ. അതു് വായിച്ചുതീർക്കാൻ ഏറിയാൽ പത്തുമിനിട്ടുകൾ വേണം. എന്നാൽ മണി പത്തരയായിപ്പോയി. കൃത്യം പതിനൊന്നിന് ആഫീസിലെത്തിയില്ലെങ്കിൽ താമസിച്ചുപോയതിന് സമാധാനം പറയേണ്ടിവരും. എന്തിനതിനൊക്കെ ഇടയാക്കുന്നു?

രാജൻ വസ്ത്രങ്ങൾ ധരിച്ച് കുടയുമെടുത്തു് പുറത്തിറങ്ങി. തലപൊള്ളിക്കുന്ന വെയിൽ! അയാൾ വേഗം നടന്നു. ക്ലാക്കടവ്വറിനടുത്തെത്തിയപ്പോൾ മണി പതിനൊന്നടിക്കാൻ പത്തുമിനിട്ട് ഇനിയുമുണ്ട്. അയാൾക്ക് സമാധാനമായി. അവിടെനിന്നും അഞ്ചുമിനിട്ടു നടന്നാൽമതി ആഫീസിലെത്താം. അയാളുടെ നടപ്പ് സാവധാനത്തിലായി. കൃത്യം പതിനൊന്നിനെ ആഫീസിലെത്താവൂ.

അപ്പോഴാണ് പുറകേനിന്നും കേശവപിള്ളച്ചേട്ടൻ വരുന്നതു് രാജൻ കണ്ടതു്. പെട്ടെന്ന് തലേന്നാൾകിട്ടിയ അനുജത്തിയുടെ കത്തിൻെറ കാര്യം അയാൾക്കു ഓർമ്മവന്നു. കേശവപിള്ളച്ചേട്ടൻ കുറേ പണമുള്ള കൂട്ടത്തിലാണ്. രാജനോട് വലിയ കാര്യവുമാണ്. അതുകൊണ്ട് രൂപയുണ്ടെങ്കിൽ ചോദിച്ചാൽ ഉടൻ തരുകയും ചെയ്യും. എങ്കിലും എങ്ങിനെ ചോദിക്കാൻ? മററുള്ളവരോട് എന്തെങ്കിലും കടം ചോദിക്കുകഎന്നുള്ളതു് രാജന് വളരെ വിഷമമുളവാക്കുന്ന കാര്യമാണ്. പക്ഷേ ചോദിക്കാതിരുന്നാലോ? അനുജത്തി നാളെ ക്ലാസ്സിനുപുറത്തു്.

"അല്ലാ—രാജനോ? എന്താ അഞ്ചുമിനിട്ട് നേരത്തേ?"

"അല്പം വേഗം നടന്നുവെന്നേയുള്ളൂ."

ആഫീസിലെത്തുന്നതിനുമുമ്പ് രൂപ ചോദിക്കണം. അങ്ങെത്തിയാൽ മററുപലരും കാണും; സ്വകാര്യമായി ചോദിക്കാൻ വിഷമവുമാണ്.

"അപ്പോൾ ചേട്ടൻെറ കയ്യിൽ രൂപയുണ്ടോ?—ഒരു പത്തു രൂപയെടുക്കാൻ."

"രൂപയോ?—"

രാജൻെറ ഹൃദയം മിടിച്ചു. കേശവപിള്ളച്ചേട്ടൻെറ കയ്യിൽ രൂപയില്ലെങ്കിൽ പിന്നാരോട് ചോദിക്കുവാനാണ്? വിഷമം തന്നെ.

"രൂപയുണ്ട്. പക്ഷേ, ശമ്പളം വാങ്ങിച്ചാലുടനെ തിരിച്ചുകിട്ടണം."

രാജന് സമാധാനമായി.

"ശമ്പളം കിട്ടിയാലുടനെ തിരിച്ചുതരാം. അത്യാവശ്യത്തിന് വീട്ടിലയയ്ക്കാനാണ്."

കേശവപിള്ളച്ചേട്ടൻ രൂപകൊടുത്തു. പക്ഷേ, ശമ്പളം കിട്ടിയാലുടനെ എങ്ങനെ കൊടുക്കാനൊക്കും? വീട്ടിൽ പോകണമെന്നും മററും ഉദ്ദേശവുമുണ്ട്. അതിന് പത്തുമുപ്പതുരൂപ ചിലവാകും. പിന്നെ ഈ പത്തു രൂപാകൂടിയായാൽ—കൊടുക്കാതിരുന്നാലോ? പിന്നെ അത്യാവശ്യത്തിന് ചോദിച്ചാൽ കേശവപിള്ളച്ചേട്ടൻ തരുകയുമില്ല.

ആഫീസിൻെറ പടികൾ കയറിയപ്പോൾ മണി പതിനൊന്ന് അടിക്കുവാനാരംഭിച്ചു. പതിനൊന്നാംതവണ 'ക്ണീം' എന്ന് ശബ്ദം മുഴങ്ങിയപ്പോൾ രാജൻ തൻെറ സ്ഥാനത്തായിരുന്നു.

അന്ന് ജോലി ക്രമത്തിലധികമായിരുന്നു. വളരെ ഫയലുകൾ തിരഞ്ഞുനോക്കുവാനും, കത്തുകൾ എഴുതുവാനും മററും ഉണ്ടായിരുന്നു. പേന താഴെവയ്ക്കുവാൻതന്നെ സമയമുണ്ടായിരുന്നില്ല. എങ്കിലും രാജനതൊക്കെ കൃത്യമായി ചെയ്യുവാനുള്ള കരുത്തുണ്ടായിരുന്നു. കഴിഞ്ഞഞ്ചു സംവത്സരങ്ങളായി, യാതൊരു നീക്കുപോക്കുമില്ലാതെ, തൽസ്ഥാനത്തിരുന്ന് ജോലിചെയ്യുകയാണ്. ഇതുവരെ മേലധികാരികളാരും ജോലി ശരിക്കു ചെയ്യാത്തതിന് തന്നെ കുററപ്പെടുത്തിയിട്ടില്ല. മാത്രമല്ല, തൻെറ കഴിവുകൾ പരക്കെ അംഗീകൃതവുമാണ്.

മണി ഒന്നാകുന്നതുവരെ ഒരു മിനിട്ടുപോലും വിശ്രമിക്കുവാൻ അയാൾക്കു സാധിച്ചില്ല. കൃത്യം ഒന്നിന് വാസുവിൻെറ തല ആഫീസ് മുറിക്കുപുറത്തു് പ്രത്യക്ഷപ്പെട്ടു. അവൻ ചോറു കൊണ്ടുവന്നിരിക്കുകയാണ്. രാജൻ എഴുന്നേററു. ഒരു മണിക്കൂറുണ്ട് ഉച്ചയ്ക്കു ഒഴിവു്. സാധാരണ അയാൾ സാവധാനമേ ഉണ്ണാറുള്ളൂ. പക്ഷേ ഇന്ന് അഞ്ചലാഫീസുവരെ പോകേണ്ടിയിരിക്കുന്നു അനുജത്തിക്ക് രൂപാ അയയ്ക്കുവാൻ. അതുകൊണ്ട് ധൃതിയിൽ ഊണുകഴിക്കേണ്ടിവന്നു. അതു് അയാളുടെ പ്രകൃതത്തിനെതിരെ




അഭിമാനംകൊള്ളാവുന്ന
പ്രവർത്തനം

ഒരു കൃഷീവലൻ വിശേഷിച്ചും നവീനയന്ത്രോപകരണങ്ങൾ ഉള്ളപ്പോൾ അവൻെറ തൊഴിലിൽ അഭിമാനിക്കുന്നു. ഒരു നല്ല ഇനം വാച്ചും, അഭിമാനം കൊള്ളാവുന്ന സേവനമനുഷ്ഠിക്കുന്നു. ഒരു വെസ്റ്റ് എൻറ് വാച്ച്, അതിൻെറ നിർമ്മാണത്തിൽ ഞങ്ങൾ അഭിമാനിക്കുന്നതുപോലെ നിങ്ങൾ അണിയുന്നതിലും അഭിമാനിക്കുന്നു. ഞങ്ങളുടെ സ്ഥാപനം മുക്കാൽ ശതാബ്ദത്തിനുമേലായി ഇൻഡ്യയിൽ സ്ഥാപിക്കപ്പെട്ടതാണെങ്കിലും നവീനപരിഷ്കരണങ്ങൾക്ക് അനുയോജ്യമായി പ്രവർത്തിച്ചുവരുന്നു. ഞങ്ങൾ വില്ക്കുന്ന ഓരോ വാച്ചും മുടക്കുന്നപണത്തിന് ശരിയായ പ്രതിഫലം നൽകുകയും കരകൌശലവിദഗ്ദ്ധത ഡിസൈൻ എന്നിവയിൽ മെച്ചവുമാണ്. വിശ്വസനീയത, ആകർഷണീയത എന്നിവ "വെസ്റ്റ് എൻറ്" എന്ന പേരിൻെറ പര്യായങ്ങളാണ്.



സെക്കൻറ്സ് മോഡേൺ
നിക്കൽ സിൽവർ—
പോററർ "സ്റ്റീൽബാക്ക" രൂ: 97/-
റോൾഡ് ഗോൾഡ്—
20 മൈക്രോൺസ് രൂ: 135/-

വെസ്റ്റ് എൻറ് വാച്ചുകമ്പനി, ബോംബെ & കല്ക്കട്ട.

WEST END WATCH CO.
BOMBAY CALCUTTA

യോജിച്ചതായിരുന്നില്ല. എങ്കിലും ഒന്നാംമണിക്ക് ഊണുകഴിച്ച് അഞ്ചലാഫീസിലേയ്ക്കു പോകുവാൻ അയാൾ ഒരുങ്ങി.

അഞ്ചലാഫീസിൽ വലിയ തിരക്കായിരുന്നു. അല്ലെങ്കിൽ തിരക്കൊഴിഞ്ഞ് ഒരു സമയം അവിടെ എപ്പോഴെങ്കിലും ഉണ്ടാകാറുണ്ടോ? ആൾക്കൂട്ടത്തിനിടയിലൂടെ തള്ളിക്കയറി പണം എല്പിക്കുവാൻ രാജനു വളരെ ശ്രമപ്പെടേണ്ടിവന്നു. എങ്കിലും പുറത്തിറങ്ങിയപ്പോൾ വലിയൊരുഭാരം അയാളുടെ ഹൃദയത്തിൽനിന്നും ഒഴിഞ്ഞിരുന്നു.

സമയം ഏറെയായി. രണ്ടു മണിക്ക് ആഫീസിലെത്തേണ്ടിയിരിക്കുന്നു. അയാൾ അതിവേഗം നടന്നു. "ഏന്താ, ഇത്രധൃതിയിൽ ഓടുന്നതെവിടെയാണ്?"– വഴിക്കുവെച്ചുകണ്ട ഒരു സ്നേഹിതൻ ചോദ്യമായി. ഉത്തരം പറയുവാൻ അയാൾ അവിടെ നിന്നില്ല. എങ്കിലും ആഫീസിലെത്തിയപ്പോൾ രണ്ടടിച്ച് മിനിട്ടുകൾ രണ്ടു കഴിഞ്ഞിരുന്നു.

ഉള്ളിൽ ഉയർന്നുപൊങ്ങിയ ഖേദം ശ്രമപ്പെട്ടു ഒതുക്കിക്കൊണ്ട്, രാജൻ ജോലിചെയ്യുവാൻ ഇരുന്നു. അയാളുടെ തൂലിക വിശ്രമമില്ലാതെ ചലിച്ചുകൊണ്ടിരുന്നപ്പോഴാണ്, ആഫീസർ കാണാനാവശ്യപ്പെട്ടന്നതായി പ്യൂൺ വന്നുപറഞ്ഞത്. ഹോ!.........അയാളുടെ ഹൃദയം ഉഗ്രമായിമിടിക്കുവാനാരംഭിച്ചു. എന്തിനാണിപ്പോൾ ആഫീസർ തന്നെ കാണുവാൻ ആവശ്യപ്പെടുന്നതു്? അതൊരു പതിവല്ലാത്ത കാര്യമാണ്. ഗൗരവമായ സംഗതികൾ എന്തെങ്കിലുമുണ്ടെങ്കിലേ സാധാരണയായി ആഫീസർ തന്നെ വിളിക്കു. ഇന്നെന്തു സംഭവിച്ചോ?

തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന ശരീരത്തോടുംകൂടി രാജൻ മുകളിലത്തെ നിലയിലുള്ള ആഫീസറുടെ മുറിയിലേയ്ക്കു നീങ്ങി. കോണിപ്പടികൾ കയറുമ്പോൾ, മുകളിൽ ആഫീസർ ആരേയോ ഉറക്കെ ശകാരിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു. അടുത്തതു് തൻെറ മേലാകുമോ അദ്ദേഹത്തിൻെറ ഗൗരവപ്രകടനം? ഹോ! നശിച്ച ജീവിതം!...പക്ഷേ, നിവൃത്തിയെന്തു്?

രാജനെ കണ്ടപ്പോൾ ആഫീസറുടെ മുഖത്തു അശാന്തസകരമായ ഒരു ഭാവഭേദമുണ്ടായി. "ഹലോ! മി. രാജൻ! നിങ്ങളെക്കണ്ടിട്ടു നാളുകൾ വളരെയായല്ലോ..." ഏതാനും ഫയലുകൾ മറിയ്ക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു.

രാജൻെറ ഹൃദയസ്പന്ദനം സാധാരണ ഗതിയിലായി. എങ്കിലും ആ മുഖത്തുനിന്നും വൈവർണ്ണ്യം തെല്ലും മാഞ്ഞില്ല. അദ്ദേഹമിനി അടുത്തതെന്താണാവോ പറയാൻ പോകുന്നതു?

"കേട്ടോ, രാജൻ! നിങ്ങൾ ഈ കത്തുകൾ എഴുതുമ്പോൾ തെറ്റുകൾപലതും വരുത്തുന്നുണ്ടല്ലോ. ഇതാ, ഇങ്ങോട്ടു നോക്കൂ. ഇവിടെത്തന്നെ ..........." അദ്ദേഹം ഒരുദാഹരണം ചൂണ്ടിക്കാണിച്ചുകൊടുത്തു. വാസ്തവമാണ്; ഒരു വാചകം ശരിയായിട്ടില്ല. രാജൻെറ കണ്ണുകൾക്കുമുമ്പിൽ ഇരുൾ പരക്കുവാൻ ആരംഭിച്ചു. എന്തായിരിക്കുമോ ഇനിയത്തെ നടപടി?

"ഉം–പൊയ്ക്കൊള്ളൂ. ഇതു് പറയാനാണ് വിളിച്ചതു്. മേലാലിതൊന്നും പറ്റരുതു്.........നിങ്ങൾ നന്നാകണമെന്നാണെൻെറ ആഗ്രഹം."

വലിയൊരു ചുമട് തലയിൽനിന്നും മാറ്റിയതുപോലെതോന്നി രാജനു്. അദ്ദേഹം ഇത്ര കാരുണ്യവാനാണെന്നു താനിതുവരെ കരുതിയില്ല. അദ്ദേഹം തൻെറ അഭ്യുദയകാംക്ഷിയുമാണത്രേ. ഏതാനും നാളുകൾക്കുമുമ്പു തന്നെ വിളിച്ചു കണക്കറെ ശകാരിച്ചകാര്യം രാജനു ഓർമ്മവന്നു. താനന്നു അദ്ദേഹത്തെ എന്തുമാത്രം ശപിച്ചുവെന്നോ!

തിരികെ തൻെറ സ്ഥാനത്തെത്തിയപ്പോൾ സമയം നാലടിക്കുവാൻ അഞ്ചുമിനിട്ടുകൂടിയുണ്ടായിരുന്നു. അതിയായ ഉത്സാഹവും പ്രസരിപ്പും രാജനിൽ പെട്ടെന്നു പ്രത്യക്ഷമായി. ഇത്ര ദയാലുവായ ഒരു ആഫീസറുടെ കീഴിൽ ജോലിചെയ്യുവാൻ കഴിഞ്ഞതിൽ രാജനു് സ്വയം ഒട്ടൊരു ഔന്നത്യമുണ്ടായതുപോലെ തോന്നി.

"ക്ണിം–ക്ണിം......" അകലെ ടവ്വറിലെ മണി അഞ്ചുതവണ ഉറക്കെ ശബ്ദിച്ചു. രാജൻ പേന താഴെവെച്ചു. മേശയുടെ വലിപ്പുകൾ തുറന്നു ഫയലുകളും, പേനയും മററും അതിൽ നിക്ഷേപിക്കുവാൻ തികച്ചും അഞ്ചുമിനിട്ടുകൾ വേണ്ടിവന്നു. എഴുന്നേററു കൈകൾ കുടഞ്ഞു, പുറത്തിറങ്ങിയ രാജൻ നേരെ പാർക്കിലേയ്ക്കാണു നടന്നതു്. ഏറ്റവുമേറെ അയാളുടെ താവളസ്ഥാനമാണു പാർക്കു്. അപ്പോഴൊന്നും കൂടെയാരും ഉണ്ടായിരിക്കുക രാജനു് ഇഷ്ടമില്ല. തനിയെ ഇരുന്നു്, കിനാവുകൾ കാണുവാൻ അയാൾക്കു അതിയായ കൗതുകമുണ്ടു്. അതൊരു രസംതന്നെയാണ്. മററെല്ലാ ശല്യങ്ങളിൽനിന്നും ബഹുദൂരം അകന്നിരുന്നു, ഹൃദയത്തെ കെട്ടഴിച്ചു വിടുക, അതിനെ ഉയരങ്ങളിലേയ്ക്കും താഴ്ചകളിലേയ്ക്കും ചലിപ്പിക്കുക–രസകരമാണെന്നു മാത്രമല്ല, ഒട്ടാകെ ഒരു വ്യായാമത്തിൻെറ പ്രതീതിയുമുണ്ടതിന്. പകൽ മുഴുവൻ ആഫീസിലെ കാര്യങ്ങൾ ഹൃദയത്തിൻെറ എല്ലാ കോണുകളേയും നിറച്ചുകൊണ്ടിരിക്കും. വൈകിട്ടു അല്പം സൈ്വരം കൊടുത്തില്ലെങ്കിൽ, അതു് ആകെ മുരടിച്ചുപോവുകയില്ലേ?

പാർക്കിലെത്തിയപ്പോഴേയ്ക്കും, ഇന്നത്തെ സാ



## എം. തിരവിയനാടാർ ബി എ, കായികാഭ്യാസ വിദഗ്ദ്ധനായ നിയമ വിദ്യാർത്ഥി

എറണാകുളം ലാക്കാളേജ് ബി. എൽ. വിദ്യാർത്ഥിയായ ഇദ്ദേഹം, ഇക്കഴിഞ്ഞ ക്രൈസ്റ്റ് കോളേജ് സ്ഥാപക ആഘോഷദിനസംബന്ധിച്ചുള്ള പബ്ളിക്ക് മീററിംഗിൽ വെയിററ്ലിഫ്ററിംഗ്, ഡംബത്സ്, ഫ്രീഹാൻഡ് മുതലായ വിവിധ കായികാഭ്യാസപ്രകടനങ്ങൾമൂലം പ്രേക്ഷകരെ അത്ഭുതപരതന്ത്രരാക്കി.

മി: നാടാരുടെ ദേഹഅളവുകൾ ചുവടെ ചേർക്കുന്നു.

| | ഇഞ്ച് |
|---|---|
| കഴുത്തു് | 17 " |
| നെഞ്ചു് | 42 " |
| നെഞ്ചുവിരിവു് | 46 " |
| അര | 34 " |
| തുടകൾ | 25 " |
| പിൻകാൽ | 17 " |
| മുൻകൈ | 12 " |
| ബൈസെപ്സ് | 16 " |
| വയസ്സ് | 24 |
| പൊക്കം 5 അടി | 8 " |
| തൂക്കം | 220 റാത്തൽ |

ധിക്കുകയില്ലെന്നു രാജനു ബോദ്ധ്യമായി. അകലെനിന്നും അതാ മുദ്രാവാക്യങ്ങളുടെ കാതുതുളയ്ക്കുന്ന ശബ്ദം വന്നലയ്ക്കുകയാണ്. കാട്ടൺമില്ലിൽ പണിമുടക്കു നടക്കുകയാണ്. അവിടത്തെ തൊഴിലാളികളാണെന്നു തോന്നുന്നു വരുന്നതു്. ഇനി നേരം വളരെയിരുട്ടുന്നതുവരെ ചെവിക്കൊള്ളേണ്ട. ശുഷ്കസംബന്ധങ്ങൾ പലതും പുലമ്പുവാൻ ആ തൊഴിലാളിനേതാക്കന്മാർക്കു് എന്തു സന്തോഷമാണെന്നോ! യാതൊരുമര്യാദയുമില്ലാതെ മനുഷ്യന്മാരെമുഴുവൻ അവർ ചീത്ത പറയും. എന്നിട്ട് ഒടുവിൽ കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ നേതാക്കളെ യാരെയും കാണുകയുമില്ല. പാവപ്പെട്ട തൊഴിലാളികൾ ലാത്തിയടിയും, വെടിയും എല്ലാം ഏല്ക്കണം. സാധുക്കളായ ബലിയാടുകൾ. തൊഴിലാളികളുടെനേരെ രാജനു വല്ലാത്ത അനുകമ്പ തോന്നി.

അതാ അവരെത്തിക്കഴിഞ്ഞു. മുന്നിലെത്തുന്ന ഒരു വലിയ ചെങ്കൊടി ഉയർത്തിപ്പിടിച്ചിട്ടുണ്ട്. പുറകേ എന്തുമാത്രം ആളുകളാണെന്നോ അണിനിരന്നു വരുന്നതു്. എല്ലാവരുടേയും മുദ്രാവാക്യങ്ങൾ മുഴക്കുന്നുമുണ്ട്. പലരുടെകയ്യിലും ചെറിയ ചെങ്കൊടികളും, പ്ലക്കാർഡുകളും കാണാം. ആകെക്കൂടി ഒരു ചന്തമുണ്ട്–കാണാൻകൊള്ളാം. എങ്കിലും കുഴപ്പമുണ്ടാക്കുകയെന്നതിൽകവിഞ്ഞു് എന്തുണ്ട് ഇവർക്ക് ഉദ്ദേശം?.....പാവപ്പെട്ട ബലിയാടുകൾ!

പക്ഷെ കാതുകളെ തുളച്ചുകയറുന്ന ആ മുദ്രാവാക്യങ്ങൾ രാജൻെറ ഹൃദയത്തെ ഒട്ടൊക്കെ ആവേശഭരിതമാക്കുകതന്നെചെയ്തു. അതെ, അവയ്ക്കർത്ഥമുണ്ട്; എന്തൊക്കെയോ കൊള്ളാവുന്നകാര്യങ്ങൾ അവയുൾക്കൊള്ളുന്നുണ്ടെന്നു തീർച്ച. എങ്കിലും അവയുടെ അർത്ഥം മനസ്സിലാക്കിയാണോ ആ തൊഴിലാളികൾ ഇത്ര വീറോടെ അവ ഏററുപറയുന്നതു? പാവപ്പെട്ട ബലിയാടുകൾ!

യോഗം ആരംഭിച്ചുകഴിഞ്ഞു. മേശപ്പുറത്തുനിന്നുകൊണ്ട് ഒരു മനുഷ്യൻ പ്രസംഗിക്കുകയാണ്. എന്താണയാൾ പറയുന്നതു? രാജൻ ചെവിയോർത്തു.........പണിമുടക്കുവാനുള്ള കാരണമോ! മുതലാളി നോട്ടീസുകൂടാതെ എൺപതു തൊഴിലാളികളെ പിരിച്ചുവിട്ടുവത്രേ; തന്മൂലം അഞ്ഞൂറാളോളംപേർ ആറുദിവസമായി പട്ടിണിയിലാണത്രെ



ബ്രിട്ടൻെറ പുതിയ സൂപ്പർടാങ്ക്–"50 ടൺ സെൻറൂറിയൻ" ആണു ബ്രിട്ടൻ പുതുതായി നിർമ്മിച്ചിട്ടുള്ള സൂപ്പർടാങ്ക്. രഹസ്യമായി വച്ചിരുന്ന ഇതിനെപ്പററിയുള്ള വിവരങ്ങൾ ഈയിടെമാത്രമാണ് പരസ്യപ്പെടുത്തിയതു്. യുദ്ധാവസാനത്തിനുശേഷം വലിയതോതിൽ നിർമ്മിച്ചിട്ടുള്ള ടാങ്കുകൾ ഇതുമാത്രമാണ്. റോൾസ് റോയ്സ് മെർലിൻ എയിറോ എൻജിൻെറ മറെറാരു മാതൃകയായ മിററിയോർ എൻജിനാണിതിൽ ഘടിപ്പിച്ചിട്ടുള്ളതു്. കവചിതസേനയുടെ സ്റ്റാൻഡാർഡ് ടാങ്കായ സെൻട്യൂറിയൻ കഴിഞ്ഞകൊല്ലം പശ്ചിമജർമ്മനിയിൽ നടത്തിയ ബ്രിട്ടീഷു സൈനികപ്രകടനങ്ങളിൽ പ്രദർശിപ്പിക്കുകയുണ്ടായി.

"ശരത്ചന്ദ്രാ ചിട്ടിഫണ്ടു" വക്കല
എ. ബി. സി. ക്ലാസ്സുകളിലായി
**4000 രൂപായുടെ**
പ്രതിമാസലേലച്ചിട്ടി ഉടനെതുടങ്ങുന്നു

| | | | | | |
|---|---|---|---|---|---|
| A | പ്രതിമാസം | 20 രൂപാവീതം | 50 മാസം | മുതൽ | 1000 X 2 |
| B | " | 10 | " | " | 500 X 3 |
| C | " | 5 | " | " | 250 X 2 |

രണ്ടണാ സ്റ്റാമ്പുസഹിതം ആവശ്യപ്പെട്ടാൽ വരിസംഖ്യയും മററുവിവരങ്ങളും അയച്ചുതരുന്നതാണ്.

മാനേജർ, കെ. നീലകണ്ഠപ്പിള്ള,
ശരത്ചന്ദ്രാ ചിട്ടിഫണ്ട്, വക്കല.

അഞ്ഞൂറുപേർ പട്ടിണിയിലോ? അയ്യോ–അതെന്തൊരു ഭീകരമായ അവസ്ഥയാണെന്നു രാജൻ ഓർത്തു. നാലുനേരം സുഖമായി ആഹാരംകഴിച്ചുജീവിക്കുന്ന തനിക്കു് പട്ടിണിയെപ്പററി ഇതേവരെ ആലോചിക്കേണ്ടിവന്നിട്ടേയില്ല. ഇവിടെയിതാ അഞ്ഞൂറുപേർ പട്ടിണികിടക്കുകയാണത്രേ - അതും ആറുദിവസമായിട്ട്.

മിൽ പൂട്ടിയിടുമെന്നു മുതലാളി നോട്ടീസ്സിട്ടിരിക്കുന്നു. അങ്ങനെ ആ ഫാക്ടറിയിലെ അഞ്ഞൂറിലധികം തൊഴിലാളികളും, അവരെ ആശ്രയിച്ചുകഴിയുന്ന മൂവായിരത്തിലധികം ആളുകളും തൊഴിലില്ലായ്മയിലേയ്ക്കും പട്ടിണിയിലേയ്ക്കും നീങ്ങുകയാണ്. ഉണ്ടാക്കിവച്ചിരിക്കുന്ന വസ്ത്രങ്ങൾ ചെലവാകാത്തതുകൊണ്ടാണത്രേ മുതലാളി മിൽ അടയ്ക്കുവാൻപോകുന്നതു്!

രാജനു കാര്യങ്ങളൊന്നും മനസ്സിലായില്ല. വലിയ വസ്ത്രക്ഷാമമാണു നാട്ടിലെങ്ങും. കരിഞ്ചന്തയിലൂടെമാത്രമേ ആവശ്യത്തിനുവേണ്ട തുണി കിട്ടുകയുള്ളു. കഴിഞ്ഞമാസം താൻ കുറേ തുണിവാങ്ങാൻ എന്തുപാടുപെട്ടെന്നോ? ഇപ്പോൾ ഈ മില്ലുടമസ്ഥൻ മിൽ പൂട്ടിയിടുന്നതു വസ്ത്രം ചെലവാകാത്തതുകൊണ്ടാണുപോൽ! ഇതെന്തൊരുഭയങ്കരമായ നേരംപോക്കാണ്? രാജൻ അമ്പരന്നുപോയി.

തൊഴിലാളികളെസംബന്ധിച്ചുള്ള തൻെറ ധാരണകൾ മുഴുവൻ തെററുകയാണല്ലോ. അവർ പാവപ്പെട്ട ബലിയാടുകളാണോ? തീച്ചയായും അല്ല. ഇത്തരം ഭയങ്കരമായ നേരംപോക്കുകളിൽനിന്നും മനുഷ്യരാശിയെ മോചിപ്പിക്കുവാൻവന്ന ദേവദൂതന്മാരാണവർ എന്നു രാജനു തോന്നിപ്പോയി.

മേശപ്പുറത്തുനിന്നു പ്രസംഗിക്കുന്ന മനുഷ്യൻ പ്രസംഗം തുടരുകയാണ്. ഇടയ്ക്കിടയ്ക്കു പ്രോത്സാഹജനകങ്ങളായ കയ്യടികളും, മുദ്രാവാക്യഘോഷങ്ങളുംമററും സദസ്യർ നടത്തുന്നുമുണ്ട്. ആകെ ആവേശം! രാജനും ഇളകിപ്പോയി. ഇവരോടൊത്തുചേർന്നാൽ!...ഇവരുടെ മഹത്തായ ഈ വിമോചനസമരത്തിൽ പൂർണ്ണമായും അങ്ങു പങ്കുകൊണ്ടാൽ!...സമത്വയുടേയും സമാധാനത്തിൻേറതുമായ ഒരു പുതിയലോകം സൃഷ്ടിക്കുവാൻ തൻെറ കഴിവുകൾകൂടി വിനിയോഗിച്ചാൽ!..............

അകലെ ടവ്വർക്ലാക്കിലെ മണി എട്ടടിക്കുന്ന ശബ്ദം രാജൻെറ ചിന്തകൾക്കു വിരാമമിട്ടു. ഹൃദയത്തെ പഴയസ്ഥാനത്തുറപ്പിച്ചുകൊണ്ട്, ഗൃഹത്തിലേക്കു മടങ്ങുവാനുള്ള സമയമായി. രാജൻ എഴുന്നേററു. അപ്പോഴും തൊഴിലാളിനേതാവു് പ്രസംഗിക്കുകയാണ്–ആവേശം തുളുമ്പുന്ന പ്രസംഗം. പരമാർത്ഥങ്ങൾ പലതും എണ്ണിയെണ്ണി അയാൾ പറയുകയാണ്. അതെല്ലാം കൂടി കേൾക്കുവാൻ രാജനു് ആഗ്രഹംതോന്നി, പക്ഷേ മണി എട്ടായി. ഇനിയുമവിടെനിന്നാൽ തൻെറ ദിനകൃത്യങ്ങളൊക്കെ തെററും.

കൃത്യം എട്ടരയായപ്പോൾ രാജൻ തൻെറ മുറിയിൽ എത്തി. വസ്ത്രങ്ങൾ മാററി, ആഹാരംകഴിക്കുവാൻ അരമണിക്കൂർ വേണ്ടിവന്നു. അപ്പോഴും രാജൻെറ ചിന്ത പട്ടിണികിടക്കുന്ന അഞ്ഞൂറു തൊഴിലാളികളെ വട്ടമിട്ടു പറക്കുകയായിരുന്നു. ആഹാരങ്ങൾ അയാൾക്കത്ര രുചികരമായി തോന്നിയില്ല–ഇഷ്ടമുള്ള പദാർത്ഥങ്ങളാണ് വിളമ്പിയിരുന്നതെങ്കിലും.

രാവിലെ വായിച്ചുകൊണ്ടിരുന്ന നോവലിലെ ബാക്കിപുറങ്ങൾകൂടി വായിച്ചുതീർക്കുകയായിരുന്നു രാജൻെറ അടുത്ത ഉദ്യമം. പതിനഞ്ചുമിനിട്ടുകൾക്കുള്ളിൽ ആ ജോലിതീർന്നു. അന്നു് ഇനി മറെറാരുജോലിയും ചെയ്യുവാനുണ്ടായിരുന്നില്ല. തലേന്നാൾ നിശ്ചയിച്ച കാര്യങ്ങൾ മുഴുവൻ ചെയ്തുതീർത്തുകഴിഞ്ഞു. ഇനി ഒന്നേകാൽമണിക്കൂറുണ്ട് ഉറങ്ങുന്നതിനുമുമ്പു്.

അപ്പോഴാണ് താൻ അന്നത്തെഡയറി കുറിച്ചില്ലെന്നകാര്യം ഓർമ്മവന്നതു്. അതു ചെയ്യുവാൻ വളരെസമയം ആവശ്യമായിരുന്നില്ല. പത്തുമിനിട്ട്! വെടിപ്പുള്ള വാചകങ്ങളിൽ വടിവൊത്ത അക്ഷരങ്ങളിൽ ആ ഒരുദിവസം താൻ ചെയ്ത പ്രവൃത്തികൾ കുറിച്ചുകഴിഞ്ഞപ്പോൾ, ഒരു തിരിഞ്ഞുനോട്ടം നടത്തുവാൻ രാജൻ പ്രേരിതനായി. കഴിഞ്ഞ പന്ത്രണ്ടുമണിക്കൂറുകൾക്കുള്ളിൽ, സമയനിഷ്ഠയോർത്തു് പലതും ചെയ്തിരിക്കുവാനൊന്നത്തെങ്കിലും, കാമ്പുള്ള കാര്യമെന്തെങ്കിലും നിർവ്വഹിച്ചുവോ? ഏറെനേരം രാജൻ ആലോചിച്ചുനിന്നു്. അയാൾക്കതിനു മറുപടി പറയുവാൻ ഉണ്ടായിരുന്നില്ല.

പുറത്തു് റോഡിലൂടെ പോകുന്ന ഓരോ മനുഷ്യരേയും, അവരുടെ ഓരോ ചെയ്തികളേയും സൂക്ഷിച്ചുനോക്കിക്കൊണ്ട് രാജൻ ജനാലയിൽ ഇരിപ്പുറപ്പിച്ചു. ലോകം ഉണരുന്നതു എന്തു പെട്ടെന്നാണെന്നോ? പക്ഷെ ഉറക്കത്തിനു് എന്തു താമസംപിടിക്കുന്നു! രാജനു അതു തീരെ ഇഷ്ടമായില്ല. ഒരു ചിട്ടയൊക്കെ വേണ്ടേ?......

മണി പത്തര! ടൈംപീസ് എന്തു കൃത്യമായാണതിൻെറ ജോലിചെയ്യുന്നതു്! മനുഷ്യൻ അതിനെകണ്ടു കുറെയൊക്കെ പഠിക്കേണ്ടതാണെന്നു രാജനു തോന്നി.

പിറേറന്നുരാവിലെ ആറരമണിക്കു അടിക്കുവാൻ അലാറംതയാറാക്കിവച്ചിട്ട്, കട്ടിലിൽ കയറിക്കിടന്നു പുതപ്പുവലിച്ചു മൂടിയപ്പോൾ അടുത്തദിവസം കൃത്യസമയത്തു എഴുന്നേല്ക്കുന്ന കാര്യംമാത്രമേ രാജൻെറ മനസ്സിലുണ്ടായിരുന്നുള്ളു.

–o–

# ഗ്രന്ഥവിഹാരം

## കേരളോപഹാരം

മദിരാശി കേരളസമാജംവക 11-ാംവാർഷികപ്രസിദ്ധീകരണം
1125
മദിരാശി കേരളസമാജം വേപ്പേരി മദിരാശി
വില ക്രു: 1. അ: 8.

പ്രസിദ്ധീകരണങ്ങളുടെ ഉള്ളടക്കം മാത്രമല്ല, പ്രസാധകർക്കു കലാവബോധമുണ്ടെങ്കിൽ അതിനൊപ്പിച്ചു അതിന്റെ ബാഹ്യവിധാനവും വിലോചനാസേചനകമാക്കാമെന്നു ഇക്കൊല്ലത്തെ കേരളോപഹാരം കാണുന്നമാത്രയിൽ ആരും സമ്മതിക്കാതിരിക്കയില്ല. മലയാളഭാഷയിലെ ഗ്രന്ഥങ്ങൾക്കു, ഇതരഭാഷാപ്രസിദ്ധീകരണങ്ങളുമായി അന്തസ്സുതത്തെ സംബന്ധിച്ചിടത്തോളം അത്ര വലിയ അന്തരം കല്പിക്കാനൊന്നുമില്ലെങ്കിലും നമ്മുടെ അച്ചടിശാലക്കാരുടെ പ്രാചട്ടയുമണിഞ്ഞു പുറത്തിറങ്ങുന്ന ആ പ്രസിദ്ധീകരണങ്ങളുടെ വൿത്രുകടുകളെപ്പററി ഒന്നും പറയാതിരിക്കയാണു ഭേദം. ഗ്രന്ഥപ്രസിദ്ധീകരണപരമായ ഈ പീററത്തരം ഈയിടെയായി ഒട്ടൊക്കെ പരിഹരിച്ചുവരുന്നുണ്ടെന്നുള്ളതു് സന്തോഷകരമായ ഒരുകാര്യമാണ്. ഇതിൽ ആകർഷകവും അഭിലഷണീയവുമായ പദ്ധതി മദിരാശിയിലെ കേരളസമാജക്കാർ മലയാളത്തിനു തുറന്നുതരികയാണു കേരളോപഹാരംകൊണ്ടു സാധിക്കുന്ന ഒരു പ്രധാന സംഗതി.

വാർഷികപ്രസിദ്ധീകരണം മലയാളത്തിൽ ക്ഷേത്രങ്ങളിലേയും പള്ളികളിലേയും ഉത്സവങ്ങളും പെരുനാളുകളുംപോലെആയിത്തീർന്നിട്ടുണ്ടെങ്കിലും കൊടിയേററചടങ്ങും നമ്പർവേണം കൊമ്പുവിളിക്കാൻ എന്ന കാരണമക്രമവും അതേപടി തുടർന്നുവരികയാണ്. കേരളോപഹാരത്തിലെ ഉള്ളടക്കം പരിശോധിച്ചാൽ വിഷയവൈവിധ്യത്തോടുകൂടിയ ഒരു കലാസംവിധാനമാക്കി ആ വിധത്തിലും അതിന്റെ മേന്മ വർദ്ധിപ്പിച്ചിട്ടുണ്ട്. സാഹിത്യത്തിലെ മഹാരഥന്മാർ വേണ്ടത്ര മുന്നണിയിൽ വന്നുനിരന്നിട്ടില്ലെന്നു പറയണം. പക്ഷേ, അതിൽ പ്രസാധകരുടെ ശ്രമക്കുറവില്ലെന്നു പ്രസ്താവനകൊണ്ടു തെളിയും. കലാരസികതനിറഞ്ഞ നൃത്തവേലയിൽ ഏറ്റപ്പെട്ട ഒരു കാമനീയകധാമത്തിന്റെ ലളിതലജ്ജപുരണ്ട കൺകോണെറിയേററുകൊണ്ടുള്ള ഉത്സാഹപ്രകർഷത്തോടുകൂടി അന്തർഭാഗത്തിലേക്കു പ്രവേശിക്കുന്ന അനുവാചകനു, ഐക്യകേരളത്തിനു വാപൊളിച്ചിരിക്കുന്ന ആ ഹാസ്യചിത്രം രസാത്മകമായ ഒരു കലാവിഭവമായി അനുഭവപ്പെടാതിരിക്കയില്ല. ചെറുകഥകൾ, ഏകാങ്കങ്ങൾ, കവിതകൾ കലാവിമർശങ്ങൾ ജീവചരിത്രങ്ങൾ തുടങ്ങിയവയെ പ്രതിനവരസമുൾക്കലരുംവിധം പ്രസാധനംചെയ്തിരിക്കുന്ന മദിരാശി കേരളസമാജക്കാരുടെ ഈ പ്രതിവർഷസംഭാവന കൈരളിക്കു വലിയ നേട്ടമായിട്ടാണു പരിഗണിക്കേണ്ടതു്.

## വിജയരശ്മി

—o—

ഗ്രന്ഥകർത്താ
വി. എസ്സ്. രാജാ

പ്രസാധകർ:—
കമലാലയബുക്കഡിപ്പോ,
തിരുവനന്തപുരം.
വില ൧൨-ണ.

അവതാരികകൊണ്ടു കൈരളീക്ഷേത്രത്തിലെ കന്നിനെയ്യമ്പുകാരനല്ലെന്നു വെളിപ്പെട്ടുന്ന ശ്രീ: വി. എസ്സ്. രാജാ ആസ്ഥാനമഹാകവിയുടെ ആശംസയും ഡാക്ടർ ചേലനാടന്റെ അഭിനന്ദനവും നേടിനിന്നാണു വിജയരശ്മി പ്രകാശിപ്പിച്ചിട്ടുള്ളതു്. കലയെ സൌന്ദര്യാത്മകമായി സമാരാധനംചെയ്ക അല്ലെങ്കിൽ സാമാസ്വാദനംചെയ്ക എന്ന വിധമാണു അദ്ദേഹം സ്വീകരിച്ചിട്ടുള്ളതെന്നുതോന്നുന്നു അങ്ങനെ ഒരു സൌന്ദര്യരസായനം പാകപ്പെടുത്തിയതിൽ ദാരിദ്ര്യത്തിന്റെ പൊടിച്ചുചേപ്പുകൊണ്ടു അല്പമൊരു കട്ടരസംകലർന്നുപോയിട്ടുണ്ടെങ്കിലും ഇന്നത്തെ ആളുകൾക്കു രുചിക്കുന്ന പ്രിയപ്പെട്ടുന്ന മയക്കമരുന്നുകളൊന്നും ഇതിൽ ചേർത്തിട്ടില്ലെന്നു, അങ്ങനെ ചിലവുവർദ്ധിപ്പിക്കാൻ നോക്കിയിട്ടില്ലെന്നുപറയാനുള്ളതാണ്.

കിളികൾപാടിടുംവല്ലികളാടിടും
കുളിരിളംതെന്നൽ മന്ദമായ് വീശിടും
മലർവിരിയും മരന്ദംചൊരിഞ്ഞിടും
പുലരിയിൽപുതുസൌരഭംതൂന്നിടും

എന്നീ ക്രമത്തിൽ പ്രകൃതിസൌന്ദര്യത്തെ ശ്രീ ചങ്ങമ്പുഴ ഉഴുതുമറിച്ചിട്ട ചാലുകളിൽക്കൂടെ പിൻപേ ശമിക്കുന്നതിൽ കവിഞ്ഞ പുതുമയൊന്നും ഇന്നത്തെ പ്രകൃതിഗായകന്മാർ നമ്മെ അനുഭവപ്പെടുത്തുന്നില്ല. രാജായും

പച്ചിലക്കാട്ടിന്നിടയിലൂക്കൂടി
പൊട്ടിച്ചിരിച്ചുകൊണ്ടു നടപ്പോകും
കൊച്ചുപൂഞ്ചോലകളൊക്കമാനം
സ്വച്ഛസംഗീതധ്വനിപൊഴിച്ചു
നാടനംകണ്ടുതെളിഞ്ഞുനിന്നീ-
ക്കാനനലക്ഷ്മീസമുല്ലസിക്കെ

എന്നിങ്ങനെ സൌന്ദര്യാനുഭൂതികളെ തികട്ടിച്ചു വയ്ക്കുകയാണു ഇതിൽ ചെയ്തിട്ടുള്ളതു്. രാജായെ സംബന്ധിച്ചിടത്തോളം സന്തോഷപൂർവം ചില കാര്യം പ്രസ്താവിക്കാനുണ്ട്. അദ്ദേഹത്തിന്റെ കവിത പ്രസാദവതിയാണ്. നൃത്തശിക്ഷാക്രമത്തിലുള്ള പദംവെയ്പിൽ അതിന്റെ ലളിതപ്രകൃതിയും നല്ലപോലെ തെളിഞ്ഞുകാണാം. ഉത്കൃഷ്ടമായ ആദർശബോധവും മാതൃഭൂമിയോടുള്ള അഭിമാനാതിരേകവുംകൊണ്ടു ഉദ്ദീപിക്കുകയാണു വിജയരശ്മി. ആ ഭാവനയെ പ്രതിഭാസമുജ്ജ്വലമാക്കി ഒരു സംസ്കൃതി ചെയ്യുന്നതിനു വേണ്ടത്ര ശ്രമവും ക്ഷമയും അദ്ദേഹം പ്രദർശിപ്പിച്ചിട്ടില്ല.

—o—

## കിലുക്കാംപെട്ടി

—o—

ഗ്രന്ഥകർത്താ
ആർട്ടിസ്റ്റ്—നമ്മുടെ പത്രാധിപർ

പ്രസാധകർ
കൈരളിപ്രസ്സ് & ബുക്കഡിപ്പോ
എറണാകുളം

ഒരു സംഗീതവിദഗ്ദ്ധനു, സാഹിത്യരചനാവശമാകുക, ഒരു ചിത്രകാരൻസാഹിത്യോപാസനാകുക, രണ്ടും അസുലഭസംഭവമായിട്ടുകരുതണം. രസപ്രതീതിയെ ആവിഷ്കരിക്കുന്നതിനു് പ്രകൃത്യാതന്നെ ലബ്ധമായിരിക്കുന്ന വാസനയും പ്രേരണയും തദാപാദകമായ ഉപകരണങ്ങളിൽ അഭിക്ഷിതപാടവം സമ്പാദിച്ചുകൊടുക്കുന്നു. ആ പ്രകൃതിസിദ്ധിയിൽനിന്നുള്ള കയ്യോററവും മുന്നേററവും പലപ്പോഴും പലരിലും ചേരാത്തതായും നാം കണ്ടുവരുന്നു.

കിലുക്കാംപെട്ടി ഒരു ആർട്ടിസ്റ്റിന്റെ കലാശില്പമാണ്. അതിന്റെ ബാഹ്യവിധാനംതന്നെ അദ്ദേഹത്തിന്റെ ചിത്രകലാനൈപുണിയെ തെളിയിക്കുന്നു: അങ്ങിനെ ഒരു നല്ല ആർട്ടിസ്റ്റെന്നു പ്രതിഷേധഭയം കൂടാതെ പ്രസ്താവിക്കാവുന്ന ആ കലാകാരൻ ഗ്രന്ഥകർത്താവായി-ഒരു ചെറുകഥാകൃത്തായി കാണുക നമ്മെ അത്ഭുതാധീനമാക്കുന്ന ഒരു കാര്യംതന്നെയാണ്. പത്തു കഥകളാണു് കിലുക്കാംപെട്ടിയിലെ ഉള്ളടക്കം. ഇന്നത്തെ ചെറുകഥാപ്രസ്ഥാനത്തിന്റെ ഇന്നംതിരിച്ചുള്ള പട്ടിക ഹാജരാക്കി ലക്കം തിട്ടപ്പെടുത്തുവാനല്ല പോകുന്നതു്. നമ്മുടെ ചുററുപാടും നടക്കുന്നവയും നാംതന്നെ ബന്ധപ്പെട്ടുപോയിട്ടുള്ളവയുമായ സംഭവങ്ങൾക്കു കലാരൂപംകല്പിച്ചു് അവയെക്കൊണ്ടു രസിപ്പിക്കുക അല്പംവിഷമമുള്ള ഒരു പണിയാണ്. അങ്ങനെയുള്ള അനുഭൂതിയിൽനിന്നടലെടുത്തിട്ടുള്ള, ബസ്സിൽനിന്നു്, ചങ്ങമ്പുഴയുടെ കുപ്പി എന്നീ രണ്ടുകഥകൾ അസ്സലായിട്ടുണ്ടെന്നുവേണം പറയുവാൻ. ആർട്ടിസ്റ്റിന്റെ ഫലിതം ശുഷ്കമോ വികടമോ അല്ലെന്നുള്ളതാണ് വലിയ ഒരു മെച്ചം. സാഹിത്യസല്ലാപത്തിൽ ഒന്നാംതരം ഫലിതഗുണ്ടുകൾ, രസക്കുടുക്കകൾപോലെ അവിടവിടെ നിരത്തികാണാം. അതുപോലെ പല ജീവിതക്കാരുടേയും മർമ്മസ്ഥാനങ്ങൾ ചൂളിപ്പോകത്തക്കവിധം ആർട്ടിസ്റ്റിന്റെ തൂലികാകൗശലം പെരുമാറുന്നതു നല്ലനേരമ്പോക്കായി അനുഭവപ്പെടാതെയുമിരിക്കയില്ല. സ്ത്രീപാർട്ടിനെത്തേടിപ്പോകുന്ന ഭാഗവതരും കരിനുകനും തെളിഞ്ഞ ജീവൽപ്പാത്രങ്ങളായി പരിചയചക്രത്തിലൊട്ടിനിൽക്കുന്നു. ആർട്ടിസ്റ്റിന്റെ സുഖമുള്ള ഭാഷയും സരസമായ സംഭാഷണവും ഇതിനെ മനോഹരമാക്കുകയും ചെയ്യുന്നു.

(സി. എം. പി.)

—o—

## ഫിലിംവാർത്തകൾ

—o—

ഇക്കഴിഞ്ഞ മാർച്ച് ൨൭-ാംതീയതി തിരുവനന്തപുരത്തെ കാർത്തികത്തിരുനാൾ തിയേറററിൽവെച്ചു ശ്രീമതി വൈജയന്തിമാലയും പാർട്ടിയുംകൂടി നൃത്യകലാപ്രദർശനം നടത്തുകയുണ്ടായി. "വസന്തോത്സവം" "ചീരയ്ക്കു സപ്തം" "ഗ്രാമീണനൃത്തം" "മേർവാറിഡാൻസ്" "പാമ്പാട്ടിനാടകം" "ഭരതനാട്യം" എന്നിവ പ്രേക്ഷകരെ വളരെയധികം ആകർഷിക്കുകയുണ്ടായി.

*    *    *

"ചന്ദ്രിക എന്ന മലയാളചിത്രത്തിൽ വിക്രമൻനായർ, കൊട്ടാരക്കര ശ്രീധരൻനായർ, നംഗവള്ളി ആർ. എസ്. കുറുപ്പ്, രമണി, ആർ. മാലതി, ആർ. ശോഭി, വി. എൻ. ജാനകി, ലളിതം, പത്മിനി എന്നീ നടീനടന്മാർ അഭിനയിക്കുന്നതാണ്. വാഹിനി സ്റ്റുഡിയോവിലെ ഒരു എഞ്ചിനീയറായിരുന്ന ശ്രീനിവാസ രാഘവനാണു "ചന്ദ്രിക" ഡയറക്ട് ചെയ്യുന്നതു്.

*    *    *

"മംഗല്യവിധി"യുടെ നിർമ്മാണം പക്ഷിരാജസ്റ്റുഡിയോവിൽ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എൻ. എസ്. കൃഷ്ണനും ഈ ചിത്രത്തിൽ അഭിനയിക്കാൻ ഇടയുണ്ടെന്നു അറിയുന്നു.

*    *    *

കെ. ബി. സുന്ദരാംബാൾ, നാരായണറാവു, സുന്ദരിഭായി തുടങ്ങിയ താരങ്ങൾ അഭിനയിക്കുന്ന "ഔവ്വൈയാർ" എന്ന തമിഴ്ചിത്രം ഏപ്രിൽമാസത്തിൽ പ്രദർശനത്തിനു തയാറാകുന്നതാണ്.

*    *    *

"വാഴ്കൈ" എന്ന എ. വി. എം കമ്പനിക്കാരുടെ തമിഴ്ചിത്രത്തിന്റെ തെലുങ്കു പതിപ്പു് ഡയറക്ടർ മെയ്യപ്പചെട്ടിയാർ തയാറാക്കിക്കൊണ്ടിരിക്കുന്നു.

*    *    *

ജൂപ്പിറ്റർ കമ്പനിക്കാർ "മർമ്മയോഗി" "റാണി" എന്നു രണ്ടു ചിത്രങ്ങളുടെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. അഞ്ജലിദേവി, മാധുരി, എം. ജി. രാമചന്ദ്രൻ, സഹസ്രനാമം, ശാമാ എന്നിവർ മർമ്മയോഗിയിൽ അഭിനയിക്കുന്നതാണ്. ഭാനുമതിയായിരിക്കും "റാണി" എന്ന ചിത്രത്തിലെ നായികയും.

*    *    *

"പാരിജാത"ത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രാജമ്മ, ബി. എസ്. സരോജം, മഹാലിംഗം, നാഗർകോവിൽ മഹാദേവൻ, കൃഷ്ണൻ, മധുരം ലളിത, പത്മിനി, താരാ ചൌധരി ഇവരത്രെ നടീനടന്മാർ ചിത്രം കെ. എസ്. ഗോപാലകൃഷ്ണൻ ഡയറക്ട് ചെയ്യുന്നു.

*    *    *

മരുതനാട്ടു ഇളവരശിയുടെസെൻസറിങ്ങ് കഴിഞ്ഞു. ചിത്രത്തിന്റെ പ്രദർശനം ഉടനെ ആരംഭിക്കുന്നതാണ്.

*    *    *

സുപ്രസിദ്ധനടനായ രഞ്ജൻ നൃത്തകലയിൽ ബിരുദങ്ങൾ സമ്പാദിക്കുന്നതിനു് താമസിയാതെ ഇംഗ്ലണ്ടിലേക്കും പാരീസിലേക്കും യാത്രപുറപ്പെടുന്നതാണ്.

*    *    *

ഇന്ത്യയിലെ സിനിമാവ്യവസായത്തിൽപ്പെട്ട സംഘടനകളെല്ലാം കഴിഞ്ഞ ജനുവരിയിൽ ബോംബെയിൽവെച്ചു് സമ്മേളിച്ചു് ഒരു ഫിലിം ഇൻഡസ്ട്രി സിനിമാഫെഡറേഷൻ രൂപവൽക്കരിച്ചിരിക്കുന്നു.

*    *    *

സാഹു മോഡക്, മീനകുമാരി, മുതലായവർ അഭിനയിച്ചിട്ടുള്ള ഹിന്ദി വത്സലാകല്യാണത്തിന്റെ തമിഴ് പതിപ്പും തയാറാക്കിക്കൊണ്ടിരിക്കുന്നു.

*    *    *

എം. ആൻറ്. ടി. ഫിലിംസ് "നമ്മുടെ നാഹ്റു" എന്നൊരു ചിത്രം നിർമ്മിച്ചിരിക്കുന്നു.

*    *    *

പണ്ഡിതനെഹ്റുവിന്റെ അമേരിക്കൻ പര്യടനം പ്രദർശിപ്പിക്കുന്ന ഒരു ന്യൂസ്റീൽ എം. ജി. എം. എന്ന ഇംഗ്ലീഷ് ചലച്ചിത്രകമ്പനിക്കാർ പണ്ഡിററ് നെഹ്റുവിനു സംഭാവന ചെയ്തിരിക്കുന്നു.

*    *    *

ഫിലിംകർ കമ്പനിക്കാർ നിർമ്മിക്കുന്ന "ദീദർ" എന്ന പുതിയ ചിത്രത്തിൽ, അശോക്കുമാർ, ദിലീപ്കുമാർ, നർഗ്ഗീസ്, യാക്കൂബ്, നളിനിജയ്വന്ത് ബേബിതബസ്സ് എന്നിവർ അഭിനയിക്കുന്നതാണ്.

*    *    *

"ഹമാരാഘർ" എന്നൊരു പുതിയ ഹിന്ദിച്ചിത്രം കിഷോർസാഹു നിർമ്മിച്ചുകൊണ്ടിരിക്കുന്നു. യശോധരകട്ജു, ആഘ, ഡേവിഡ്, ഉല്ലാസ്ഖോട്ടെ, വീര, എന്നിവർ അഭിനയിക്കുന്ന ഈ ചിത്രം നാനാഭായി ഭട്ട് ഡയറക്ട്ചെയ്യുന്നതാണ്

*    *    *

ഫിലിംകർ കമ്പനിക്കാർ "ഷേർട്ടിഭായി" എന്നൊരു സാമൂഹ്യചിത്രം നിർമ്മിച്ചു തുടങ്ങിയിരിക്കുന്നു. സാധാരണജീവിതത്തെ അതേ പടി തന്നെ പകർത്തിക്കാണിക്കണമെന്നുള്ളതാണ് നിർമ്മാണകരുടെ ഉദ്ദേശം. നർഗ്ഗീസ്, ശ്യാം, യാക്കൂബ്, കരൺദിവാൻ, കുൽദീപ് സുരയ്യ ചൌധരി, ശ്യാമി എന്നീ പ്രമുഖതാരങ്ങളെല്ലാം ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

*    *    *

"സുധാർ" എന്നൊരു ഹിന്ദിച്ചിത്രം താമസിയാതെ റിലീസ് ചെയ്യപ്പെടുന്നതാണ്. വിംബട്ടക്ബട്ടാണ് ഈ ചിത്രം ഡയറക്ട്ചെയ്യുന്നതു്. യാക്കൂബ്, ഗോപ്, ആഗാ, ശാന്താറിൻ, അരുൺ, നിർമ്മല എന്നിവർ ചിത്രത്തിൽ അഭിനയിക്കുന്നു.

*    *    *

ടാൾവർ ഫിലിംസിന്റെ "കിലാരി" എന്ന ചിത്രത്തിൽ സുരയ്യാ, അശോക്കുമാർ, സുന്ദർ, ഇന്ദു, എരുച്ച്തരപ്പാൽ, കുമാർ എന്നീ നടീനടന്മാർ അഭിനയിച്ചുകൊണ്ടിരിക്കുന്നു.

*    *    *

എസ്. എസ്. വാസൻ അടുത്തതായി നിർമ്മിക്കുന്ന ചലച്ചിത്രത്തിൽ ശ്രീമതി എം. എസ്. സുബ്ബലക്ഷ്മി പ്രധാനഭാഗം അഭിനയിക്കുന്നതാണ്.

*    *    *

പ്രസിദ്ധ സിനിമാതാരമായ സവിതാദേവി ബോംബെയിലെ ഒരു ഇംഗ്ലീഷ് ഔഷധശാലയുടെ ഉടമസ്ഥനെ വിവാഹം കഴിക്കുന്നതാണ്.

*    *    *

ശ്രീമതി പന്നാദേവി എന്ന പ്രസിദ്ധ സിനിമാനടി പരേതയായിരിക്കുന്നു.

*    *    *

സേലം മോഡേൺ തിയേററിന്റെ ചിത്രങ്ങളിലെല്ലാം സ്ഥിരമായി അഭിനയിക്കുന്നതിനു നിയമിച്ചിരിക്കുന്ന കാളി എൻ. രത്നത്തിനെ പ്രസ്തുത സ്റ്റുഡിയോക്കാർ സസ്പെൻഷനിൽ നിർത്തിയിരിക്കുന്നു.

*    *    *

വർദ്ധിച്ചുവരുന്ന ഇന്ത്യയിലെ ജനസംഖ്യമൂലം ജനസംരക്ഷണത്തിനു നേരിടുന്ന പ്രയാസങ്ങൾ പൊതുജനങ്ങളെ കൂട്ടതലായി മനസ്സിലാക്കുന്നതും സന്താനനിയന്ത്രണത്തിന്റെ ആവശ്യത്തെ വെളിപ്പെടുത്തുന്നതുമായ ഒരു ഫിലിം ഇന്ത്യാഗവൺമെന്റിൽനിന്നും നിർമ്മിച്ചിരിക്കുന്നു. ഇതു് ഇന്ത്യയിലെ എല്ലാസ്ഥലത്തും പ്രദർശിപ്പിക്കുന്നതാണ്. ജനസംഖ്യയുടെ വർദ്ധനവിനെ നിരുത്സാഹപ്പെടുത്തണമെന്നുള്ളതാണു ചിത്രപ്രദർശനത്തിന്റെ ഉദ്ദേശം.

*    *    *

ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള നൃത്യരീതികൾ ന്യൂയോർക്കിലെ അമേരിക്കൻ മ്യൂസിയത്തിൽവെച്ചു് പ്രദർശിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ന്യൂയോർക്ക് സിററി കോർപ്പറേഷൻ തയാറാക്കിയിരിക്കുന്നു.

—o—

## നാളെ

—:*:—

(ടാഗോർ)
എൻ. ഭാർഗ്ഗവി

ഉഴലുമോമനജീവിതകോടികൾ
കഴലിണയിലമർന്നു ഞെരിയുംവ
ധരണിതന്നിളംപച്ചയിലാരക്ത-
നരകമുദ്രകൾ നീളെപ്പതിയവേ
വിഹസനംപൂണ്ടഹങ്കാരവീഥിയിൽ
വിഹതസഞ്ചാരംചെയ്യുന്നമാനവർ
അകമഴിഞ്ഞവരുല്ലസിക്കട്ടെയി-
പ്പകലിൻഭാഗ്യം തഴക്കുവോരാണവർ.
മതിമയങ്ങുന്നമോഹനകാന്തിയിൽ
കുതിയെഴുമ്പോളരക്ഷണമെങ്കിലും
നിഖിലനായക! നിൻപദചിന്തയാൽ
വികസിതമായിത്തീർന്നാവൂ! തന്മനം.
ദുരിതഭാരങ്ങൾ താങ്ങിത്തളർന്നുവീ-
ണിരവിലാഴമവശരൊന്നിച്ചുഞാൻ
മരുവിടുവാനനുഗ്രഹംനൽകയാൽ
നിരവധികം കൃതജ്ഞനാണെൻപ്രഭോ!
എരിപൊരിയും തൻവീപ്പുകളോരോന്നും
സ്ഫുരിതമായി നിൻഗൂഢനിശീഥയിൽ;
അലയിരമ്പുന്ന ഭർത്സനമൊക്കെയും
വിലയമാർന്നുനിൻ നിർമ്മലശാന്തിയിൽ.
ഹൃദയശോണകങ്ങളുഷസ്സിലെ
മുട്ടലഫുല്ലസുമങ്ങളായ് മിന്നുവാൻ
ദിനമണേ! ഭവാനായിരമായിരം
കനകരശ്മികൾവീശിയുദിക്കുക!
പൊടിപടലമായ് മായട്ടെ! വൻപിന്റെ
പടകൾവെട്ടിയ പന്തങ്ങളൊക്കെയും
പുലരുമാ "നാളെ" പാവങ്ങൾക്കായൊരു
വിലസുമാനന്ദസ്വർഗ്ഗംരചിക്കുവാൻ.

—o—

## കേരളത്തിലെ പ്രമുഖകേന്ദ്രങ്ങളിൽ മാർച്ച് 24-ാംനു
## മുതൽ പ്രദർശനം ആരംഭിച്ചിരിക്കുന്നു!

കേരളക്കരയിൽ നാടകലോകത്തിൽ അതിപ്രശസ്തി സമ്പാദിച്ച
സുപ്രസിദ്ധ കലാകാരനായ തിക്കുറിശ്ശി സുകുമാരൻ നായരാൽ വിരചിതമായ

## കോമളഫിലിംസിന്റെ

സുപ്രസിദ്ധ സാമുദായിക മലയാളചിത്രം

# സ്ത്രീ



ഡയറക്ഷൻ
**ആർ. വേലപ്പൻ നായർ**

സ്റ്റുഡിയോ
**ഉദയാ**

മെ: തിക്കുറിശ്ശി സുകുമാരൻനായർ,
വൈക്കം എം. പി. മണി,
അരവിന്ദാക്ഷമേനോൻ,
കുറിയാത്തി നീലകണ്ഠൻനായർ,
രാമൻനായർ,

ഓമല്ലൂർ ചെല്ലമ്മ,
രാധാദേവി,
സുമതി,
ഓമന
പൊൻകുന്നം സുമതി

തുടങ്ങിയ പ്രശസ്ത താരങ്ങൾ അതി തന്മയത്വമായി അഭിനയിച്ചത്.

★ ★ ★ ഡാൻസ് ★ ★ ★

പാശ്ചാത്യപര്യടനം നടത്തി പേരും പെരുമയും ആർജ്ജിച്ച

## മി. ആനന്ദശിവറാം & പാർട്ടി.

*For Bookings apply to:—*

**RADHAKRISHNA FILMS, ALLEPPEY.**

AZAD.


Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.